# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2022 ജൂലൈ 14 | ദീപം 55 | നാളം 19 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# മാധ്യമങ്ങളേ, നിങ്ങളുടെ മനഃസാക്ഷി എവിടെ?




ഡോ. ജോർജ് കാരാംവേലിൽ


നീതിന്യായവ്യവസ്ഥയും ഭരണനിർവഹണസഭയും നിയമനിർമാണസഭയും മാധ്യമമേഖലയും ഒന്നിച്ചുകൂടുന്ന ചതുർസ്തംഭങ്ങളാണല്ലോ ജനാധിപത്യവ്യവസ്ഥിതിയെ കറപുരളാതെയും പരിക്കു പറ്റാതെയും സൂക്ഷിക്കുന്നത്. ഇവയിൽ മാധ്യമങ്ങളാണ് മറ്റു മൂന്നു സംവിധാനങ്ങളെയും സംബന്ധിച്ചുള്ള യഥാർത്ഥവസ്തുതകൾ ബഹുജനശ്രദ്ധയിൽ കൊണ്ടുവരുന്നതും അവയെ വിലയിരുത്തുന്നതും എല്ലായ്പ്പോഴും ഒരു തിരുത്തൽശക്തിയായി നിലകൊള്ളുന്നതും. 2016 സെപ്തംബർ 22 ന് ഇറ്റാലിയൻ നാഷണൽ കൗൺസിൽ ഓഫ് ജേർണലിസ്റ്റ്സ് സംഘടനയിലെ (Italian National Council of the order of Journalists) 500 റിപ്പോർട്ടർമാരെ അഭിസംബോധന ചെയ്തുകൊണ്ട് ഫ്രാൻസീസ് മാർപാപ്പാ പറഞ്ഞു: "സത്യസന്ധത, പ്രഫഷണലിസം, മനുഷ്യത്വത്തോടുള്ള ബഹുമാനം, മനുഷ്യനന്മകളെ പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് മാധ്യമപ്രവർത്തനത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ. അപവാദം പ്രചരിപ്പിക്കുകയും ഭയം വിതയ്ക്കുകയും വൈകാരികചൂഷണം നടത്തുകയും ചെയ്യുന്ന മാധ്യമപ്രവർത്തനം ഭീകരപ്രവർത്തനമാണ്. വാർത്ത തെറ്റിയാൽ ഉടൻ തിരുത്തൽ കൊടുക്കാം. എന്നാൽ, വ്യാജവാർത്തകൾ വ്യക്തിക്കും പ്രസ്ഥാനത്തിനും സമൂഹത്തിനും ഉണ്ടാക്കുന്ന മാനഹാനി ഒരിക്കലും പരിഹരിക്കാനാവില്ല. അനീതിയായും അസത്യമായും മാന്യതയില്ലാതെയും വാക്കുകൾകൊണ്ടും ചിത്രങ്ങൾകൊണ്ടും വ്യക്തികളെയോ സമൂഹങ്ങളെയോ പ്രസ്ഥാനങ്ങളെയോ ആക്രമിക്കാനോ നശിപ്പിക്കാനോ മാധ്യമപ്രവർത്തനം ആയുധമാക്കരുത്."

വാർത്തകളും വീക്ഷണങ്ങളും വിശകലനങ്ങളും വിവരണങ്ങളും അറിവുകളും അനുഭവങ്ങളുമെല്ലാം ജനമനസ്സുകളിലേക്കു സത്യസന്ധമായി പകർന്നു നൽകുക എന്ന ദൗത്യം നിറവേറ്റുമ്പോഴാണ് മാധ്യമപ്രവർത്തനം അതിൽത്തന്നെ അർത്ഥപൂർണവും സർഗാത്മകവുമാകുന്നത്. വ്ളോഗുകൾ, വാട്ട്സാപ്പ് ഗ്രൂപ്പുകൾ, യൂട്യൂബ് ചാനലുകൾ, ടി.വി. ചാനലുകൾ, ന്യൂസ്പേപ്പറുകൾ, മാഗസിനുകൾ, സ്മാർട്ട് ഫോൺ, ഡെസ്ക് ടോപ് ആപ്പുകൾ ഇവയിലൂടെ അതിശക്തമായ രീതിയിലാണ് ആധുനികലോകത്തിൽ മാധ്യമപ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

എന്നാൽ, ആധുനികസമൂഹത്തിന്റെ പുഴുക്കുത്തുകൾ മാധ്യമമേഖലയെയും ബാധിച്ചിരിക്കുന്നു എന്നു തിരിച്ചറിയാൻ നാം വൈകിപ്പോയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സത്യസന്ധമായ കാഴ്ചപ്പാടുകളും വീക്ഷണങ്ങളും വിശകലനങ്ങളും തെളിവുകളും അറിവുകളും സമൂഹനന്മയ്ക്കായി പുറത്തുവിടേണ്ട മാധ്യമങ്ങൾ അതിനു തയ്യാറാവാതെ ലാഭക്കൊതിക്കും സെൻസേഷണലിസത്തിനുംവേണ്ടി സത്യങ്ങളെ അസത്യങ്ങളും അർദ്ധസത്യങ്ങളുമായി അവതരിപ്പിക്കുന്ന ദയനീയകാഴ്ച നാം കാണുന്നുണ്ടല്ലോ. റേറ്റിങ്ങിനുവേണ്ടി തത്ത്വദീക്ഷയില്ലാതെ പ്രവർത്തിക്കുന്ന ചാനൽ മുതലാളിമാർക്ക് സത്യത്തിന്റെയും സമാധാനത്തിന്റെയും അടിസ്ഥാനമര്യാദകൾപോലും നഷ്ടമായിരിക്കുന്നു.

### കൂലിയെഴുത്ത് ഒരു വിഷംചീറ്റൽ

ഒരു സംഭവത്തിന്റെയോ സാഹചര്യത്തിന്റെയോ വ്യക്തികളുടെയോ പ്രസ്ഥാനങ്ങളുടെയോ ആശയാദർശസംഹിതകളുടെയോ നിജസ്ഥിതിയെ ഒളിപ്പിച്ചും ഒപ്പം തങ്ങളുടെ സ്വാർത്ഥവും നിക്ഷിപ്തവുമായ താത്പര്യങ്ങളെ പ്രോത്സാഹിപ്പിച്ചും നടത്തുന്നവയത്രേ ആധുനികകാലഘട്ടത്തിലെ പല മാധ്യമ എഴുത്തുകുത്തുകളും.

പ്രമാദമായ പല കോടതിവ്യവഹാരങ്ങളിലും കോടതിയെപ്പോലും സ്വാധീനിക്കാനും തങ്ങളുടെ ചിന്തകൾക്കനുഗുണമായ വിധികൾ സമ്പാദിക്കാനും ഇന്നു കേരളത്തിലെ പല മാധ്യമപ്രവർത്തകരും ശ്രമിക്കുന്നതു നാം നേരിട്ടു കാണുന്നുണ്ടല്ലോ. മാധ്യമപ്രവർത്തനം ഇവർക്കു വെറും കൂലിപ്പണിയായി മാറുന്നു. സത്യവും നീതിയും യാഥാർത്ഥ്യങ്ങളും ഇവിടെ തമസ്കരിക്കപ്പെടുന്നു. സമൂഹത്തിന്റെ സ്വഭാവംപോലും നുണകളാലും അർദ്ധസത്യങ്ങളാലും സ്വാധീനിക്കപ്പെടുന്നു.

### മാധ്യമവിചാരണ നീതിന്യായനിഷേധം

കേരളത്തിലെ വാർത്താചാനലുകളുടെ അവതരണനടപടികൾ - ഏതു സംഭവത്തെക്കുറിച്ചായാലും - നീതിന്യായവ്യവസ്ഥയിലെ കോടതിനടപടികളുടെ തനിപ്പകർപ്പായി മാറിയിരുന്നു.

കുറ്റമറ്റ അന്വേഷണമില്ലാതെയും ശാസ്ത്രീയാപഗ്രഥനങ്ങളില്ലാതെയും സംഭവങ്ങളുമായി ബന്ധപ്പെട്ട കക്ഷികളുടെ സമ്മതമില്ലാതെയും സ്വയംപ്രേരിതവ്യാഖ്യാനങ്ങളും കല്പിതകഥകളും ചേർത്ത് ഒരു സെൻസേഷൻ സൃഷ്ടിക്കാനാണ് ഇന്നു കേരളത്തിലെ മാധ്യമങ്ങൾ ശ്രമിക്കുന്നത്.

സത്യസന്ധമായ മാധ്യമപ്രവർത്തനശൈലിക്കുമേൽ വന്നുഭവിച്ചിരിക്കുന്ന ഒരു അപഭ്രംശമാണ് ഇന്നു നടക്കുന്ന മാധ്യമവിചാരണസമ്പ്രദായം. സമൂഹമനഃസാക്ഷിക്കുമുന്നിൽ ഒരുവനെ അപരാധിയായും അപരനെ നിരപരാധിയായും അവതരിപ്പിക്കാൻ മാധ്യമമനഃസാക്ഷിക്ക് അധികാരമില്ല. കാരണം, അതു തികച്ചും ഏകപക്ഷീയവും കോടതിയുടെ ന്യായവിചാരണയുടെ പിൻബലമില്ലാത്തതുമാണ്. പരിഷ്കൃതസമൂഹത്തിനും വ്യക്തികൾക്കും അതു സ്വീകാര്യമോ ഭൂഷണമോ അല്ല.

### വൈവിധ്യങ്ങളുടെ അഭാവം

ഇന്ത്യയിൽ എണ്ണൂറ്റിയിരുപതോളം വാർത്താചാനലുകളും 36,000 ഓളം ആഴ്ചപ്പതിപ്പുകളും ആയിരക്കണക്കിനു വെബ് - പോർട്ടലുകളുമുണ്ട്. എന്നാൽ, ഇവയിൽ പലതും സ്വതന്ത്രമായ മാധ്യമപ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നില്ല. രാഷ്ട്രീയസ്വാധീനങ്ങളും ബാഹ്യസമ്മർദങ്ങളും ഇവയെ തത്ത്വാധിഷ്ഠിതമാധ്യമപ്രവർത്തനങ്ങളിൽനിന്നു തടയുന്നു. അവതരണത്തിലും വാർത്താവിതരണത്തിലും വൈവിധ്യങ്ങൾ സ്വീകരിക്കാൻ ഇവയ്ക്കാകുന്നില്ല.

### മാധ്യമപ്രവർത്തനം കോർപറേറ്റ് ബിസിനസ്

ആധുനികകാലഘട്ടത്തിൽ, മാധ്യമപ്രവർത്തനത്തെ ലാഭനഷ്ടങ്ങളുടെ കണ്ണുകളോടെ സമീപിക്കാനാരംഭിച്ചപ്പോൾത്തന്നെ സർഗാത്മകമാധ്യമ പ്രവർത്തനത്തിന്റെ ശക്തി ചോർന്നുപോയി. വ്യാപാരവ്യവസായസംരംഭങ്ങളുടെ പട്ടികയിൽ മാധ്യമപ്രവർത്തനങ്ങൾക്ക് ഇടംപിടിക്കേണ്ടിവന്നപ്പോൾ പ്രശസ്തിയുടെയും വ്യൂവർഷിപ്പിന്റെയും ലാഭത്തിന്റെയും കണക്കുകൾകൊണ്ട് മാധ്യമപ്രവർത്തനവും പ്രവർത്തകരും ശുഷ്കിച്ചുപോയി. വാർത്താവിതരണവും വസ്തുതാപഗ്രഥനവും എല്ലാം കോർപറേറ്റ് കമ്പനികളുടെ പ്രൊഡക്റ്റുകൾ മാത്രമായി. സത്യാസത്യങ്ങളുടെ വ്യാപാരമായി മാധ്യമപ്രവർത്തനം മാറി.


▶ 8




# ജീവന്റെ സപ്തസ്വരങ്ങൾ

കാഴ്ചയ്ക്കപ്പുറം



■ വീയെൻ

ചാരിത്ര്യം, ജീവിതവിശുദ്ധി, ദാമ്പത്യ വിശ്വസ്തത... പുതിയ കാലത്തെ പുതിയ തലമുറ വേണ്ടത്ര പ്രാധാന്യം കൊടുക്കാത്ത ചില ജീവിതസവിശേഷതകളും വ്യക്തിത്വമാഹാത്മ്യങ്ങളുമാണ് ഇവയെല്ലാം. ചില വനിതാപ്രസിദ്ധീകരണങ്ങൾ യുവജനങ്ങൾക്കിടയിൽ നടത്തുന്ന സർവ്വേയുടെ ഫലം വായിക്കുമ്പോൾ നാം തിരിച്ചറിയുന്ന ഒരു യാഥാർത്ഥ്യം മേല്പറഞ്ഞ സദാചാരസംഹിതകൾ പലതും ലംഘിക്കപ്പെടുന്നതിൽ പുതിയ തലമുറ അല്പംപോലും കുറ്റബോധമോ മനസ്താപമോ അനുഭവിക്കുന്നില്ല എന്നാണ്. വിവാഹപൂർവലൈംഗികതയും വിവാഹേതരബന്ധങ്ങളും ഗർഭച്ഛിദ്രവും തികച്ചും സ്വാഭാവികമായ പ്രക്രിയകളാണെന്നാണ് അമേരിക്കയിൽ അബോർഷൻ അനുകൂലികൾ മുഴക്കുന്ന മുദ്രാവാക്യം. എന്റെ ശരീരം എന്റെ അവകാശം എന്നതാണ് അതിലൊന്ന്. അബോർഷനെ തങ്ങളുടെ വ്യക്തിപരമായ സ്വാതന്ത്ര്യമായി അവരിൽ പലരും തെറ്റിദ്ധരിക്കുന്നു. ശരീരത്തിൽ അനാവശ്യമായി വളർന്നുവരുന്ന മുഴ നീക്കം ചെയ്യുന്ന ലാഘവത്തോടെയും അനിവാര്യതയോടെയുമാണ് അവരതിനെ കാണുന്നത്.

മലയാളസിനിമയുടെ തൊണ്ണൂറുകളിലും എൺപതുകളിലുമൊക്കെ നാം കൂടുതലായി കണ്ടുവന്നിരുന്നത് ചതിയിലോ പ്രണയത്തകർച്ചയിലോ കുടുങ്ങി ഗർഭവതിയാകുന്ന നായികമാർ ഒന്നുകിൽ രഹസ്യമായി പ്രസവിക്കുകയോ അല്ലെങ്കിൽ അപമാനം ഭയന്ന് ആത്മഹത്യ ചെയ്യുകയോ ചെയ്യുന്നതായിരുന്നു. പവിത്രൻ - എം.ടി. കൂട്ടുകെട്ടിൽ പിറന്ന ഉത്തരം എന്ന സിനിമ നോക്കുക. അതിൽ സ്കൂൾവിദ്യാർത്ഥിനിയായിരിക്കവേ അബദ്ധത്തിൽ ഗർഭിണിയാവുകയാണ് നായിക. എന്നാൽ, കുഞ്ഞിനെ അബോർട്ട് ചെയ്യാൻ അവൾ തയ്യാറാകുന്നില്ല. ദൂരെയൊരിടത്ത് രഹസ്യമായി പ്രസവിക്കുന്നു. വർഷങ്ങൾക്കുശേഷം പുതിയൊരു ജീവിതത്തിലേക്ക് അവൾ പ്രവേശിക്കുന്നു. എന്നാൽ, താൻ പ്രസവിച്ച കുഞ്ഞിനെ വളരെ പരിതാപകരമായ ഒരു സാഹചര്യത്തിൽ കാണേണ്ടിവരുന്ന അവൾ ഒടുവിൽ ആത്മഹത്യ ചെയ്യുന്നു.

ഉത്തരം കഴിഞ്ഞ് എത്രയോ വർഷങ്ങൾക്കുശേഷം പുറത്തിറങ്ങിയ നോട്ട്ബുക്ക് എന്ന സിനിമയിലും വിദ്യാർത്ഥിനിയായിരിക്കേ കാമുകനിൽനിന്നു ഗർഭിണിയാകുന്ന ഒരു പെൺകുട്ടിയെ കാണാം. പക്ഷേ, ഉത്തരത്തിൽനിന്നു വ്യത്യസ്തമായി അവൾ പ്രസവിക്കാൻ തയ്യാറാകുന്നില്ല. മറിച്ച്, കൂട്ടുകാരികളുടെ പ്രേരണയാൽ അബോർഷനു വിധേയയാവുകയും അതിൽ അവൾ കൊല്ലപ്പെടുകയും ചെയ്യുന്നു.

ജീവനു നേരേയുള്ള വ്യത്യസ്തങ്ങളായ രണ്ടു സമീപനങ്ങളാണ് ഇവിടെ കാണാൻ കഴിയുന്നത്. പ്രിക്കോഷൻ എടുത്തും സുരക്ഷിതദിവസങ്ങൾ നോക്കിയും രതി ആഘോഷിക്കുന്ന കാമുകീകാമുകന്മാരും വിവാഹേതരബന്ധങ്ങളും മലയാളസിനിമയിൽ ഇന്ന് കുറവൊന്നുമല്ല. സാറാസ് എന്ന സിനിമതന്നെ ഉദാഹരണം. പ്രതിശ്രുതവരന്റെ അടുക്കൽ രാത്രികാലം ചെലവഴിക്കാൻ വരുന്ന നായിക ഒരു സാഹചര്യമുണ്ടായാൽ, ഗർഭം ധരിക്കാതിരിക്കാനുള്ള മുൻകരുതലെടുക്കുന്നുണ്ട്. പിന്നീട് വിവാഹിതരായപ്പോൾ സ്വാഭാവികമായും സംഭവിക്കുന്ന ഗർഭധാരണത്തെ അംഗീകരിക്കാൻ തയ്യാറാകാതെ കുഞ്ഞിനെ അബോർഷൻ നടത്താൻ തീരുമാനിക്കുകയാണ് സാറാ. അതിനവളെ പ്രേരിപ്പിക്കുന്നതാവട്ടെ കരിയറിനോടുള്ള പാഷനും. കുട്ടിയും കരച്ചിലുമായി വീട്ടിൽ ഒതുങ്ങിക്കൂടി ജീവിതം പാഴാക്കാതെ മികച്ച സംവിധായികയായി മാറുന്ന അവളെ ബന്ധുമിത്രാദികൾ കൈയടിച്ചു സ്വീകരിക്കുന്നതോടെയാണു ചിത്രം അവസാനിക്കുന്നത്. ഈ കൈയടി യഥാർത്ഥത്തിൽ സാറായുടെ കരിയറിനോ നേട്ടത്തിനോ മാത്രമല്ല, അവൾ കൈക്കൊണ്ട അബോർഷൻ എന്ന തീരുമാനത്തിനുകൂടിയാണ് എന്നു വരുന്നിടത്താണ് നമുക്കു ഞെട്ടലുണ്ടാകുന്നത്. സ്ത്രീയുടെ വിജയം എന്നത് അവളുടെ കരിയറും പ്രഫഷണൽ വിജയങ്ങളുമാണെന്നു വരുത്തിത്തീർക്കുകയും അതിനു വിഘാതമായി വരുന്നതെന്തും അറുത്തുമാറ്റുകയും വേണ



മെന്നുമാണ് സാറാസ് നല്കിയ പ്രതിലോമകരമായ സന്ദേശം. കരിയറിനുവേണ്ടി കുഞ്ഞിനെ വേണ്ടെന്നു വയ്ക്കുന്ന അഭിനവസാറാമാർ മറന്നുപോകുന്നത് രണ്ടു മക്കളെ പ്രസവിക്കുകയും ഇന്ത്യൻരാഷ്ട്രീയത്തിൽ സജീവമായ ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്ന ഇന്ദിരാഗാന്ധിയെയും സോണിയാ ഗാന്ധിയെയുംപോലെയുള്ള സ്ത്രീരത്നങ്ങളെയാണ്. കുടുംബത്തിനുവേണ്ടി, സ്ത്രീത്വത്തിനുവേണ്ടിക്കൂടി ജീവിക്കാൻ സമയം കണ്ടെത്തി എന്നതാണ് അവരുടെ രാഷ്ട്രീയത്തോടു വിയോജിക്കുന്നവർക്കുപോലും നിഷ്പക്ഷമായി വിലയിരുത്താൻ കഴിയുന്ന നന്മ.

ജിസ് ജോയിയുടെ ഏറ്റവും പുതിയ സിനിമയായ ഇന്നലെവരെ എന്ന സിനിമയിലെ കേന്ദ്രകഥാപാത്രമായ സിനിമാതാരവും ഇതേ വഴിക്കുതന്നെയാണ് തുടക്കത്തിൽ സഞ്ചരിക്കുന്നത്. വിവാഹാലോചനയോളം എത്തുന്ന ഒരു സ്നേഹബന്ധം ഉണ്ടായിരിക്കെത്തന്നെയാണ് ചലച്ചിത്രതാരവും ഭർതൃമതിയുമായ കാർത്തിയോട് അയാൾ രഹസ്യബന്ധം പുലർത്തുന്നത്. ഭർത്താവ് ഗൾഫിലായതുകൊണ്ട് അവരുടെ സ്വൈരജീവിതത്തിനു തടസ്സങ്ങളും ഉണ്ടാകുന്നില്ല. പക്ഷേ, എല്ലാം പ്ലാൻ ചെയ്തിട്ടും കാർത്തി ഗർഭിണിയാകുന്നു. ഭർത്താവ് അരികിലില്ലാതെ ഒരു ഭാര്യ ഗർഭിണിയാകുമ്പോൾ ഉണ്ടാകാനിടയുള്ള അപമാനത്തെയും സ്വന്തം സൽപ്പേരിനെയും ഭയന്ന് കുട്ടിയെ അബോർട്ട് ചെയ്യാനുള്ള തീരുമാനം ഏകപക്ഷീയമായി നടപ്പാക്കുകയാണ് കാർത്തി. ഗർഭച്ഛിദ്രത്തിനുള്ള മരുന്നുമായി എത്രയും പെട്ടെന്ന് തന്റെ അടുക്കലെത്തണമെന്നാണ് ഫോണിലൂടെയുള്ള കാർത്തിയുടെ നിലവിളി. ആ നിലവിളിക്ക് ഉത്തരം തേടുന്ന നായകൻ അപ്രതീക്ഷിതമായി മറ്റൊരു അപകടത്തെ നേരിടുന്നു. അതവിടെ നില്ക്കട്ടെ. ചിത്രത്തിന്റെ ഏക പോസിറ്റീവ് എന്നു പറയാവുന്നത് സ്വന്തം തെറ്റു മനസ്സിലാക്കി രഹസ്യബന്ധം അവസാനിപ്പിച്ച് കാർത്തിയും നായകനും വിവാഹിതരാകാൻ തീരുമാനിക്കുന്നതാണ്. സ്വാഭാവികമായും അബോർഷൻ അവർക്കിടയിൽ സംഭവിക്കാതെ പോകുന്നുവെന്നാണ് പ്രേക്ഷകൻ മനസ്സിലാക്കുന്നത്.

മക്കൾ പ്രായപൂർത്തിയെത്തിയതിനുശേഷം അമ്മ വീണ്ടും ഗർഭിണിയാകുന്നത് അത്ര തുറന്ന മനസ്സോടെ സ്വീകരിക്കാൻ കഴിയുന്ന കാര്യമാവണമെന്നില്ല. പണ്ടുകാലങ്ങളിൽ അമ്മയും മകളും ഒരുമിച്ചു പ്രസവിച്ചു കിടന്നിരുന്ന ചരിത്രമുണ്ടായിരുന്നുവെങ്കിലും ഇന്നതു സാധാരണമല്ല. കാലം തെറ്റിയ രണ്ടു ഗർഭധാരണങ്ങളുടെ കഥകളാണ് രാജീവ് കുമാർ - മോഹൻലാൽ ചിത്രമായ പവിത്രവും പൃഥ്വിരാജ് - മോഹൻലാൽ ചിത്രമായ ബ്രോഡാഡിയും പറഞ്ഞത്. മക്കളായി ആദ്യസിനിമയിൽ മോഹൻലാലും ശ്രീനിവാസനും വേഷമിട്ടപ്പോൾ രണ്ടാം സിനിമയിൽ പൃഥ്വിരാജാണ് മകനായത്. യഥാക്രമം അമ്മമാരായത് ശ്രീവിദ്യയും മീനയും. പവിത്രം സിനിമയിൽ അമ്മയുടെ ഗർഭധാരണത്തെ ആഘോഷമാക്കിമാറ്റുകയാണ് മക്കൾ. അവരെ സംബന്ധിച്ചിടത്തോളം അത് അപമാനമേ ആകുന്നില്ല. ഒടുവിൽ കാലം തെറ്റിയുള്ള പ്രസവത്തോടെ അമ്മ മരിച്ചപ്പോൾ തങ്ങളുടെ കൂടപ്പിറപ്പിനെ സ്വന്തം മകളായി സ്വീകരിക്കാൻ മോഹൻലാലിന്റെ ചേട്ടച്ഛനു കഴിയുന്നു. ഒരേ സമയം മീനാക്ഷിക്ക് ചേട്ടനും അച്ഛനുമായി അയാൾ മാറുന്നു. അതിനിടയിൽ സ്വന്തമായി ജീവിക്കാൻ അയാൾ മറന്നും പോകുന്നു. മാതാപിതാക്കളറിയാതെയുള്ള ലിവിങ് ടുഗെദർ റിലേഷൻഷിപ്പിൽ താൻ അപ്പനാകാൻ പോകുന്നുവെന്ന നടുക്കത്തിന്റെ പിന്നാലെയാണ് തന്റെ അമ്മയും ഗർഭിണിയാണ് എന്ന സത്യം ബ്രോഡാഡിയിലെ മകൻ തിരിച്ചറിയുന്നത്. പകച്ചുപോകാതിരിക്കുമോ അവൻ? പക്ഷേ, ബ്രോഡാഡി സിനിമയുടെ ഏറ്റവും വലിയ നന്മ ആ സിനിമയൊരിക്കലും ആ ദമ്പതികൾക്കിടയിൽ ഒരു ഓപ്ഷനായി അബോർഷനെ അവതരിപ്പിച്ചില്ല എന്നതാണ്. ബാംഗ്ലൂർപോലെയുള്ള ഒരു മെട്രോനഗരത്തിൽ ഇരുചെവിയറിയാതെ അബോർഷൻ നടത്താൻ സാധ്യതയുള്ളപ്പോൾ ഇനിയെങ്കിലും വീട്ടുകാരെ വിവരമറിയിച്ച് വിവാഹം നടത്താനാണ് ആ കാമുകീകാമുകന്മാർ തീരുമാനിക്കുന്നത്. അങ്ങനെയൊരു തീരുമാനത്തോടെയാണ് അവർ നാട്ടിലേക്കു മടങ്ങുന്നതും.

മകന്റെ കരമെടുത്ത് തന്റെ വയറ്റിൽ അമർത്തിക്കൊണ്ട് ബ്രോഡാഡിയിലെ അമ്മ പറയുന്നത് നീ കിടന്ന അതേ വയറ്റിൽത്തന്നെയാണ് എന്റെ രണ്ടാമത്തെ കുഞ്ഞും വളരുന്നതെന്നാണ്. അതോടെ അമ്മയുടെ ഗർഭധാരണത്തിനു മുമ്പിലുള്ള മകന്റെ എല്ലാ എതിർപ്പുകളും പത്തിതാഴ്ത്തുന്നു. അങ്ങനെ ഒരേ സമയം അച്ഛനും മകനും ഡാഡിമാരായി മാറുന്നിടത്താണ് ചിത്രം അവസാനിക്കുന്നത്.

ജീവന്റെ കാവലാളാകുക എന്നതിന് സ്രഷ്ടാവിനോളം തന്നെ വലുപ്പമുണ്ട്. ജീവനുനേരേ നാം കുറെക്കൂടി തുറവുള്ളവരാകുക. മനുഷ്യജീവന്റെ വില വലുതാണ്. മനുഷ്യത്വത്തോടുള്ള ആദരവാണ് ജീവനുവേണ്ടി നിലകൊള്ളാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ജീവനുവേണ്ടി നിലയുറപ്പിക്കാൻ കഴിയുന്ന നല്ല സിനിമകൾ സൃഷ്ടിക്കാൻ ചലച്ചിത്രകാരന്മാർക്കു കഴിയട്ടെ. അതുവഴി ജീവന്റെ വെളിച്ചം നമ്മുടെ ജീവിതങ്ങളിലേക്കു കടന്നുവരികയും ചെയ്യട്ടെ. തെറ്റായ സന്ദേശം നല്കി തെറ്റായ ജീവിതത്തിനു പ്രേരിപ്പിക്കുന്ന വിജയിച്ച സാറാസുമാരെയല്ല നമ്മുടെ സമൂഹത്തിനും സഭയ്ക്കും ആവശ്യമെന്ന കാര്യം മറക്കരുത്. ■

# കർഷകരെന്നാണ് 'സേഫ് സോണി'ലെത്തുക?



റ്റോം ജോസ് തഴുവംകുന്ന്

**ക**ർഷകരുടെ വിയർപ്പു വീണ് ഉറപ്പും വളക്കൂറും നേടി പോഷകസമൃദ്ധിയുടെ വിളകൾ ഉത്പാദിപ്പിക്കുന്ന കാർഷികമേഖലയും കർഷകരുമാണ് പരിസ്ഥിതിയുടെ ഏറ്റവും വലിയ സംരക്ഷകർ! ഭൂമിയുടെ കിടപ്പും മണ്ണിന്റെ സ്വഭാവവും കാലാവസ്ഥയുടെ പ്രത്യേകതകളും ഉൾക്കൊണ്ട് അനുയോജ്യമായ കൃഷിരീതികളാണ് കർഷകരെന്നും അവലംബമാക്കുന്നത്. ദീർഘവീക്ഷണമില്ലാത്തതും ആസൂത്രിതമല്ലാത്തതുമായ വികസനകാഴ്ചപ്പാടുകളാണ് പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. എന്നാൽ, കർഷകരുടെമേലാണ് നിയമനിർമാണങ്ങളത്രയും വന്നുപതിക്കുന്നത്. വിളകൾക്കു വിലയില്ല; വിലയ്ക്കു വാങ്ങുന്നതിനെല്ലാം പൊള്ളുന്ന വിലയും. കൃഷിയിടത്തിലെ തടികൾക്കു വിലയില്ല; തടിമില്ലിലെത്തിയാൽ താങ്ങാനാകാത്ത വിലയും അതിനൊക്കെ ന്യായീകരണങ്ങളും. ഭക്ഷണം ജീവജാലങ്ങളുടെ ഊർജമാണ്; തീൻമേശകൾ വിഭവസമൃദ്ധികൊണ്ടു നിറയുമ്പോഴും അതിന്റെ പിന്നിലെ അധ്വാനത്തിനു പുല്ലുവിലപോലും കല്പിക്കാത്തത് നമുക്കിടയിലെ വലിയ പരാജയമാണ്.

കൃഷിയിടങ്ങൾ കുറഞ്ഞുവരുന്നത് കാർഷികബന്ധിയായ ജീവിതക്രമങ്ങൾക്കും തദ്വാരയുള്ള വളർച്ചയ്ക്കും ഇടർച്ചയാകുമെന്നു ചില്ലുമേടയിലിരുന്നു പരിസ്ഥിതിവാദം ഉന്നയിക്കുന്നവർ വിലയിരുത്തുന്നത് ഉചിതമായിരിക്കും. പൊതുനിരത്തുകളുടെ ആസൂത്രണമില്ലാത്ത നിർമാണവും വികസനവും പരിസ്ഥിതിയെ തകിടംമറിക്കില്ലേ? നിലവിലുള്ള പൊതുനിരത്തുകൾ സുഗമമായ ആസൂത്രണത്തിലൂടെ സുരക്ഷിതയാത്രയ്ക്ക് അനുയോജ്യമാക്കുന്നതിനുപകരം പുതിയ റോഡുകൾ ഗവേഷണം ചെയ്തു കണ്ടെത്തി സർവേയും കല്ലുകുഴിച്ചിടലുമൊക്കെയായി മുന്നേറുന്ന നവീനവികസനവീക്ഷണം പരിസ്ഥിതിയെ ബാധിക്കില്ലേ? മൃഗങ്ങളുടെ ആവാസവ്യവസ്ഥയെതെല്ലും ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും മനുഷ്യരെ ഒരിടത്തും ജീവിക്കാൻ അനുവദിക്കാത്തവിധം കമ്മീഷനുകൾ പഠനവുമായി മുന്നേറുകയും ചെയ്യുന്നത് എന്തിനുവേണ്ടി? ആർക്കുവേണ്ടി?

സംസ്ഥാനഹൈവേയുടെ ലക്ഷ്യസ്ഥാനവും ദേശീയപാതയുടെ ലക്ഷ്യസ്ഥാനവും ഒന്നാണെങ്കിൽ നമ്മുടെ ഈ കൊച്ചു കാർഷികസംസ്ഥാനത്ത് ഒരു പാതയിലൂടെത്തന്നെ ലക്ഷ്യസ്ഥാനത്തേക്കുള്ള യാത്ര ആസൂത്രിതമായി ക്രമീകരിച്ചുകൂടേ? നിലവിലുള്ള റോഡുകളുടെ അനാവശ്യവളവുകളും കുണ്ടും കുഴിയും അപകടകരമായ സാഹചര്യങ്ങളും ഒഴിവാക്കി പൊതുനിരത്തുകളുടെ നിർമാണം ആസൂത്രിതമാക്കിയാൽ കൃഷിയിടങ്ങളും പാർപ്പിടങ്ങളും അനുനിമിഷം ഒഴിവാക്കപ്പെടുന്നത്; മനുഷ്യർ പാർപ്പിടമില്ലാതെയും പണിയെടുക്കാനിടമില്ലാതെയും ബുദ്ധിമുട്ടുന്നത് ഒഴിവാകും, ഒപ്പം, പരിസ്ഥിതിപ്രശ്നങ്ങളും. കോൺക്രീറ്റും ടാറിങ്ങും അനാവശ്യമായ റെയിൽപ്പാതനവീകരണവും ആസൂത്രിതമല്ലാത്ത ഫ്ളൈ ഓവറുകളുടെ നിർമാണവും ഒക്കെത്തന്നെ പരിസ്ഥിതിയുടെ താളം തെറ്റിക്കും. വീടും കുടിയും വിട്ട് എവിടെയെങ്കിലും പോകൂവെന്നു കർഷകരോടു പറയാതെ ഭൂമിയെ



കിടുകിടാ വിറപ്പിക്കുന്ന പാറമടകളുടെ പ്രവർത്തനങ്ങൾക്കു തടയിടണം. നമ്മുടെ പുഴകളുടെ വീതിയും ആഴവുമൊക്കെ കർഷകരാണോ ചൂഷണം ചെയ്തത്? നമ്മുടെ പാടശേഖരങ്ങളെ ഇല്ലായ്മ ചെയ്തതും കർഷകർ നെൽക്കൃഷിയിൽനിന്നു പിന്മാറിയതും 'തൊഴിലുറപ്പുപദ്ധതി' ശക്തിപ്പെട്ടതിന്റെ ആസൂത്രണമില്ലായ്മയല്ലേ? നെൽക്കൃഷിയിലേക്കു തൊഴിലുറപ്പുപദ്ധതിയെ ഉപയുക്തമാക്കിയിരുന്നെങ്കിൽ അതുവഴിയും പരിസ്ഥിതി സുരക്ഷിതമാകുമായിരുന്നില്ലേ? മണ്ണിൽ പണിയെടുക്കുന്നവരെ അവഗണിച്ച പരിസ്ഥിതിവാദം കാപട്യമാണ്.

കർഷകർ തങ്ങളുടെ ജീവിതത്തോടു ചേർത്തുവച്ചിരിക്കുന്ന മണ്ണിനെ പലവിധ സോണുകളാക്കി മാറ്റി അവരെ വീണ്ടും വീണ്ടും കഷ്ടതയിലേക്കു തള്ളിയിടുന്ന നിയമത്തിന്റെ കണ്ണുകൾ നാളെയുടെ കാഴ്ചകളെ വികലവും വിവരണാതീതവുമായ പ്രശ്നങ്ങളിലേക്കു കൊണ്ടെത്തിക്കും. ഒരു തരത്തിലും കർഷകരെ ജീവിക്കാനനുവദിക്കാത്ത നമ്മുടെ പരിസ്ഥിതിവാദം, പരിസ്ഥിതിയെ സുരക്ഷിതമാക്കാനല്ല; മറിച്ച്, ചില നിക്ഷിപ്തതാത്പര്യങ്ങളെ സംരക്ഷിക്കാനുള്ളതാണ്.

മൂല്യമുള്ളവ വിളയിക്കുകയും മൂല്യവർധിതോത്പന്നങ്ങളിലേക്കു വിളകളെ സജ്ജമാക്കുകയും ചെയ്യുന്ന കർഷകരെന്നും ഭരണക്കാർക്കു വോട്ടുബാങ്കുമാത്രമാണോ? വ്യവസായശാലകൾക്കും റോഡുകൾക്കും പാർക്കുകൾക്കും വനസംരക്ഷണത്തിനും മൃഗസംരക്ഷണത്തിനുമൊക്കെ കർഷകരെ ഒതുക്കുന്ന കപടരാഷ്ട്രീയം തിരുത്തുകതന്നെ വേണം. കൃഷിയെന്തെന്നറിയാത്തവരും കർഷകരുടെ അധ്വാനത്തിന്റെ റേഞ്ച് പിടികിട്ടാത്തവരുമാണ് നിയമങ്ങൾ നിർമിച്ചുവിടുന്നത്. തലങ്ങും വിലങ്ങുമുള്ള വികസനത്തിലൂടെ ഞെരിഞ്ഞമർന്ന് ഇല്ലാതാകുന്നത് പരമ്പരാഗത കാർഷികമേഖലയും കർഷകരും അവരുടെ ഭാവിയുമാണ്.

കർഷകർക്ക് അധ്വാനഫലം സീറോയാണെങ്കിലും കർഷകരിൽനിന്നു സർക്കാർ പിരിക്കുന്നത് കൂടിക്കൂടി വരുന്നതേയുള്ളൂ. മരിക്കാത്തവരിൽനിന്നൊക്കെ ഏതെങ്കിലുമിനത്തിൽ നികുതി പിരിച്ച് ആഘോഷമായും ആർഭാടമായും ജീവിക്കുന്ന ജനപ്രതിനിധികളുടെ ജനാധിപത്യത്തെ ഏതു സോണിൽപ്പെടുത്താനാവും? കർഷകരാണ് കൂടുതൽ കിതയ്ക്കുന്നത്, അതുകൊണ്ടുതന്നെ കൂടുതൽ ഓക്സിജൻ ഉപയോഗിക്കുന്നതും കർഷകരാണെന്നു കണ്ടെത്തി കർഷകർക്കിടയിൽ ഒരു ഓക്സിജൻസോൺ രൂപപ്പെടുത്തുകയും കർഷകരുടെ നാസാരന്ധ്രങ്ങളിൽ മീറ്റർ ഘടിപ്പിക്കുകയും ചെയ്യുന്ന കാലം വിദൂരമല്ലെന്നൊരു ആശങ്കയും അവഗണിക്കാവുന്നതല്ല.

അടിസ്ഥാനസൗകര്യംപോലുമില്ലാത്ത ദാരിദ്ര്യം പാവങ്ങളെ വേട്ടയാടുമ്പോഴും നമ്മുടെ ജനപ്രതിനിധികൾ സേവനയാത്രയ്ക്കുള്ള വാഹനത്തിന്റെ നിലയും വിലയും നിറവും ഒക്കെ മാറ്റി മാറ്റി ജീവിതം സുഖലോലുപതയുടെ സോണിലേക്കു മാറ്റുന്ന തിരക്കിലാണ്. കാറിന്റ ഡോർ തുറക്കാൻപോലും സ്വയം കഴിയാത്തവിധം വിനയം ജനാധിപത്യത്തെ അഹങ്കാരസോണിലേക്കു മാറ്റുകയാണ്. അപ്പോഴും കർഷകർ സ്വന്തം പുരയിടം പരിസ്ഥിതിസംരക്ഷണത്തിനായി മാറ്റിയിട്ട് ഉടുമുണ്ടുപോലും ഉപേക്ഷിക്കണമത്രേ! നാട് 'ഡിജിറ്റൽ' ആകുമ്പോഴും നാട്ടുകാരുടെ കുടലെരിയുന്നതു കാണാത്ത നിയമത്തിന്റെ സൂക്ഷ്മദർശിനിക്കാരോടു സഹതാപം തോന്നുന്നു. പാവങ്ങളുടെ വിയർപ്പിന്റെ സോൺ തിരിച്ചറിഞ്ഞ് എന്നു സംരക്ഷിക്കപ്പെടുമെന്നു പറയാമോ?

സമരമുഖരിതമായ മലയാളക്കരയിൽ പക്ഷേ, പുരോഗതിക്കും സംതൃപ്തമായ ജീവിതസാഹചര്യമൊരുക്കുന്നതിലും ഇച്ഛാശക്തിയും കൂട്ടായ ചർച്ചകളുമില്ല. രാഷ്ട്രീയമുതലെടുപ്പിനും അധികാരമോഹങ്ങളുടെ സാക്ഷാത്കാരത്തിനുംവേണ്ടിയാണ് സമരങ്ങളേറെയുമെന്നതും വസ്തുതതന്നെ! നമുക്കു ജീവിച്ചു മുന്നേറണ്ടേ? നാളെയുടെ മക്കൾ മലയാളക്കരയിൽ സജീവമായി ഉണ്ടാകേണ്ടേ?

കൃഷിയെന്നത് വിദ്യാഭ്യാസമില്ലാത്തവർക്കും മണ്ടന്മാർക്കുമുള്ളതല്ല; മറിച്ച്, തികഞ്ഞ അറിവും പ്രായോഗികപരിജ്ഞാനവും പരിസ്ഥിതിബോധവുമുള്ളവർക്കാണെന്നും തലമുറ അറിയണം. തദ്വാരയുള്ള വികസനം സാധ്യമാകണമെങ്കിൽ, കർഷകരെ വേദനിപ്പിക്കുന്ന ബഫർസോൺപോലുള്ള പ്രഖ്യാപനങ്ങൾ ഉപേക്ഷിക്കണം. നാടിനെ പോറ്റുന്ന കർഷകരെ ആരു പോറ്റും? അവരെ ആരു പരിഗണിക്കും? വിളയും വിഭവങ്ങളുംകൊണ്ടു വിപണി സമൃദ്ധമാകുമ്പോൾ കർഷരുടെ വീടും കുടിയും വിചാരങ്ങളും ലക്ഷ്യങ്ങളുമൊക്കെ സാക്ഷാത്കരിക്കപ്പെടണം. കാർഷികവ്യത്തികൊണ്ട് ഇവിടെ പിടിച്ചുനിൽക്കാനും വളരാനുമാകുമെന്നു തലമുറകളെ പഠിപ്പിച്ചു പ്രോത്സാഹിപ്പിക്കണമെങ്കിൽ കർഷകർക്ക് മുൻനിരപരിഗണന നൽകണം. സമസ്തമേഖലയിലും ശമ്പളവും ആനുകൂല്യങ്ങളും ക്ഷാമ, ഉത്സവബത്തകളുമൊക്കെയുണ്ടെങ്കിലും ഉദ്യോഗസ്ഥരെയും ഭരണകർത്താക്കളെയും നിയമപരിരക്ഷകരെയും തീറ്റിപ്പോറ്റുന്ന കർഷകർക്കു മാത്രം എന്നും അവോയ്ഡ് സോണുകൾ മാത്രം മിച്ചം.

കൃഷിയാണ് ജോലിയെന്ന് അഭിമാനത്തോടെ പറയാൻ ഇന്നു കഴിയുമോ? രക്ഷാകർത്താക്കളുടെ തൊഴിൽ ചോദിക്കുന്ന കോളത്തിൽ കൃഷി എന്നെഴുതിയാൽ ഡിജിറ്റൽ ഇന്ത്യയിൽ എന്താകും പരിഗണന? മക്കളെ വേണ്ടവിധം പഠിപ്പിക്കാനും തൊഴിൽ സംരംഭങ്ങളിലേക്കെത്തിക്കാനും ഒരു കർഷകന് ഇന്നു കഴിയുമോ? കർഷകർക്കുവേണ്ടിയെന്നു പറഞ്ഞ് ഭരണപക്ഷവും പ്രതിപക്ഷവും ഇതരപക്ഷങ്ങളുമൊക്കെ വാതോരാതെ പ്രസംഗിക്കുമ്പോഴും നിയമത്തിന്റെയും നികുതികളുടെയും ആക്രമണം കൊണ്ട് കർഷകൻ വീർപ്പുമുട്ടുകയല്ലേ? ആർക്കുവേണ്ടിയാണ് ബഫർസോണുകൾ? ആർക്കുവേണ്ടിയാണ് പരിസ്ഥിതി? പരിസ്ഥിതികാപട്യത്തിന്റെ മുഖംമാറ്റി യാഥാർത്ഥ്യബോധത്തിന്റെ സാമാന്യതയിലേക്കു ഭരണകൂടം കടന്നുവരണം.

കാർഷികമേഖലയെ തളർത്തുന്ന തീരുമാനങ്ങൾ തിരുത്തണം. കർഷകരെ പരിസ്ഥിതി സംരക്ഷകരായി തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കണം. പരമ്പരാഗതകൃഷിയിടങ്ങളും താമസസൗകര്യങ്ങളുമുപേക്ഷിച്ച് ഓടിനടക്കാൻ ഇടവരുത്തരുത്. അടിസ്ഥാനസൗകര്യവികസനത്തിൽ ഭരണക്കാർ ഇനിയെങ്കിലും ശ്രദ്ധയൂന്നണം. പാർപ്പിടവും ഭക്ഷണവും വെള്ളവും ആരോഗ്യപരിപാലനവും വിദ്യാഭ്യാസവും തൊഴിലുമൊക്കെ സേഫ് സോണിലേക്ക് എത്തിക്കാൻ ഉതകുന്ന ദീർഘവീക്ഷണ കർമപദ്ധതികൾ ഉണ്ടാകട്ടെ! കോടതിയും ഇക്കാര്യത്തിൽ ശുഭോദർക്കമായ തീരുമാനങ്ങളും നിർദേശങ്ങളും മുന്നോട്ടുവയ്ക്കട്ടെ. പരിസ്ഥിതിയെക്കുറിച്ചുള്ള കരുതൽ കർഷകരുടെ പരിതസ്ഥിതികൂടി അറിഞ്ഞുവേണം.

■

## കേരള കത്തോലിക്കാ രൂപതകൾ സംസ്ഥാനവ്യാപകമായി ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നു

കൊച്ചി: വർദ്ധിച്ചുവരുന്ന വിവിധ സാമൂഹികപ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ, കെസിബിസി ഐക്യ - ജാഗ്രതകമ്മീഷന്റെ നേതൃത്വത്തിൽ എല്ലാ രൂപതകളിലും ജാഗ്രതാസമിതികൾ രൂപീകരിക്കാനും പ്രവർത്തനങ്ങൾ വിപുലീകരിക്ക12ാനും കെസിബിസി തീരുമാനിച്ചു. അഞ്ചുപേർ അടങ്ങുന്ന ഒരു ജാഗ്രതാ കമ്മിറ്റിയായിരിക്കും രൂപത തലത്തിലെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. കേരളത്തിലെ 32 രൂപതകളിൽ നിന്നുമുള്ള ജാഗ്രത സമിതി പ്രതിനിധികളുടെ ആദ്യയോഗം ജൂലൈ 29-30 തീയ്യതികളിൽ കെസിബിസി ആസ്ഥാനമായ പിഒസിയിൽ ചേരുമെന്ന് കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. മൈക്കിൾ പുളിക്കൽ അറിയിച്ചു.

സാമൂഹികൈക്യം സംബന്ധിച്ച കത്തോലിക്കാ സഭയുടെ നിലപാടുകളും നയങ്ങളും ശരിയായി അവതരിപ്പിക്കാനും നടപ്പിലാക്കാനും, സഭ നേരിടുന്ന വിവിധ പ്രതിസന്ധികളെക്കുറിച്ചു നിരീക്ഷണങ്ങളും പഠനങ്ങളും നടത്താനും, സഭയ്ക്കെതിരായുള്ള ആസൂത്രിതമായ അപവാദപ്രചാരണങ്ങളെയും അധിനിവേശശ്രമങ്ങളെയും പ്രതിരോധിക്കാനും ആവശ്യമായ പ്രവർത്തനങ്ങൾക്കാണ് ജാഗ്രത സമിതികൾ നേതൃത്വം നൽകുക. രൂപതാതലത്തിലുള്ള ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ ഇടവക - ഫൊറോന തലങ്ങളിൽ ജാഗ്രത കൂട്ടായ്മകൾ രൂപീകരിക്കുന്നത് വഴിയായി, സമീപകാലത്ത് ഗൗരവമായ ചർച്ചകൾക്ക് ഇടയാക്കിയ പ്രണയക്കെണികൾ, വർദ്ധിച്ചു വരുന്ന ലഹരിയുടെ ഉപയോഗം, വർഗീയധ്രുവീകരണം മുതലായ വിഷയങ്ങളിൽ കാര്യക്ഷമമായ ഇടപെടൽ ഉറപ്പുവരുത്തുകയാണ് കേരള കത്തോലിക്കാ സഭാനേതൃത്വം ലക്ഷ്യമാക്കുന്നതെന്നും ജാഗ്രതാ കമ്മീഷൻ കമ്മീഷൻ സെക്രട്ടറി അറിയിച്ചു.

## സാന്ത്വനം



**സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം.**

# കൗമാരത്തിൽ വഴിപിരിയണോ?

**ഇ**രുപത്തിമൂന്നുകാരി അഞ്ജലി ഒത്തിരി വിഷാദത്തോടെയാണു മുറിയിലേക്കു കടന്നുവന്നത്. വന്നയുടനെ പറഞ്ഞു: "സിസ്റ്ററേ, ഞങ്ങൾ പിരിയണോ അതോ തുടരണോ എന്നറിയാൻ വന്നതാ." 'എന്തുപറ്റി മോളേ? ആരുമായാ കുട്ടിക്കു പിരിയേണ്ടത്' എന്നു ചോദിച്ചപ്പോൾ, മായി കേട്ട അഞ്ജലി, വിങ്ങിപ്പൊട്ടിക്കരയാൻ തുടങ്ങി, എന്നിട്ടു പറഞ്ഞു: "ഞാൻ എന്റെ മനസ്സും ശരീരവും അവനു കൊടുത്തതാ സിസ്റ്ററേ, ഇവനെന്താ ഇപ്പോൾ ഇങ്ങനെ?"

ഇവിടെ, നീണ്ട എട്ടു വർഷമാണ് ജീവനും അഞ്ജലിയും പ്രണയിച്ചതും പരസ്പരം പങ്കുവച്ചതും. കാലങ്ങൾ കഴിഞ്ഞപ്പോൾ അഞ്ജലിയുടെ ചിന്തയിലും പ്രവൃത്തികളിലും ജീവിതശൈലിയിലും വീക്ഷണത്തിലും വ്യത്യാസം വന്നു. ഇത് അവളുടെ കുറ്റമല്ല. അവളുടെ വിദ്യാഭ്യാസം, അവളെ കൂടുതൽ വിശാലമായി ചിന്തിക്കാൻ പഠിപ്പിച്ചു. പക്ഷേ, ജീവനെ സംബന്ധിച്ചിടത്തോളം പ്ലസ് ടു വിദ്യാഭ്യാസമാണ് അവന്റെ ചിന്തയുടെയും വീക്ഷണത്തിന്റെയും മാനദണ്ഡം. ഇത് പൊരുത്തപ്പെടൽ അസാധ്യമാക്കി എന്നുവേണം മനസ്സിലാക്കാൻ. ജീവിതാനുഭവങ്ങൾ, ഒരുവനെ പക്വതയിലേക്കും നേട്ടങ്ങളിലേക്കും നയിക്കും എന്ന അഭിപ്രായത്തെ തള്ളിക്കളയുന്നില്ല. എങ്കിലും ഓരോരുത്തരുടെയും ഭാവനയുടെയും ചിന്തയുടെയും പ്രശ്നപരിഹാരങ്ങളുടെയും പൊരുത്തപ്പെടലിന്റെയും തലങ്ങളെ കൂടുതൽ പക്വതയുള്ളതാക്കാൻ ഒരു പരിധിവരെ വിദ്യാഭ്യാസം കാരണമായിത്തീരുന്നു. അതുകൊണ്ടായിരിക്കണം പണ്ടുള്ളവർ വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം കൊടുത്തിരുന്നത്. അതായത്, പെണ്ണിനെക്കാൾ ഒരു ക്ലാസ് കൂടുതൽ പഠിച്ച ആണിനെ തിരഞ്ഞുനടന്നിരുന്നത്. എന്നാൽ, ഇന്ന്, പണം മനുഷ്യനെ ഭരിക്കാൻ തുടങ്ങിയപ്പോൾ, കുടുംബമഹിമയ്ക്കും വിദ്യാഭ്യാസത്തിനുമൊന്നും പ്രാധാന്യം നൽകാതെ മറ്റുള്ളവരുടെ പൈസകൊണ്ടു വേഗം പണക്കാരാകാം എന്ന ചിന്തയോടെ വിവാഹബന്ധങ്ങളിലേക്ക് എടുത്തുചാടുന്നു. എന്നാൽ, ഒന്നിച്ചുതാമസിക്കാൻ തുടങ്ങി ആദ്യത്തെ പുതുമോടി മാറി ജീവിതയാഥാർത്ഥ്യങ്ങളെ മുഖത്തോടുമുഖം കാണുമ്പോളാണ് പതറിപ്പോകുന്നത്. പെട്ടെന്നു തോന്നിയ സ്നേഹത്തിനും മനോഭാവത്തിനും വികാരങ്ങൾക്കും മാത്രം പ്രാധാന്യം നൽകാതെ, യഥാർത്ഥത്തിൽ പരസ്പരം പൊരുത്തപ്പെടാൻ പറ്റുന്ന വിദ്യാഭ്യാസം, ജീവിതവീക്ഷണങ്ങൾ, കാഴ്ചപ്പാടുകൾ ഇവയൊക്കെ ഒത്തുപോകാൻ സാധ്യതയുണ്ടോ എന്നു വിലയിരുത്തുന്നത് എന്തുകൊണ്ടും ഉചിതമാണ്.

കൗമാരക്കാരായ പെൺകുട്ടികളോട് ഒരു വാക്ക്: എത്ര സ്നേഹമുള്ളവനെന്നു തോന്നിയാലും, സത്യസന്ധനെന്നു തെളിയിച്ചാലും, കഴുത്തിൽ താലി കെട്ടിയതിനുശേഷം മാത്രമേ ശാരീരികബന്ധങ്ങൾക്ക് അനുവദിക്കാവൂ. അല്ലെങ്കിൽ ചിലപ്പോൾ, നിങ്ങൾ സ്നേഹിക്കുന്ന വ്യക്തി പൊരുത്തപ്പെടലിന്റെ, വീട്ടുകാരുടെ ഇഷ്ടക്കേടിന്റെ പേരിലൊക്കെ നിങ്ങളെ ഒഴിവാക്കാനുള്ള സാധ്യത, ഒരു ശതമാനമെങ്കിലും ഉണ്ടെന്നോർക്കണം. ഈ ഒരു ശതമാനം 90 ഉം 95 ഉം ശതമാനമായി വളർന്ന് നിങ്ങൾ പിൻതള്ളപ്പെട്ടാൽ, കൂട്ടാളിക്ക് ഒന്നും നഷ്ടപ്പെടാനില്ല. നിങ്ങൾ പെൺകുട്ടികൾ ജീവിതകാലം മുഴുവൻ, കുറ്റബോധത്തിനും കടുത്ത വിഷാദരോഗത്തിനും അടിമകളായിത്തീർന്നെന്നും വരാം.

ഇന്ന് പെൺകുട്ടികളെക്കാളേറെ ആൺകുട്ടികൾ, സ്നേഹബന്ധങ്ങളുടെ പേരിൽ പലവിധ ദുശ്ശീലങ്ങൾക്കും അക്രമസ്വഭാവങ്ങൾക്കും ആത്മഹത്യാപ്രവണതയ്ക്കും അടിമകളായിത്തീരുന്നുണ്ട്. അതുപോലെ, തങ്ങൾക്കുണ്ടായിരുന്ന സ്വത്തുപയോഗിച്ചും അതു തീർന്നപ്പോൾ മറ്റുള്ളവരോടു കടംവാങ്ങിയും സ്നേഹിതയെ പ്രീതിപ്പെടുത്തി, അവസാനം വീട്ടുകാർ ഉറപ്പിച്ച കല്യാണത്തിനു കഴുത്തുനീട്ടിക്കൊടുത്ത അവളെ നോക്കി നിരാശപ്പെടാതിരിക്കാൻ ആൺകുട്ടികളും ശ്രദ്ധിക്കണം.

ഒരു വ്യക്തിയുടെ വ്യക്തിത്വം രണ്ടു കാര്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ഒന്ന്, അവന്റെ പാരമ്പര്യം, രണ്ട് അവൻ വളരുന്ന സാഹചര്യം. മനഃശാസ്ത്രജ്ഞർ ഇതു രണ്ടിനും ഒരുപോലെ പ്രാധാന്യം നൽകുന്നുവെങ്കിലും ചിലർ പാരമ്പര്യത്തെ നിഷേധിക്കുന്നു. ഇതു ശരിയല്ല. ഒരു മുനികുമാരനെ കുറെ കള്ളന്മാരുടെ കൂടെ താമസിപ്പിച്ചാൽ അവൻ ഒരു കള്ളനായി മാറാം. എന്നാലും ഒരു മനഃസാക്ഷിയും അന്തസ്സും ശാലീനതയും അവനിൽ കാണും. ജീവിതസാഹചര്യം നമുക്ക് ഒരു പരിധിവരെ മാറ്റിയെടുക്കാം. എന്നാൽ, പാരമ്പര്യം അങ്ങനെയല്ല. ചുരുക്കത്തിൽ, ഓരോരുത്തരുടെയും വ്യക്തിത്വം, പാരമ്പര്യവുമായി ബന്ധപ്പെട്ടു കിടക്കുന്നതും, സാഹചര്യത്തിനനുസരിച്ചു വളർത്തിയെടുക്കുന്നതുമാണ്. അതുകൊണ്ടാണ് വ്യക്തിബന്ധങ്ങളിലും വിവാഹബന്ധങ്ങളിലുമൊക്കെ ഇതിനു പ്രാധാന്യം നൽകിയിരിക്കുന്നത്.

ആരോഗ്യകരമായ വ്യക്തിത്വത്തിന്റെ അടയാളമാണു വ്യക്തിയുടെ ചിന്ത, വാക്ക്, പ്രവൃത്തി, പ്രതികരണശൈലി എന്നിവ. ജീവിതം തുടങ്ങുന്നതിനുമുമ്പു കമിതാക്കൾ പരസ്പരം പ്രീതിപ്പെടുത്തുകയും വാക്കുകൾ വളരെ മൃദുവായി ഉപയോഗിക്കുകയും കാര്യങ്ങൾക്കു സമയനിഷ്ഠ പാലിക്കുകയുമൊക്കെ ചെയ്യുക സ്വാഭാവികമാണ്. അതുപോലെ എവിടെയും ഏതിലും ഒരു പോസിറ്റീവ് പ്രതികരണം ആയിരിക്കും. എന്നാൽ, പിന്നീട്, ഒന്നിച്ചുജീവിക്കാൻ തുടങ്ങുമ്പോൾ, പരസ്പരം ഉണ്ടായിരുന്ന ഈ അഡ്ജസ്റ്റുമെന്റുകൾ മറന്ന്, യഥാർത്ഥസ്വഭാവം കാണിച്ചുതുടങ്ങും. അതിനാൽ പ്രിയ കൗമാരക്കാരേ, പ്രേമവാഗ്ദാനങ്ങൾക്കും അഭ്യർത്ഥനകൾക്കും മുമ്പ്, സ്വയം ഒരു വിലയിരുത്തൽ നടത്തണം. അതായത്, സ്വന്തം മൂല്യം, എനിക്ക് ആകർഷണം തോന്നുന്ന വ്യക്തിയുടെ മൂല്യം, ജീവിതപശ്ചാത്തലം ഇവയൊക്കെ ഒന്നു കണക്കിലെടുത്തിട്ടേ ഒരു വാഗ്ദാനപ്രകടനത്തിനു മുതിരാവൂ. ■

അഞ്ജലി തന്റെ കഥ പറയാൻ തുടങ്ങി: എട്ടു വർഷമായി അഞ്ജലി, ജീവൻ എന്ന ചെറുപ്പക്കാരനുമായി അടുപ്പത്തിലാണ്. എന്നാലിപ്പോൾ ഒന്നരവർഷമായി രണ്ടുപേരും സംസാരത്തിനിടയിൽ വഴക്കിടുന്നു. ജീവൻ കമ്പ്യൂട്ടറിൽ ആറുമാസത്തെ ഡിപ്ലോമ കോഴ്സ് കഴിഞ്ഞ് സൗദിയിൽ ജോലി ചെയ്യുന്നു. അഞ്ജലി എം.എസ്‌സി. കഴിഞ്ഞ് എം.ഫിൽ ചെയ്യാനുള്ള അന്വേഷണത്തിലാണ്.

പഠിക്കുന്ന കാര്യം പറയുമ്പോഴൊക്കെ ജീവൻ പറയും, 'എന്തിനാ പഠിക്കുന്നെ, കല്യാണം കഴിഞ്ഞാൽ ജോലിക്കൊന്നും വിടില്ല, അമ്മയെ നോക്കി വീട്ടിൽ ഇരുന്നോണം' എന്ന്. ഇക്കാര്യം അഞ്ജലിക്ക് അംഗീകരിക്കാൻ ഇപ്പോൾ പറ്റുന്നില്ല. കാരണം, അവൾക്ക് അമ്മ മാത്രമേയുള്ളൂ. അവരെ നോക്കാനുള്ള തന്റെ ഉത്തരവാദിത്വം അവൾ അവനോടു വ്യക്തമായി പറഞ്ഞു. ജോലിക്കു പോകണ്ട എന്ന ജീവന്റെ വാദം താൻ അംഗീകരിക്കുന്നില്ലെന്ന് അവൾ പറഞ്ഞപ്പോൾ, അടുത്തതവണ അവനെ കൂട്ടിക്കൊണ്ടു വരാൻ പറഞ്ഞുവിട്ടു. ഒരു മാസത്തിനു ശേഷം രണ്ടുപേരുംകൂടി വന്നു. ഇപ്രാവശ്യം ജീവനാണ് ആദ്യം വന്നത്. അവൻ പറഞ്ഞു: "ഞാൻ പരമാവധി പൊരുത്തപ്പെടാൻ ശ്രമിച്ചു, എനിക്ക് ഇനി ഇതു തുടരണമെന്നില്ല. എന്റെ വിഷമം കണ്ട് ഇപ്പോൾ അമ്മയ്ക്കും ഇവളെ ഇഷ്ടമല്ല. എനിക്കും എന്റെ അമ്മ മാത്രമേയുള്ളൂ. അവരെ വിഷമിപ്പിക്കാൻ, തനിച്ചാക്കാൻ ഞാൻ സമ്മതിക്കില്ല. സിസ്റ്റർ അവളെ ഒന്നു പറഞ്ഞു മനസ്സിലാക്കണം."

കലങ്ങിയ കണ്ണുകളോടെ വന്ന അഞ്ജലി, ജീവൻ എന്തു പറഞ്ഞു എന്നറിയാൻ തിടുക്കം കാണിച്ചു. 'അവനു നിന്നോടു പൊരുത്തപ്പെടാൻ സാധിക്കുന്നില്ല, വിവാഹശേഷം ജോലിക്കു വിടില്ല. ഈ കാര്യങ്ങളോടു നിനക്കു യോജിക്കാൻ പറ്റുന്നില്ലെങ്കിൽ പിരിയാമെന്നാണ് അവൻ പറഞ്ഞത്' എന്നു വ്യക്ത

# ഫാ. ഡോ. മൈക്കിൾ കാരിമറ്റത്തിന് മല്പാൻ പദവി



കൊച്ചി: തലശേരി അതിരൂപതാംഗവും പ്രശസ്ത ബൈബിൾ പണ്ഡിതനുമായ ഫാ. ഡോ. മൈക്കിൾ കാരിമറ്റത്തെ സീറോ മലബാർ മെത്രാൻ സിനഡ് മല്പാൻപദവി നൽകി ആദരിച്ചു.

പാണ്ഡിത്യംകൊണ്ടും പ്രബോധനങ്ങൾകൊണ്ടും വിശ്വാസപരിശീലന-സംരക്ഷണ മേഖലകളിൽ അതിവിശിഷ്ട സംഭാവനകൾ നൽകുന്ന വൈദികർക്കാണ് ഈ പദവി നൽകുന്നത്. സീറോ മലബാർ സഭാദിനത്തിന്റെ ഭാഗമായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജൂലൈ മൂന്നിനു നടന്ന ചടങ്ങിൽ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി മല്പാൻ പദവി നല്കി.

1942 ഓഗസ്റ്റ് 11 നാണ് ഫാ. മൈക്കിളിന്റെ ജനനം. ആലുവയിലും റോമിലുമായി വൈദികപരിശീലനം പൂർത്തിയാക്കിയ അദ്ദേഹം 1968 ജൂൺ 29 ന് പൗരോഹിത്യം സ്വീകരിച്ചു. റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു വിശുദ്ധഗ്രന്ഥത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. പിഒസി ബൈബിൾ മലയാളപരിഭാഷയുടെ എഡിറ്റർ, തലശേരി ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ, ചാലക്കുടി ഡിവൈൻ ബൈബിൾ കോളജ് പ്രിൻസിപ്പൽ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. നിലവിൽ തൃശൂർ മേരിമാതാ മേജർ സെമിനാരി അധ്യാപകനാണ്.

നാല്പതിലധികം ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായി രചിച്ചിട്ടുണ്ട്. ബൈബിൾ ചിത്രകഥയുടെ 54 പുസ്തകങ്ങൾ 14 ഭാഷകളിലേക്കു വിവർത്തനം ചെയ്തു. ബൈബിൾ കമന്ററികൾ രൂപപ്പെടുത്തുകയും വിവിധ ചാനലുകളിലൂടെ ആയിരത്തിലധികം പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു.

നിരവധി സിഡികളും കാസറ്റുകളും പുറത്തിറക്കി. നവസാമൂഹികമാധ്യമങ്ങളും ഫലപ്രദമായി ഉപയോഗിച്ചു വരുന്നു. 1999 ൽ ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയും 2009 ൽ മേരിവിജയം മാസികയും പ്രത്യേക അവാർഡുകൾ നൽകി ഇദ്ദേഹത്തെ ആദരിച്ചു. 2012 ൽ കെസിബിസിയുടെ മാധ്യമകമ്മീഷൻ അവാർഡ് ലഭിച്ചു.

**കവിത** **പാപ്പച്ചൻ കടമക്കുടി**



## നിന്നോടൊപ്പം

നിന്നോടൊപ്പമാണെങ്കിലും ദൈവമേ
കൺതുറക്കാതിരിപ്പതെന്തിന്നു ഞാൻ!
നിന്റെ കാല്പാദനിസ്വനം ഭീതനെൻ
കൈപിടിച്ചു നടത്തുന്ന സാന്ത്വനം,
നിന്റെ വാക്കിൻ സുഗന്ധങ്ങൾ മാനസം
തേൻതുളിച്ചു കുളിർത്തുന്ന വാത്സല്യം.
സ്നേഹമെന്ന നിൻ പൂനിലാവെണ്മയിൽ
മോഹനമായി നില്ക്കുന്ന രാത്രി ഞാൻ.
ഉള്ളിലൂറുമുറവതൻ കാരുണ്യം
ഉർവ്വരയാക്കി മാറ്റിയ ഭൂമി ഞാൻ.
നിന്റെ വാക്കാൽ നടന്ന മുടന്തൻ ഞാൻ
നിന്റെ നോക്കാൽ തെളിഞ്ഞ കുരുടൻ ഞാൻ,
തൊട്ടുസൗഖ്യമായ് തീർന്നൊരു രോഗി ഞാൻ,
ഞെട്ടിയിന്നുയിർത്തേല്ക്കുന്ന മൃത്യു ഞാൻ.
ശങ്കയാം മറകൊണ്ടിന്നുമിങ്ങനെ
മങ്ങുകയാണെൻ കാഴ്ചയും ജീവനും.
ഒന്നുവന്നു തലോടുമോ എന്റെയീ
കുഞ്ഞുകാണിക്ക സ്വീകരിച്ചീടുമോ?
എങ്കിലെൻ സ്വർഗ്ഗവാതിലിൻ സാക്ഷകൾ
മംഗളകരം നേരേ തുറന്നിടും.
നിന്നെയിന്നുഞാൻ കാണും മഹേശ്വരാ...
നമ്മളൊന്നായി മാറും മുഹൂർത്തമായ്.
കാലമെത്രയോ നിന്നരികത്തു ഞാൻ
കാതരം കാത്തുകാത്തു നിന്നീടുന്നു.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ദയാദൃഷ്ടിയുള്ളവൻ അനുഗൃഹീതനാകും. എന്തെന്നാൽ, അവൻ തന്റെ ആഹാരം ദരിദ്രരുമായി പങ്കുവയ്ക്കുന്നു.

സുഭാഷിതങ്ങൾ 22:9

**എഡിറ്റോറിയൽ**

# ഭരണഘടനയുടെ വലുപ്പമറിയാത്തവർ!

നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോടു നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നു സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറിയ സംസ്ഥാനത്തെ ഒരു മന്ത്രിതന്നെ അതേ ഭരണഘടനയെ പരസ്യമായി നിന്ദിച്ചിരിക്കുന്നത് ഞെട്ടലോടും ലജ്ജയോടുംകൂടി മാത്രമേ ഓരോ ഇന്ത്യക്കാരനും കേൾക്കാനാവൂ. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളിയിൽ നടന്ന സിപിഎം പരിപാടിയിൽ മന്ത്രി സജി ചെറിയാൻ ഭരണഘടനയെ അവഹേളിച്ചു സംസാരിച്ചതാണ് രാജ്യത്തിനകത്തും പുറത്തും വലിയ വിവാദത്തിനു തിരികൊളുത്തിയിരിക്കുന്നത്. മന്ത്രിയുടെ പരാമർശം സത്യപ്രതിജ്ഞാലംഘനവും കുറ്റകരവും അധാർമികവുമാണെന്ന് ഭരണഘടനാവിദഗ്ധരും നിയമജ്ഞരുമടക്കമുള്ളവർ സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ രാജി നിയമപരമായ അനിവാര്യതയായി മാറിയേക്കുമോയെന്ന് സംസ്ഥാനമൊട്ടാകെ ഉറ്റുനോക്കുന്നു.

ജനങ്ങളെ ഏറ്റവും കൂടുതൽ കൊള്ളയടിക്കാൻ പറ്റിയ ഏറ്റവും മനോഹരമായ ഭരണഘടനയെന്നാണ്, രാജ്യത്തെ ഓരോ പൗരനും വേദപുസ്തകമായി കണക്കാക്കുന്ന ഇന്ത്യൻ ഭരണഘടനയെ, മന്ത്രി സജി ചെറിയാൻ വിലയിരുത്തുന്നത്. ചൂഷണത്തെ അംഗീകരിക്കുന്ന ഭരണഘടന ബ്രിട്ടീഷുകാർ പറഞ്ഞുകൊടുത്തതുകേട്ട് ഇന്ത്യക്കാർ എഴുതിവച്ചതാണെന്നാണ് സാംസ്കാരികവകുപ്പുകൂടി കൈയാളുന്ന അദ്ദേഹത്തിന്റെ അടുത്ത പരാമർശം. ഭരണഘടനയിൽ എഴുതിയിട്ടുള്ള മതേതരത്വവും ജനാധിപത്യവുമൊക്കെ കുന്തവും കുടച്ചക്രവുമായിട്ടാണ് മന്ത്രിക്കു തോന്നുന്നതത്രേ. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ ഭരണഘടനയെക്കുറിച്ച് ആരെല്ലാം മഹത്ത്വപ്പെടുത്തിപ്പറഞ്ഞാലും താനൊരിക്കലും സമ്മതിക്കില്ല എന്നുകൂടി സൂചിപ്പിച്ചുകൊണ്ടാണ് മന്ത്രി ഭരണഘടനയെ ഇകഴ്ത്തി സംസാരിച്ചത്. ഇതു നാവുപിഴയല്ല, ബോധപൂർവം സംസാരിച്ചതാണെന്നു വീഡിയോ കേൾക്കുന്ന ഓരോ വ്യക്തിക്കും മറയില്ലാതെ മനസ്സിലാക്കാമെന്നിരിക്കേ, താൻ ഭരണഘടനയെപ്പറ്റിയല്ല, ഭരണകൂടത്തെപ്പറ്റിയാണു പറഞ്ഞതെന്നും മറ്റുമൊക്കെയുള്ള മന്ത്രിയുടെ പുതിയ ന്യായീകരണങ്ങൾ ജനങ്ങളുടെ മുമ്പിൽ കൂടുതൽ നാണംകെടാനും വിഡ്ഢിയാകാനും മാത്രമേ ഉപകരിക്കൂ.

ലോകത്ത് എഴുതപ്പെട്ടതിൽ ഏറ്റവും മികവുറ്റ ഭരണഘടനയാണ് ഇന്ത്യയുടേത് എന്നതിൽ ഓരോ ഭാരതീയനും അഭിമാനിക്കാം. ലോകത്തുള്ള മറ്റു പല ഭരണഘടനകളും കാലഹരണപ്പെട്ടിട്ടും നമ്മുടെ ഭരണഘടന കാലാതീതമായി നിലകൊള്ളുന്നത് അത്രയേറെ മഹത്ത്വവും മൂല്യവും ദേശീയതയും അതിൽ ഭദ്രമായിരിക്കുന്നു എന്നതുകൊണ്ടാണ്. ഭരണഘടനാനിർമാണ സഭ, രണ്ടുവർഷം 11 മാസം 18 ദിവസം കാലയളവിൽ 11 തവണ സമ്മേളിച്ചാണ് ബൃഹത്തായ ഭരണഘടനയുണ്ടാക്കിയതെന്നോർക്കണം. ഭരണഘടനയുടെ പ്രധാന ശില്പിയായ ഡോ. ബി. ആർ. അംബേദ്കറും സമുന്നത നേതാക്കളും 60 രാജ്യങ്ങളുടെ ഭരണഘടനകൾ പഠനവിധേയമാക്കി, പത്തിലേറെ രാജ്യങ്ങളുടെ ഭരണഘടനകളിൽനിന്ന് ആശയങ്ങൾ സ്വീകരിച്ചു വേണ്ടത്ര ചർച്ചയും ആലോചനയും നടത്തി രൂപപ്പെടുത്തിയ പ്രമാണസംഹിതയാണിത്. 114 ദിവസം കരടുഭരണഘടന ചർച്ചകൾക്കു വിധേയമായശേഷമാണ് 1950 ജനുവരി 26 ന് ഭരണഘടന നിലവിൽവരുന്നത്.

ഭരണഘടനയിൽ ഭേദഗതികളുണ്ടാകണമെന്ന് അഭിപ്രായമുണ്ടെങ്കിൽ അതേക്കുറിച്ച് അഭിപ്രായപ്രകടനം നടത്തുന്നതും വിമർശനങ്ങളുന്നയിക്കുന്നതും കുറ്റകരമല്ല, ശരിയുമാണ്. എന്നാൽ, ഭരണഘടനയെ അവഹേളിക്കാൻ ശ്രമിക്കുന്നതും അതിന്റെ പരിശുദ്ധിയെ കുറച്ചുകാണിക്കുന്നതും ഭരണഘടനാലംഘനവും നിയമവിരുദ്ധവുമാണ്. കേരളത്തിൽ പ്രസംഗത്തിന്റെ പേരിൽ മന്ത്രിസ്ഥാനം നഷ്ടപ്പെട്ട ആർ. ബാലകൃഷ്ണപിള്ളയുടെ 'പഞ്ചാബ് മോഡൽ' പ്രസംഗത്തെക്കാൾ ഗൗരവമുള്ളതാണു സജി ചെറിയാന്റെ പരാമർശങ്ങളെന്നാണ് നിയമവിദഗ്ധർ അഭിപ്രായപ്പെടുന്നത്. സംസ്ഥാനചരിത്രത്തിൽ മറ്റൊരു മന്ത്രിയും ഭരണഘടനയെ ഇത്തരത്തിൽ അപമാനിച്ചിട്ടില്ലെന്ന് അവർ ഒന്നടങ്കം ചൂണ്ടിക്കാട്ടുന്നു. സത്യപ്രതിജ്ഞാലംഘനം എന്ന നിലയ്ക്ക് തീർത്തും നിരുത്തരവാദിത്വപരമായ ഈ പ്രസ്താവനയ്ക്ക് ഒരു ഖേദപ്രകടനം നിയമസഭയിൽ നടത്തിയാൽ മതിയോ എന്നത് സാംസ്കാരികകേരളം ഉറ്റുനോക്കുന്നു. മുഖ്യമന്ത്രിയുടെ ഉപദേശമനുസരിച്ച് സംസ്ഥാനമന്ത്രിയെ നിയമിക്കുന്ന ഗവർണറുടെ നിലപാട് നിർണായകമാണ്. മന്ത്രിക്കു നേർവഴി കാണിക്കാൻ ഉത്തരവാദിത്വമുള്ള മുഖ്യമന്ത്രി തന്നെയും മൗനം വെടിഞ്ഞ് ജനങ്ങളോടു മറുപടി പറയാൻ ബാധ്യസ്ഥനാണ്.

ഒരു സാഹചര്യത്തിലും നമ്മുടെ പാവനമായ ഭരണഘടനയും അതിന്റെ ശില്പികളും അപമാനിക്കപ്പെടാൻ പാടില്ലെന്ന് ഓരോ ഇന്ത്യൻപൗരനും ഉറപ്പുവരുത്തണം. ഓരോ പൗരന്റെയും പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം ഇതായിരിക്കേ, ഭരണഘടനയിൽ തൊട്ട് സത്യം ചെയ്ത് അധികാരമേൽക്കുന്നവരുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ഇനിയാരു ബോധവത്കരിക്കും? ഡോ. ബി. ആർ. അംബേദ്കറുടെ വാക്കുകൾ ഓർമയിൽ വരുന്നു: " ഭരണഘടന എത്ര നല്ലതായാലും അതു നടപ്പാക്കുന്നവർ കൊള്ളില്ലെങ്കിൽ അതു നിഷ്ഫലമാകും. നല്ല ഭരണകർത്താക്കളുണ്ടെങ്കിൽ ഏതു ഭരണഘടനയും, അതിൽ കുറവുകളുണ്ടെങ്കിൽപ്പോലും മികവുറ്റതായി മാറും."

■

# മതസൗഹാർദകേരളം ഇന്നെവിടെ?

ദീപനാളം ജൂലൈ 7 ലക്കം മുഖലേഖനത്തിൽ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ ഉന്നയിച്ച ചോദ്യം പ്രസക്തമാണ്: പൂർവികരിലൂടെ ലഭിച്ച വിശ്വാസം നമ്മുടെ കരങ്ങളിൽ ഭദ്രമാണോ? തങ്ങൾക്കു ലഭിച്ച വിശ്വാസം അവികലം കാത്തുസൂക്ഷിച്ച് അടുത്ത തലമുറയ്ക്കു കൈമാറുന്നതിനു നമ്മുടെ പൂർവികർ നിഷ്ഠയുള്ളവരായിരുന്നുവെന്ന് അദ്ദേഹം പറയുന്നു. ദാരിദ്ര്യവും രോഗവും നാശനഷ്ടങ്ങളും നേരിട്ടപ്പോഴും അവർ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിന്നു. ത്യാഗം, അധ്വാനം, പ്രാർത്ഥന എന്നിവകൊണ്ട് അവർ തങ്ങളുടെ വിശ്വാസജീവിതത്തിനു കോട്ടകെട്ടി.

പൂർവികരുടെ പാതയിൽനിന്ന് പുതിയ തലമുറ വ്യതിചലിച്ചുവെന്നാണോ? പഴയ തലമുറ അനുഭവിച്ച കഷ്ടപ്പാടുകളെ പുതിയ കാലവുമായി താരതമ്യം ചെയ്യുന്നതിലർത്ഥമില്ല. കാലം എത്രയോ മുന്നോട്ടു പോയി! യാത്രാസൗകര്യങ്ങൾ പതിന്മടങ്ങു വർദ്ധിച്ചു! സാങ്കേതികരംഗത്തു വിപ്ലവകരമായ ഒരു കുതിച്ചുചാട്ടംതന്നെ സംഭവിച്ചുകഴിഞ്ഞു. മുമ്പു മൈലുകൾ താണ്ടി ഇടവകപ്പള്ളിയിൽ അണഞ്ഞിരുന്ന പഴയ കാരണവന്മാരുടെ സ്ഥാനത്ത് ഇന്നു കാൽനടയായി പള്ളിയിൽ വരുന്നവരുടെ എണ്ണം തന്നെ തുലോം പരിമിതമായിരിക്കുന്നു. പോയ തലമുറയുടെയത്ര വിശ്വാസദാർഢ്യം ഇന്നുള്ളവർക്കില്ലായെന്നാണ് ഒരുപരാതി. അതു ശരിയോ? ആചാരാനുഷ്ഠാനങ്ങളിലുള്ള



**പ്രതികരണം**


ആഭിമുഖ്യത്തിന്റെ അളവുനോക്കിയാണ് നാം പലപ്പോഴും മറ്റുള്ളവരുടെ വിശ്വാസത്തെ വിലയിരുത്തുന്നത്. ഒരാളുടെ ഉള്ളിലെ വിശ്വാസത്തിന്റെ ആഴം ആരളക്കും?


ഇതൊന്നുമല്ല ഇപ്പോഴത്തെ വിഷയം. യേശുവിന്റെ സ്നേഹപ്രമാണത്തെ മറന്ന്, മതസംരക്ഷണത്തിന്റെ പേരുപറഞ്ഞ് ഒരുതരം മതമൗലികവാദത്തിന്റെ തലത്തിലേക്ക് നമ്മുടെ യുവതലമുറയെ ആരൊക്കെയോ വലിച്ചിഴയ്ക്കുന്നില്ലേയെന്നു സംശയിക്കണം. മറ്റു മതങ്ങളിലെ ചില വിഭാഗീയപ്രവണതകളുടെ പേരിൽ ആ മതത്തെ മൊത്തത്തിൽ കടന്നാക്രമിക്കുന്ന രീതി മനുഷ്യസ്നേഹികൾക്ക് അംഗീകരിക്കാൻ കഴിയുന്ന ഒന്നല്ല. മതതീവ്രവാദം ഏതു മതത്തിലായാലും അപലപിക്കപ്പെടണം.

നിർഭാഗ്യകരമായ ഒരു സംഭവം എവിടെയെങ്കിലുമുണ്ടായെന്നിരിക്കട്ടെ. അവിടെയൊന്നും ഒരു മതസൗഹാർദത്തിന്റെ സ്വരത്തിൽ സംസാരിക്കാൻ ഒരു മതാധ്യക്ഷനും ഇല്ലെന്നായിരിക്കുന്നു. എന്നു മാത്രമല്ല, സ്വന്തം സ്വാർത്ഥതാത്പര്യത്തിനുവേണ്ടി, യാതൊരു തത്ത്വദീക്ഷയുമില്ലാതെ, മറ്റു സമുദായങ്ങളെയും നേതാക്കളെയും അത്യന്തം നിന്ദ്യമായ രീതിയിൽ ആരെങ്കിലും ആക്ഷേപിച്ചാൽ അങ്ങനെയുള്ളവരെ തോളിലേറ്റി ആഘോഷിക്കുന്ന രീതിയെ ഓരോ സമുദായനേതാക്കളും തിരുത്തുന്നതിനുപകരം കുറ്റകരമായ മൗനം പാലിക്കുകയാണ്. ഇനിയെങ്കിലും, മതസൗഹാർദത്തിനു പേരുകേട്ട കേരളത്തെ ഇന്നത്തെ നിലയിലെത്തിച്ചതിന്റെ ഉത്തരവാദിത്വത്തിൽ തങ്ങൾക്കും പങ്കുണ്ടോയെന്ന് ഓരോരുത്തരും ആത്മപരിശോധന നടത്തുന്നതു നന്ന്.

ജോസഫ് തോമസ്
പള്ളിക്കത്തോട്

**പുളിമധുരം** — പ്രതാപൻ പുളിമാത്ത്





സി.എൽ. ജോസ്

പ്രശസ്തമായ ആ മെഡിക്കൽ കോളജിലെ ഒരു സംഘം ഡോക്ടർമാർ വിദഗ്ധമായ ടെസ്റ്റുകൾക്കും പരിശോധനകൾക്കും ശേഷം തീർപ്പുകല്പിച്ചു. ജയ്മോന്റെ ആരോഗ്യനില തീർത്തും മോശമാണ്. പരമാവധി മൂന്നുമാസമേ ജീവിച്ചിരിക്കൂ. അതിനുള്ളിൽ...

ഇരുപത്താറു വയസ്സുമാത്രം പ്രായമുള്ള ജയ്മോൻ രോഗത്തിന്റെ ഗുരുതരാവസ്ഥ മനസ്സിലാക്കിയെങ്കിലും ഞെട്ടിയില്ല, തളർന്നില്ല. നിസ്സംഗതയോടെ അത് അംഗീകരിച്ചു. എല്ലാം വിധിയുടെ ക്രൂരവിനോദം എന്നു സ്വയം സമാധാനിച്ചു. ഭാഗ്യവശാൽ രോഗത്തിന്റെ ഗൗരവമനുസരിച്ചുള്ള വേദനയോ അവശതയോ ഇല്ല.

എന്തായാലും വീര്യമേറിയ മരുന്നുകളും ശക്തമായ ചികിത്സാവിധികളും തനിക്കു വേണ്ടെന്ന് ആ യുവാവ് തീർത്തു പറഞ്ഞു. ആയുസ്സിലെ ഇനിയുള്ള നാളുകൾ സന്തോഷിക്കാനും സംതൃപ്തിയടയാനും ജയ്മോൻ ഒരു മാർഗം കണ്ടെത്തി. കിട്ടാവുന്നിടത്തോളം നല്ല പുസ്തകങ്ങൾ സമ്പാദിച്ചു വായിക്കുക.

അടുത്ത ദിവസം ജയ്മോൻ കോളജിനടുത്തുള്ള ബുക്ക്സ്റ്റാളിലേക്കു പോയി. ജൂലിയെന്ന അവിടത്തെ സെയിൽസ്ഗേളുമായി ജയ്മോൻ പെട്ടെന്നു പരിചയത്തിലായി. ജൂലിയുടെ പുഞ്ചിരിക്കുന്ന മുഖവും സൗമ്യമായ പെരുമാറ്റവും സ്നേഹം തുളുമ്പുന്ന സംസാരവും ജയ്മോനെ വല്ലാതെ ആകർഷിച്ചു. അവളെ നന്നായി ഇഷ്ടപ്പെടുകയും ഉള്ളാലേ സ്നേഹിക്കുകയും ചെയ്തു. തന്റെ രാഗവായ്പ് ജയ്മോൻ ജൂലിയോടു തുറന്നുപറയാൻ തുനിഞ്ഞില്ല. ഹൃദയമാകുന്ന രഹസ്യപേടകത്തിൽ അതു സൂക്ഷിച്ചു. തന്റെ രോഗവിവരത്തെപ്പറ്റി അവളെ അറിയിച്ചുമില്ല. അറിയിച്ചാൽ സഹതാപവും സാന്ത്വനവുമായി അരികിലെത്തും. ജയ്മോന് അതിഷ്ടമില്ല.

ഒന്നിടവിട്ട ദിവസങ്ങളിൽ ജയ്മോൻ ബുക്ക്സ്റ്റാൾ സന്ദർശിച്ചു. പുസ്തകങ്ങൾ വാങ്ങി ജൂലിയുമായി കുറച്ചുനേരം സംസാരിക്കും. ഇരുവർക്കും മനസ്സിനു കുളിർമ നൽകുന്ന നിമിഷങ്ങളായിരുന്നു അവ. പലപ്പോഴും അവർ ഒരു കാപ്പി ഷെയർ ചെയ്തു കുടിക്കും, ബിസ്കറ്റു പങ്കുവയ്ക്കും. അതൊരു പതിവായി. ജയ്മോനുമായുള്ള സൗഹൃദവും സംസാരവും ജൂലിയിൽ അനുരാഗത്തിന്റെ കുഞ്ഞലകൾ സൃഷ്ടിച്ചു. നാമ്പിട്ട പ്രണയം വശ്യമായ പുഞ്ചിരിൽ ഒളിപ്പിച്ചു.

തുടർന്ന് ഓരോ പ്രാവശ്യവും ജയ്മോൻ പുസ്തകം വാങ്ങുമ്പോൾ ജൂലി അതു ഭംഗിയായി പൊതിഞ്ഞുകെട്ടി ഒരു ഗിഫ്റ്റ്പോലെ സമ്മാനിക്കും. അങ്ങനെ പങ്കുചേർന്നുള്ള കാപ്പികുടിയും പുസ്തകത്തിന്റെ സമ്മാനപ്പൊതി നൽകലും കുറെനാൾ തുടർന്നു. ഏതെങ്കിലും കാരണത്താൽ പ്രതീക്ഷിക്കുന്ന ദിവസം ജയ്മോനെ കണ്ടില്ലെങ്കിൽ ജൂലിക്ക് ഇച്ഛാഭംഗവും വിഷാദവുമായി.

കുറെ ദിവസങ്ങളായി ജയ്മോനെ കാണാതായപ്പോൾ ജൂലിയുടെ മനസ്സ് അസ്വസ്ഥമായി. ആകാംക്ഷ ഉത്കണ്ഠയായി. എന്തുപറ്റി? കൊണ്ടുപോയ പുസ്തകങ്ങൾ വായിച്ചുതീർന്നില്ലേ? അതോ പുതിയ പുസ്തകങ്ങൾ തേടി മറ്റേതെങ്കിലും ബുക്ക്സ്റ്റാളിൽ പോയിരിക്കുമോ? അങ്ങനെയെങ്കിൽ ജയ്മോൻ ഈ ജൂലിയെ കാണാനും ഒരുമിച്ചിരുന്നു പങ്കുവച്ചു കാപ്പികുടിക്കാനും ഇനി വരില്ലായിക്കുമോ? വിഷമവും വിഷാദവും ആ മനസ്സിനുള്ളിൽ പുകഞ്ഞു. ഉത്കണ്ഠ വ്യസനത്തിനു വഴി മാറിക്കൊടുത്തു.

ഒന്നന്വേഷിക്കാമെന്നു വച്ചാൽ ജയ്മോന്റെ വീടു ജൂലിക്കു കൃത്യമായി അറിയില്ല. ഇരുന്നിട്ടു സ്വസ്ഥതയില്ല. അന്വേഷിച്ചിറങ്ങി. പലരോടും ചോദിച്ചു. ഒടുവിൽ കണ്ടുപിടിച്ചു. ഗേറ്റു കടന്നുചെന്നു. ജയ്മോന്റെ അമ്മ മകന്റെ മുറിയിലായിരുന്നു. മുമ്പു പരിചയമില്ലെങ്കിലും ആ അമ്മ അവളെ സ്വീകരിച്ചിരുത്തി.

'മോനെവിടെ?' എന്നു ജൂലി ചോദിക്കുംമുമ്പ് അമ്മ വിതുമ്പിക്കരഞ്ഞു പറഞ്ഞു:

"ജയ്മോൻ ഒരാഴ്ചമുമ്പ് മരിച്ചുപോയി. കാൻസറായിരുന്നു..."

# മൗനരാഗം

ജൂലിയുടെ നെഞ്ചിനുള്ളിൽ ഇടിവാൾ മിന്നി. തലയ്ക്കുള്ളിൽ ഒരു വിസ്ഫോടനമുണ്ടായതുപോലെ സ്തംഭിച്ചിരുന്നു. വിങ്ങുന്ന ഹൃദയം. നീറുന്ന നിമിഷങ്ങൾ. അവളുടെ നിറമിഴികൾ ബുക്ക് ഷെൽഫിൽ നിറഞ്ഞിരിക്കുന്ന പുസ്തകങ്ങൾ കണ്ടു. അതിനരികെ മേശപ്പുറത്ത് അവൾ ഭംഗിയായി പൊതിഞ്ഞു സമ്മാനംപോലെ കൈമാറിയ പുസ്തകങ്ങൾ കണ്ടു. അതിലൊരെണ്ണം തുറന്നിരിക്കുന്നതും കണ്ടു. പെട്ടെന്നവൾ വിങ്ങിപ്പൊട്ടി വാവിട്ടു കരഞ്ഞു. അമ്മ അന്ധാളിച്ചുപോയി. പരിഭ്രാന്തിയോടെ അമ്മ ചോദിച്ചു: "എന്തുപറ്റി മോളേ, എന്തിനാ നീ കരയുന്നത്?"

"അമ്മേ! വൃത്തിയായി പൊതിഞ്ഞു ഞാൻ കൊടുത്തുവിട്ട പാക്കറ്റുകൾ എന്തേ ജയ്മോൻ തുറക്കാതിരുന്നത്? ജയ്മോൻ എന്നെ ഏറെ സ്നേഹിച്ചിരുന്നുവെന്ന് എനിക്കറിയാം. അതിലിരട്ടിയായി ഞാൻ ജയ്മോനെ സ്നേഹിച്ചിരുന്നു. അതു തുറന്നുപറയാൻ എനിക്കു ധൈര്യമുണ്ടായില്ല. കാരണം, ഞാനൊരു പാവപ്പെട്ട വീട്ടിലെ മകളാണ്. നേരിട്ടുപറയാൻ ഭയമായിട്ട് എന്റെ ഓരോ സ്നേഹക്കുറിപ്പുകൾ ഈ പുസ്തകപ്പൊതിയിലാണ് വച്ചിരുന്നത്... ജയ്മോൻ ഈ രോഗത്തെപ്പറ്റി ഒരിക്കലും എന്നോടു പറഞ്ഞില്ല.... അയ്യോ!..."

ജൂലി മുഖംപൊത്തി വിതുമ്പി. ആ കരച്ചിൽകേട്ട് ആ അമ്മ ഒരു പ്രതിമകണക്കെ സ്തംഭിച്ചിരുന്നു.

(എന്റെ സുഹൃത്തും തൃശൂർ സ്വദേശിയുമായ ജെ. കവാൽ ഇംഗ്ലീഷിലെഴുതിയ കഥയുടെ സ്വതന്ത്രസംഗ്രഹമാണിത്.)

■

# പാവങ്ങൾക്കായി ഉഴിഞ്ഞുവച്ച പുണ്യജീവിതം



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

2022 മേയ് പതിനഞ്ചാം തീയതി വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട പത്തു പേരിൽ അഞ്ചുപേർ ഇറ്റലിയിൽനിന്നുള്ളവരാണ്. രണ്ടുപേർ വൈദികരും മൂന്നുപേർ സന്ന്യാസിനികളും. അവരെല്ലാവരും സന്ന്യാസസഭാസ്ഥാപകരും പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലുമായി ജീവിച്ചവരുമാണ്.

ഈ ലേഖനത്തിൽ പ്രതിപാദിക്കുന്ന വിശുദ്ധ മരിയ ദി ജേസു സാന്തോ കനാലെ കോൺഗ്രിഗേഷൻ ഓപ്പ് ദി കപ്പൂച്ചിൻ സിസ്റ്റേഴ്സ് ഓഫ് ദി ഇമാക്കുലേറ്റ് മേരി ഓഫ് ലൂർദ് എന്ന സഭയുടെ സ്ഥാപികയാണ്.



വി. മരിയ ദി ജേസു സാന്തോ കനാലെ

1852 ഒക്ടോബർ രണ്ടാംതീയതിയാണ് പലേർമോ എന്ന ഇറ്റാലിയൻപട്ടണത്തിൽ വി. മരിയ ദി ജേസു ജനിക്കുന്നത്. കുടുംബനാമം സാന്തോ കനാലെയെന്നും മാമ്മോദീസായിൽ നല്കിയ പേര് കറൊളീന എന്നുമാണ്. അമ്മയിൽനിന്നാണ് കറൊളീന വിശുദ്ധജീവിതത്തിന്റെ ആദ്യപാഠങ്ങൾ പഠിച്ചത്.

ഒരു സമ്പന്നകുടുംബത്തിലെ അംഗമായിരുന്ന കറോളീനായെ എല്ലാ വിഷയത്തിനും പ്രത്യേകാധ്യാപകരെ വച്ച് വീട്ടിൽത്തന്നെ വിദ്യാഭ്യാസം നല്കി. സംഗീതവും മറ്റു കലകളും ഫ്രഞ്ചുഭാഷയുമൊക്കെ അഭ്യസിപ്പിച്ചു.

19 വയസ്സുള്ളപ്പോൾ സമർപ്പിതജീവിതത്തിനുള്ള ആഗ്രഹം മാതാപിതാക്കളെ അവൾ അറിയിച്ചു. പിതാവിന് ഇതു സമ്മതിച്ചുകൊടുക്കാൻ വലിയ എതിർപ്പുണ്ടായിരുന്നു. അതുകൊണ്ട് ഇടവകയിൽ ആരംഭിച്ച 'മേരീമക്കൾ' എന്ന ഭക്തസംഘടനയിൽ കറോളീനാ ചേരുകയും 15 വർഷത്തോളം അതിനെ നയിക്കുകയും ചെയ്തു. പലേർമോയ്ക്കു സമീപത്തുതന്നെയുള്ള ഒരു സന്ന്യാസഭവനം പതിവായി സന്ദർശിക്കുകയും അവിടെയുള്ള പ്രായമായ സന്ന്യാസിനികളെ ശുശ്രൂഷിക്കുകയും ചെയ്തു. അക്കാലഘട്ടത്തിൽ പലവിധ രോഗങ്ങൾ അവരെ അലട്ടിയിരുന്നു. കാലിന്റെ വേദന കാരണം പതിനാറുമാസം ശയ്യാവലംബയായിരുന്നപ്പോൾ എല്ലാ ക്ലേശവും ക്ഷമയോടെ സഹിച്ചു. മൗരോ വെനൂത്തി എന്ന വൈദികന്റെ ആധ്യാത്മികോപദേശങ്ങൾ അവർക്കു ശക്തി പകർന്നു.

മാതാപിതാക്കളുടെ അനുവാദത്തോടെ കരോളിനായുടെ പേരിലുള്ള വീട്ടിൽ നാലു യുവതികളെയും കൂട്ടി പ്രാർത്ഥനയുടെയും പരസ്നേഹപ്രവൃത്തികളുടെയും ജീവിതം നയിച്ചു. ദിവ്യകാരുണ്യാരാധനയ്ക്കുള്ള സൗകര്യം മേലധികാരികളുടെ സഹായത്തോടെ ആ വീട്ടിൽത്തന്നെ ഒരുക്കി. രാത്രികാലത്ത് ദീർഘസമയം ആരാധനയിൽ ചെലവഴിച്ചു. 1911 ൽ രൂപതാധ്യക്ഷന്റെ അനുവാദത്തോടെ ഒരു പുതിയ സന്ന്യാസസമൂഹത്തിനു തുടക്കം കുറിച്ചു.

മരിയ ദി ജേസു എന്ന പേരും സ്വീകരിച്ചു. പുതിയ അംഗങ്ങൾ ധാരാളമായി ഈ സന്ന്യാസിനീസമൂഹത്തിൽ ചേരുകയും പുതിയ ശാഖകൾ തുടങ്ങുകയും ചെയ്തു. സഭാധികാരികളുടെ തീരുമാനങ്ങൾക്ക് മദർ മരിയ എപ്പോഴും വിധേയയായിരുന്നു. അവരുടെ ആരോഗ്യം ക്ഷയിക്കുകയും 1923 ജനുവരി 27–ാം തീയതി ആ ധന്യജീവിതം പര്യവസാനിക്കുകയും ചെയ്തു. വലിയ ജനാവലിയുടെ സാന്നിധ്യത്തിലാണ് അവരുടെ മൃതസംസ്കാരച്ചടങ്ങുകൾ നടന്നത്.

നാമകരണനടപടികൾ 1977 ലാണ് രൂപതാതലത്തിൽ ആരംഭിച്ചത്. 2016 ജൂൺ 12–ാം തീയതി വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ടു. ജനുവരി 27 തിരുനാൾദിനമായി നിശ്ചയിക്കുകയും ചെയ്തു. തദവസരത്തിൽ, 'പാവപ്പെട്ടവരോടൊപ്പം പാവപ്പെട്ടവളാകാൻ ജീവിതസൗകര്യങ്ങളെല്ലാം ത്യജിക്കുകയും ദിവ്യകാരുണ്യാരാധനയിൽനിന്നു ശക്തി പകരുകയും ചെയ്ത പുണ്യവതിയാണ് മരിയ ദി ജേസു സാന്തോ കനാലെ' എന്ന് പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പാ പ്രസ്താവിക്കുകയുണ്ടായി.

■

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# വില്ലനും വില്ലത്തിയും



നടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിൽ ദിലീപിനെ വില്ലനായും കാവ്യയെ വില്ലത്തിയായും ചിത്രീകരിച്ചുകൊണ്ടാണ് അനുദിനം മാധ്യമവിചാരണ നടക്കുന്നത്. കേസിന്റെ നിജസ്ഥിതി എന്തുതന്നെയായാലും വില്ലത്തി എന്ന നൂതനപദം ഇപ്പോൾ ഏറെ പരിചിതമായി. ലത്തീൻ ഭാഷയിൽ വേരുള്ളതും ഫ്രഞ്ചുവഴി ഇംഗ്ലീഷിൽ എത്തിയതുമായ വാക്കാണ് വില്ലൻ (Villain). ഇംഗ്ലീഷിൽ നിന്നാണ് വില്ലൻ എന്ന പദത്തെ മലയാളം കടംകൊണ്ടത്. വില്ലൻ എന്ന വാക്കിന്, Person, guilty or capable do great wickedness, infidel, knave, rogue, black guard, traitor, wicked - wretch എന്നെല്ലാം നിഘണ്ടുക്കൾ അർത്ഥം നൽകുന്നു.

ഗൗരവമായ കുറ്റകൃത്യങ്ങൾ ചെയ്തിട്ടുള്ളവനോ ചെയ്യാൻ സാധ്യതയുള്ളവനോ ആയ നീചവ്യക്തിയാണ് വില്ലൻ. വാമൊഴിയിൽ പോക്കിരിയും വില്ലനാണ്. സാഹിത്യത്തിൽ നായകനെ/നായികയെ എതിർക്കുന്ന വ്യക്തിയായി വില്ലനെ കാണക്കാക്കുന്നു. ഷേക്സ്പിയറുടെ ഒഥല്ലോ നാടകത്തിലെ ഇയാഗോ എന്ന കഥാപാത്രം വില്ലന് ഉദാഹരണമാണ്.

വില്ലൻ എന്ന പദത്തിലെ 'അൻ' മലയാളത്തിലെ പുല്ലിംഗപ്രത്യയമല്ല. 'അൻ' പുല്ലിംഗപ്രത്യയമാണ് എന്നു ധരിച്ചതിന്റെ ഫലമാകാം വില്ലത്തി എന്ന പ്രയോഗം മൂലമുണ്ടായ നിർമിതിയെന്നു പറയാം. നീചയായ സ്ത്രീയാണ് വില്ലത്തിയാകുന്നത്. സ്ത്രീശബ്ദത്തിന്റെ തദ്ഭവമാണ് 'ത്തി' എന്ന പ്രത്യയം. ഈ പരിണാമത്തെ ഇങ്ങനെ രേഖപ്പെടുത്താം. വില്ല →സ്ത്രീ →വില്ല → ത്തി = വില്ലത്തി. "സ്വരാന്തത്തിൽ ത്തി എന്നാകും/ സ്ത്രീലിംഗത്തിന്റെ പ്രത്യയം/ താലവ്യാദേശവുമുണ്ടാകും/ സ്വരം താലവ്യമാവുകിൽ, (കാരിക 413)* എന്ന വിധിപ്രകാരം സ്വരാന്തനാമങ്ങളിലാണ് സ്ത്രീലിംഗത്തിന്റെ പ്രത്യയം ത്തി എന്നാകുന്നത്. നാമാന്ത്യസ്വരം താലവ്യമാണെങ്കിൽ താലവ്യാദേശവും സംഭവിക്കാം. അങ്ങനെയെങ്കിൽ 'വില്ലച്ചി' എന്ന രൂപവും വ്യാകരണദൃഷ്ട്യാ ശരിയാണ്. വില്ലന് ചിലപ്പോൾ നായകനെക്കാൾ പ്രാധാന്യം ലഭിക്കാം. അതുകൊണ്ടാവണം വില്ലനെ സൂചിപ്പിക്കാൻ പ്രതിനായകൻ (Anti hero) എന്ന സംജ്ഞയും ഇപ്പോൾ ഉപയോഗിക്കുന്നത്. നാരായണഭട്ടന്റെ വേണീസംഹാരത്തിൽ സുയോധനൻ പ്രതിനായകനും ഭാനുമതി പ്രതിനായികയുമാണെന്നു കരുതാം.


*നമ്പൂതിരി, ഇ.വി.എൻ. കേരളഭാഷാവ്യാകരണം, ഡി.സി.ബുക്സ്, കോട്ടയം, 2005, പുറം – 82




ജൂലൈ 17
ശ്ലീഹാക്കാലം
ഏഴാം ഞായർ

സംഖ്യ 11:16-18; 24-30
1 സാമു 16 : 14-23
ഗലാ 5 : 16 - 26
യോഹ 14:15-20; 25,26

# സഹായകനായ സത്യാത്മാവ്





ഡോ. തോമസ് വടക്കേൽ

ഈശോ തന്റെ പ്രബോധനങ്ങൾക്കിടയിൽ ശ്ലീഹന്മാർക്കും മറ്റുള്ളവർക്കുമൊക്കെ ഉണ്ടായിരിക്കേണ്ട വിശ്വാസത്തെക്കുറിച്ചു പഠിപ്പിക്കുകയും ഒപ്പം അവിടുത്തെ സ്നേഹിക്കുകയും കല്പനകൾ പാലിക്കുകയും ചെയ്യേണ്ടതിനെക്കുറിച്ച് അവരെ ഓർമിപ്പിക്കുകയും ചെയ്യുന്നുണ്ട്. അപ്രകാരം ജീവിക്കുന്നവരിൽ ആത്മാവ് വന്നു നിറയുമെന്ന വാഗ്ദാനവും അവിടുന്നു നൽകുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ അഞ്ചുപ്രാവശ്യം സഹായകനായ പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുന്നുണ്ട്. ഈശോയുടെ വിടവാങ്ങലിന്റെ പശ്ചാത്തലത്തിൽ, ഇത്തരത്തിലുള്ള ഒന്നാമത്തെ അവതരണമാണ് ശ്ലീഹാക്കാലം ഏഴാം ഞായറാഴ്ചത്തെ സുവിശേഷ വായനയിലുള്ളത്.

നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന പാലിക്കും (14:15). 'കല്പന, നിയമം' (commandment, precept) എന്നീയർത്ഥങ്ങളുള്ള എൻതോലെ (entole) എന്ന ഗ്രീക്കുപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈശോയുടെ കല്പനകൾ എന്നു പറയുന്നത് പഴയനിയമകല്പനകൾക്കപ്പുറത്തുള്ള സ്നേഹത്തിന്റെ കല്പനയാണ്: The law of love. "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ..." (യോഹ. 13:34-35). കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്; കൈയ്ക്കുപകരം കൈ, കാലിനു പകരം കാല് (പുറപ്പാട് 21:24) എന്ന പഴയ നിയമത്തിനു പകരമായി ഈശോ നൽകുന്ന നിയമം 'അഗാപെ' (agape) - സ്നേഹത്തിന്റേതാണ്.

ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരും (14:16). താൻ വിട വാങ്ങിയാലും ശിഷ്യർക്ക് എന്നും തുണയായി ഒരു സഹായകൻ ഉണ്ടാകും എന്ന ഈശോയുടെ വാഗ്ദാനമാണിത്. "സഹായകൻ, ആശ്വാസകൻ" (comforter, helper, advocate, intercessor) എന്നീയർത്ഥങ്ങളുള്ള പാരക്ലേത്തോസ് (parakletos) എന്ന ഗ്രീക്കുനാമമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. 'കോടതിയിൽ ഒരാളെ സഹായിക്കാൻ അരികിലേക്കു വിളിക്കപ്പെട്ടവൻ' എന്ന അർത്ഥതലത്തിലാണ് ഈ പദം പൊതുവെ ഉപയോഗിച്ചിരുന്നത്. ഈശോയ്ക്കു ശേഷം ശിഷ്യരുടെ അരികിൽ അവർക്ക് ആശ്വാസകനായും മദ്ധ്യസ്ഥനായും സഹായിയായും പരിശുദ്ധാത്മാവ് ഉണ്ടാകും എന്ന ഒരു ഉറപ്പാണിത്.

ഈശോ എന്നും ഒരു 'സഹായകൻ' ആണ്. അക്കാരണത്താലാണ് 'മറ്റൊരു സഹായകനെ' (another advocate) എന്ന് ഇവിടെ കുറിച്ചിരിക്കുന്നത്. 1 യോഹ 2:1 പ്രകാരം ഈശോ 'സ്വർഗീയസഹായകൻ' ആണ്: "പിതാവിന്റെ സന്നിധിയിൽ നമുക്ക് ഒരു മധ്യസ്ഥനുണ്ട് - നീതിമാനായ യേശുക്രിസ്തു." ഈശോയുടെ ഭൗമികശുശ്രൂഷകൻ തുടർന്നുകൊണ്ടുപോകുന്ന അദൃശ്യനായ സഹായകനാണ് പരിശുദ്ധാത്മാവ്. പിതാവാണ് ഈ സഹായകനെ എല്ലാവർക്കുമായി നല്കുന്നത് (14:16). യോഹ 15:26 പ്രകാരം ഈശോ പിതാവിന്റെ അടുത്തു നിന്ന് അയയ്ക്കുന്ന സഹായകനാണ് 'സത്യാത്മാവ്' (Spirit of Truth).

**സ്വാഭാവികകാഴ്ച മാത്രമുള്ള ലോകത്തിന്റെ മനുഷ്യർക്ക് സത്യാത്മാവിനെ ദർശിക്കാൻ സാധ്യമല്ല. കാരണം, അതിനു മാനുഷികശരീരമില്ല. എന്നാൽ, ഈശോയിൽ വിശ്വസിക്കുന്ന ക്രിസ്തീയകൂട്ടായ്മയ്ക്ക് ഈ ആത്മാവിനെ സ്വീകരിക്കാൻ സാധിക്കും. ഒപ്പം, ആത്മാവിന്റെ ദാനങ്ങളും ഫലങ്ങളും സ്വീകരിക്കാനും.**

ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ, നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങളോടൊത്തു വസിക്കുന്നു. നിങ്ങളിൽ ആയിരിക്കുകയും ചെയ്യും (14:17). ഈശോ അയയ്ക്കുന്ന സഹായകനെ കൂടുതൽ വ്യക്തമാക്കുകയാണ് ഈ വാക്യത്തിലൂടെ. ഇത് സത്യത്തിന്റെ ആത്മാവാണ് (പ്നെവുമാതെസ് അലെത്തെയ്യാസ്-pneuma tes aletheias). ഇത് സത്യത്തിനു സാക്ഷ്യം വഹിക്കുന്ന ആത്മാവാണ് (14:26). 'ലോകം' എന്നർത്ഥം വരുന്ന കോസ്മോസ് (kosmos) എന്ന പദം സൂചിപ്പിക്കുന്നത് ഈശോയിൽ വിശ്വസിക്കാത്ത അക്രൈസ്തവരെയും ക്രിസ്തീയമാർഗത്തോട് എതിരായി നിൽക്കുന്ന സമൂഹത്തെയുമാണ്. അവർക്ക് ഈ ആത്മാവിനെ സ്വീകരിക്കാൻ സാധിക്കുകയില്ല. അതായത്, വിശ്വാസികൾക്കാണ് ആത്മാവിന്റെ നിറവ് അനുഭവവേദ്യമാകുന്നത്.

സത്യാത്മാവിന്റെ പ്രത്യേകത അദൃശ്യമാണ് എന്നുള്ളതാണ്. സ്വാഭാവികകാഴ്ച മാത്രമുള്ള ലോകത്തിന്റെ മനുഷ്യർക്ക് സത്യാത്മാവിനെ ദർശിക്കാൻ സാധ്യമല്ല. കാരണം, അതിനു മാനുഷികശരീരമില്ല. എന്നാൽ, ഈശോയിൽ വിശ്വസിക്കുന്ന ക്രിസ്തീയകൂട്ടായ്മയ്ക്ക് ഈ ആത്മാവിനെ സ്വീകരിക്കാൻ സാധിക്കും. ഒപ്പം, ആത്മാവിന്റെ ദാനങ്ങളും ഫലങ്ങളും സ്വീകരിക്കാനും. ഈ ആത്മാവ് 'നമ്മിൽ വസിക്കുന്നു' (abides with you). വസിക്കുക, താമസിക്കുക, ജീവിക്കുക (abide, dwell, live, remain) എന്നീയർത്ഥങ്ങളുള്ള മെനോ (meno) എന്ന ഗ്രീക്കുക്രിയാപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: "നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്നു നിങ്ങൾക്ക് അറിഞ്ഞുകൂടേ?" (1 കോറി 6:19).

ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും (14:18). ഈശോയുടെ വേർപാടിന്റെ സമയം താത്കാലികമാണെന്നും അവിടുന്ന് ഉത്ഥാനശേഷം മടങ്ങിവരുമെന്നുമുള്ള ഉറപ്പാണിത്. ഈശോയുടെ യുഗാന്ത്യവരവിനെയാണ് (പരൂസിയ - parousia) ഇത് അർത്ഥമാക്കുന്നതെന്നും പറയാറുണ്ട്. എങ്കിലും മരണാനന്തരം ഉത്ഥിതനായി ശിഷ്യന്മാർക്കു പ്രത്യക്ഷനാകും എന്നാണു പ്രധാന സൂചന. 'അനാഥൻ, സഹായമില്ലാത്തവൻ, ആശ്രയമില്ലാത്തവൻ' (orphan, abandoned, unprotected) എന്നീയർത്ഥങ്ങളുള്ള ഒർഫാനോസ് (orphanous) എന്ന നാമവിശേഷണമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ശിഷ്യന്മാർ എന്നും ഈശോയിൽ സംരക്ഷിതർ ആണെന്നാണിതിന്റെ അർത്ഥം. ഈശോയുടെ മരണത്തോടുകൂടി ഒറ്റപ്പെട്ടു പോകുന്നവരല്ല ശിഷ്യസമൂഹം. മറിച്ച്, അവിടുത്തെ തിരിച്ചുവരവിൽ 'സനാഥർ' ആണ് അവർ. 'അല്പസമയംകൂടി കഴിഞ്ഞാൽ പിന്നെ ലോകം എന്നെ കാണുകയില്ല. എന്നാൽ നിങ്ങൾ എന്നെ കാണും' (14:19) എന്ന് ഈശോ പറയുന്നതിന്റെ അർത്ഥമിതാണ്.

എന്നാൽ, എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാക്കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും (14:26). സഹായകനായ (paraclete) പരിശുദ്ധാത്മാവ് ചെയ്യുന്ന ദൗത്യങ്ങളെക്കുറിച്ചാണ് ഈശോ ഇവിടെ സൂചിപ്പിക്കുന്നത്: 1. പഠിപ്പിക്കും (teaching) 2. ഓർമ്മിപ്പിക്കും (reminding). പ്രബോധനം നൽകുക, പഠിപ്പിക്കുക (instruct, teach) എന്നീയർത്ഥങ്ങൾ വരുന്ന ഡിഡാസ്കോ (didasko) എന്ന ക്രിയാപദം 'തിരുലിഖിതം വ്യാഖ്യാനിച്ചു' കൊടുക്കുന്നതിനെയാണ് പൊതുവെ സൂചിപ്പിക്കുന്നത്. സഹായകൻ പുതിയ കാര്യം പഠിപ്പിക്കുകയല്ല; മറിച്ച്, ഈശോ പഠിപ്പിച്ചത് ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുകയാണ്. കൂടാതെ ഈശോ പഠിപ്പിച്ചതെല്ലാം സഹായകൻ ശിഷ്യസമൂഹത്തെ ഓർമ്മിപ്പിക്കും. ഈ രണ്ടു ദൗത്യങ്ങളും പരസ്പരം ചേർന്നുപോകുന്നവയാണ്. ■

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



ഒരു വിശ്വാസി
ഉരുളികുന്നം

# മാധ്യമപ്രവർത്തനത്തിലെ അപഭ്രംശങ്ങൾ

5-ാം പേജ് തുടർച്ച

**പാർട്ടിചാനൽ സിസ്റ്റം**

വിജ്ഞാനമേഖലകളും സമ്പർക്കമാധ്യമസാധ്യതകളും അധികാധികമായി വളരുകയും വികസിക്കുകയും ചെയ്തപ്പോൾ രാഷ്ട്രീയാധിനിവേശത്തിന് മാധ്യമലോകം വേദിയായി. ഓരോ പാർട്ടിക്കും സ്വന്തം ചാനൽ, പത്രം, വാരികകൾ എല്ലാമായി. സമഗ്രമായ വാർത്താവതരണശൈലിയിൽനിന്ന് സ്വന്തം ആശയാദർശങ്ങളുടെ മാത്രം വിതരണക്കാരായി മാധ്യമങ്ങൾ മാറി. രാഷ്ട്രീയാന്ധതയുടെ സ്വാധീനവും




ഏകപക്ഷീയമായ റിപ്പോർട്ടിങ് ശൈലികളും മാധ്യമപ്രവർത്തനത്തിന്റെ സമഗ്രസ്വഭാവത്തെ ചിതറിച്ചുകളഞ്ഞു. ഇത് സമൂഹമനഃസാക്ഷിയുടെ വിവേചന ശക്തിയെയും നിഷേധാത്മകമായി ബാധിച്ചു. മാധ്യമപ്രവർത്തകർ വെറും രാഷ്ട്രീയ ശിങ്കിടികളായി മാറി. പ്രതിപക്ഷബഹുമാനം, അപരനോടുള്ള ആദരവ് തുടങ്ങിയ ജനാധിപത്യസങ്കല്പങ്ങൾക്കും ഇവിടെ മങ്ങലേറ്റു.

**മാധ്യമങ്ങളുടെ ധാർമികശൈലികൾ**

കോർപറേറ്റ് സ്പോൺസർഷിപ്പുവഴിയും രാഷ്ട്രീയക്കാരുടെ സ്വാധീനങ്ങൾവഴിയും മാധ്യമങ്ങളുടെ ധാർമിക, സന്മാർഗശൈലികൾ അട്ടിമറിക്കപ്പെടുന്നു. അധികാരിപ്രീണനം, രാഷ്ട്രീയപ്രീണനം, ലാഭക്കൊതി, പക്ഷപാതശൈലികൾ, സാമ്പത്തികതിരിമറികൾ ഇവയെല്ലാം മാധ്യമപ്രവർത്തനത്തിന്റെ ശൈലീഭാവങ്ങളായി മാറുകയും സമൂഹമനഃസാക്ഷിയെ ശിഥിലമാക്കുകയും ചെയ്യുന്നു.

**മാധ്യമങ്ങളുടെ ശീതയുദ്ധം**

ഭരണവർഗത്തോടുള്ള വിധേയത്വവും പക്ഷംചേരലും സ്വതന്ത്രമാധ്യമപ്രവർത്തനത്തിനു സംഭവിച്ച അപചയങ്ങൾ തന്നെ. പലപ്പോഴും മാധ്യമപ്രവർത്തകരും മാധ്യമസ്ഥാപനങ്ങളും പരസ്പരം ശീതയുദ്ധത്തിന് ഇരകളായെന്നും വരാം. കച്ചവടതാത്പര്യങ്ങളും രാഷ്ട്രീയ സാമൂഹിക സ്വാധീനങ്ങൾക്കുവേണ്ടിയുള്ള ഒടുങ്ങാത്ത ആഗ്രഹവും അപരനോടുള്ള എതിർപ്പും പലപ്പോഴും മാധ്യമലോകത്തെ കലാപഭൂമിയാക്കാറുമുണ്ട് എന്ന് ആനുകാലിക സംഭവവികാസങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ.

**ലക്ഷ്യം TRP**
**(Target Rating Point)**

ധനലാഭം മുൻനിറുത്തിയുള്ള മാധ്യമപ്രവർത്തനശൈലിയിൽ TRP വർദ്ധന ഏതു മാധ്യമത്തിന്റെയും സുപ്രധാനമായ ആവശ്യമാണ്. ഈ ലക്ഷ്യം നേടുന്നതിനുവേണ്ടി ഉപയോഗിക്കുന്ന മാർഗമോ, സെൻസേഷണലിസവും. വാർത്തകളെയും വ്യക്തികളെയും സംഭവങ്ങളെയും സാഹചര്യങ്ങളെയും വൈകാരികതയുടെ മസാല ചേർത്ത് അവതരിപ്പിക്കുന്ന മാധ്യമങ്ങൾ പലപ്പോഴും അടിസ്ഥാനസത്യങ്ങളിൽനിന്നും യാഥാർത്ഥ്യങ്ങളിൽനിന്നും വളരെ അകലെയാണ്. മനുഷ്യമനഃസാക്ഷിയെ വൈകാരികമായി ഉത്തേജിപ്പിക്കുകയും തങ്ങളുടെ നിശ്ചിതവും ഗോപ്യവുമായ അജണ്ടയ്ക്കനുസൃതം അതിനെ ഉപയോഗിക്കുകയും ചെയ്യുന്ന മാധ്യമങ്ങളും പ്രവർത്തകരും നന്മയോ സമൂഹരൂപവത്കരണമോ രാഷ്ട്രനിർമാണമോ നടത്തുന്നുണ്ടോ എന്നു ചിന്തിക്കണം.

**മാധ്യമങ്ങളുടെ സെലക്ടിവിസം**

ഭാരതത്തിന്റെ, പ്രത്യേകമായി കേരളത്തിന്റെ സാമ്പത്തികഭദ്രതയും സാമൂഹികസമാധാനവും തകർക്കാൻ നടന്നുകൊണ്ടിരിക്കുന്ന തീവ്രവാദപ്രവർത്തനങ്ങളാണ് ലവ് ജിഹാദും സ്വർണക്കടത്തും നാർകോ ടെററിസവും.

എന്നാൽ, കേരളത്തിന്റെ മുഖ്യധാരാമാധ്യമങ്ങൾ എന്നവകാശപ്പെടുന്ന ഒരു മാധ്യമവും ഫലപ്രദമായി ഇന്നുവരെ ഇവയ്ക്കെതിരേ പ്രതികരിച്ചിട്ടില്ല. പണാധിപത്യവും രാഷ്ട്രീയാധിപത്യവും കേരളത്തിലെ മാധ്യമങ്ങളെ കീഴടക്കിയിരിക്കുന്നതിനാൽ തീവ്രവാദത്തിനും സ്വർണക്കടത്തിനും വർഗീയതയ്ക്കുമെതിരെ അവരുടെ നാവുകൾ ഉയരുന്നില്ല. മാത്രമല്ല, ഇതരസമൂഹങ്ങളുടെ ഭാഗത്തുനിന്നുയരുന്ന എതിർപ്പുകളെ അവർ അവഗണിക്കുകയും ചെയ്യുന്നു. ■

# പി. ഗോപിനാഥൻ നായർ
# ഗാന്ധിമാർഗത്തിലെ സമരജീവിതം


1922 – 2022

നെയ്യാറ്റിൻകര: പ്രമുഖ ഗാന്ധിയനും സ്വാതന്ത്ര്യസമരസേനാനിയുമായ പി. ഗോപിനാഥൻ നായർ (100) അന്തരിച്ചു. ജൂലൈ 5 ന് രാത്രി 8.45 ഓടെ നെയ്യാറ്റിൻകര സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. നെയ്യാറ്റിൻകര ടിബി ജംഗ്ഷനിലെ സ്വവസതിയിൽ മേയ് ഒമ്പതിനു കുഴഞ്ഞുവീണു തലയിൽ പരിക്കേറ്റതിനെത്തുടർന്നാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. അടിയന്തര ശസ്ത്രക്രിയയ്ക്കുശേഷം ആശുപത്രിയിൽത്തന്നെ തുടരുകയായിരുന്നു. റിട്ട. റീജണൽ വിമൻസ് വെൽഫെയർ ഓഫീസർ എൽ. സരസ്വതിയമ്മയാണു ഭാര്യ. ജൂലൈ 7 ന് നൂറുവയസ്സ് തികയാനിരിക്കെയാണു ഗോപിനാഥൻനായരുടെ അന്ത്യം. ജമനാ ലാൽ ബജാജ് പുരസ്കാരം ഉൾപ്പെടെ നിരവധി ബഹുമതികൾക്ക് അർഹനായ ഗോപിനാഥൻനായരെ 2016 ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു.

ഭൂദാനയജ്ഞത്തിനു നേതൃത്വം നൽകിയ വിനോബാഭാവെയുടെ പദയാത്രയിൽ ഗോപിനാഥൻനായർ പങ്കെടുത്തിട്ടുണ്ട്. മാറാട് കലാപം ശമിപ്പിക്കാനും സമാധാനം സ്ഥാപിക്കാനുമുള്ള ശ്രമങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകി.

സമരജീവിതമായിരുന്നു ഗോപിനാഥൻനായരുടേത്. ഗാന്ധിയൻ ആദർശങ്ങൾ പറഞ്ഞും പ്രചരിപ്പിച്ചും ജീവിച്ച അദ്ദേഹത്തിന്റെ ജീവിതം വരുംതലമുറകൾക്കും പ്രചോദനമാണ്. തന്റെ ജീവിതത്തെക്കുറിച്ച് ഒരിക്കൽ അദ്ദേഹം തന്നെ പറഞ്ഞത് ഇങ്ങനെയാണ്. "ജീവിതം മനുഷ്യർക്ക് ഒന്നേയുള്ളൂ. അതു നാടിനും നാട്ടുകാർക്കും ഗുണകരവും പ്രചോദനവുമായി ജീവിക്കുക എന്നതിനപ്പുറം മനുഷ്യജന്മത്തിന് എന്തെങ്കിലും ലക്ഷ്യങ്ങളുണ്ടോ, അവതാരജന്മങ്ങൾക്കല്ലാതെ? എന്റേത് ഒരു സാധാരണജന്മമാണ്." അദ്ദേഹം പറഞ്ഞതുപോലെ മരണംവരെ നാടിനും നാട്ടുകാർക്കുംവേണ്ടി പ്രവർത്തിക്കാൻ അദ്ദേഹത്തിനു സാധിച്ചു.

നെയ്യാറ്റിൻകര മുൻസിഫ് കോടതി വക്കീലായിരുന്ന എം. പത്മനാഭപിള്ളയുടെയും ജാനകിയമ്മയുടെയും മകനായി 1922 ജൂലൈ ഏഴിനു നെയ്യാറ്റിൻകരയിൽ ജനിച്ച പി. ഗോപിനാഥൻനായർ ഗാന്ധിമാർഗത്തിലേക്കു ചെറുപ്പത്തിൽത്തന്നെ കടന്നുവന്നു. കുട്ടിയായിരുന്നപ്പോൾ, നെയ്യാറ്റിൻകരയിൽ വന്ന ഗാന്ധിജിയെ നേരിൽ കാണുകയും ചെയ്തു. കോളജ് വിദ്യാഭ്യാസകാലത്തു സ്വാതന്ത്ര്യസമരത്തിനിറങ്ങി. ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്തു.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ ബിരുദപഠനത്തിനുശേഷം 1946 ൽ അദ്ദേഹം ശാന്തിനികേതനിലെത്തി. 1947 ജനുവരി ഒന്നുമുതൽ അവിടെ റിസർച്ച് സ്കോളറായി. ചൈനയും ഇന്ത്യയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു പഠിക്കാനെത്തിയ അദ്ദേഹം സ്വാതന്ത്ര്യലബ്ധിസമയത്തെ വിഭജനത്തിന്റെ മുറിവുകൾ ഉണക്കാൻ ഗാന്ധിയൻ പ്രവർത്തകരോടൊപ്പം അണിചേർന്നു. സമാധാനത്തിന്റെ നല്ല സന്ദേശങ്ങളുണർത്തി ശാന്തിനികേതൻ ഗ്രൂപ്പ് സംഘടിപ്പിച്ചതിൽ അദ്ദേഹവും മുഖ്യപങ്കുവഹിച്ചു.

ഗാന്ധിസ്മാരകനിധിയിൽ പ്രവർത്തിച്ചുകൊണ്ടാണു കേരളത്തിലെ പ്രവർത്തനം ആരംഭിച്ചത്. പിന്നീട് അതിന്റെ അധ്യക്ഷസ്ഥാനത്തെത്തി. സർവസേവാസംഘത്തിന്റെ കർമസമിതി അംഗമായും അഖിലേന്ത്യാ പ്രസിഡന്റായും സേവനമനുഷ്ഠിച്ചു.

തലശേരി, അയോധ്യ എന്നിങ്ങനെ പല സംഘർഷബാധിതയിടങ്ങളിലും സമാധാനത്തിന്റെ സന്ദേശവാഹകനായി. നെയ്യാറ്റിൻകര ആസ്ഥാനമായി തുടക്കം കുറിച്ചതാണു ഗാന്ധിമിത്രമണ്ഡലം എന്ന സന്നദ്ധസംഘടന. ഗാന്ധിയൻ ആദർശങ്ങളിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഈ കൂട്ടായ്മയുടെ ആചാര്യനായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

# സ്വയം മതിപ്പും മൂല്യനിർണയവും നാം നടത്താറുണ്ടോ?



ജോസ് വഴുതനപ്പിള്ളി

എന്താണ് ഈ സ്വയം തോന്നേണ്ടുന്ന കനിവ്? ഇതേക്കുറിച്ചൊക്കെ മനഃശാസ്ത്രജ്ഞന്മാർ എത്രയോ സംവത്സരങ്ങൾക്കുമുമ്പു പറഞ്ഞുവച്ചതാണ്. പക്ഷേ, നാം അതൊന്നും സാധാരണഗതിയിൽ മനസ്സിലാക്കാൻ മെനക്കെടാറില്ല എന്നു മാത്രം. മറ്റുള്ളവരോടു കാണിക്കേണ്ടുന്ന ഭൂതദയയെക്കുറിച്ചും ആർദ്രചിത്തതയെക്കുറിച്ചും സഹതാപത്തെക്കുറിച്ചുമൊക്കെ നാം വാചാലരാകാറുണ്ട്; പുസ്തകങ്ങൾ രചിക്കാറുണ്ട്. എന്നാൽ, സ്വന്തം കാര്യം വരുമ്പോൾ നമുക്കു നമ്മോട് ആ അലിവു തോന്നാറില്ല. മനഃശാസ്ത്രജ്ഞന്മാർ പറയുന്ന ചില അവ്യക്തകാര്യങ്ങളുടെ പട്ടികയിൽ നാം ഇതിനെ പെടുത്തും. എന്നാൽ, ഒരു വ്യക്തിയുടെ ജീവിതത്തിലെ പരമപ്രധാനമായ കാര്യമാണ് നമുക്കു നമ്മോടുതന്നെ തോന്നേണ്ട അനുകമ്പ. നാം പലപ്പോഴും സ്വയം പ്രതിക്കൂട്ടിൽനിർത്താനുള്ള ഒരു പ്രവണത കൊണ്ടുനടക്കുന്നു. ഒരു തെറ്റു ചെയ്താൽ അതേക്കുറിച്ചു ജീവിതം മുഴുവൻ കുറ്റപ്പെടുത്തും; സ്വയം ശിക്ഷിക്കാൻ നോക്കും. പഴയകാലത്തൊക്കെ ചിലർ സ്വയം ചാട്ടവാറുകൊണ്ട് മുറിവേല്പിക്കാനും വ്രണപ്പെടുത്താനുംവരെ തയ്യാറാകുമായിരുന്നു.

നാം മറ്റുള്ളവരോട് അനുകമ്പയുള്ളവരായിരിക്കണം. അവരുടെ ചെരുപ്പുകൾ അണിഞ്ഞുകൊണ്ട് അവർ അനുഭവിക്കുന്ന ദുഃഖത്തെക്കുറിച്ചൊരു തിരിച്ചറിവ് ഉണ്ടാകുന്നതാണ് ഏറ്റവും വലിയ മനുഷ്യഗുണമായി ഗണിക്കപ്പെടുക. എന്നാൽ, അതേമാത്രയിൽത്തന്നെ നമുക്കു നമ്മോടും തോന്നണം അനുകമ്പ. സ്വയം തുണയാകണം, പോഷിപ്പിക്കണം. എപ്പോഴും നമ്മെത്തന്നെ പ്രതിക്കൂട്ടിൽ നിർത്താതെ, തെറ്റുകളെ മറന്നു നാം മുന്നേറണം. ഒരു അരമണിക്കൂർ സ്വയം ഏകാന്തതയിൽ ഇരുന്ന് ഒന്നു പരിശോധിക്കാം. തന്റെതന്നെ പോരായ്മകളിലാണോ നാം ഊന്നിനിൽക്കുന്നത്? നമുക്ക് യേശുവിന്റെ കൃപാവരമുണ്ടെങ്കിൽ വൈകല്യങ്ങളെയെല്ലാം തുടച്ചുനീക്കി വെന്നിക്കൊടികൾ പാറിക്കാം. ഇതൊന്നു സ്വയം പരീക്ഷിച്ചുനോക്ക്; വല്ലാത്ത ഒരു ആശ്വാസം നമുക്ക് അനുഭവപ്പെടും. വർഷങ്ങളായി കൊണ്ടുനടക്കുന്ന ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ അനുഭവമുണ്ടാകും. ഒരു വെളിപാടുണ്ടായതുപോലെ തോന്നും. സ്വയംപര്യാപ്തത തീരെയില്ലാത്തവരാണ് നാം എന്ന ചിന്ത അകന്നുപോകും. ആരെങ്കിലുമൊക്കെ സഹായിക്കാൻ ഉണ്ടെങ്കിലേ കാര്യങ്ങൾ നടക്കൂ എന്ന ചിന്ത നമ്മെ വിട്ടകലും.

### സ്വയം മതിപ്പും മൂല്യനിർണയവും

സ്വന്തം മൂല്യങ്ങളും മികവുകളും നാം തിരിച്ചറിഞ്ഞേ പറ്റൂ. കുറവുകളെ, പൂർവപരാജയങ്ങളെ നമ്മുടെ മൂല്യങ്ങളെ തമസ്കരിക്കാൻ അനുവദിക്കുന്നത് ബുദ്ധിയല്ല. സൗന്ദര്യം അല്പം കുറഞ്ഞതിന്റെ പേരിൽ വലിയ അപകർഷബോധത്താൽ സ്വയം താഴ്ത്തിക്കെട്ടുന്ന അനേകം പെൺകുട്ടികൾ നമ്മുടെ നാട്ടിലുണ്ട്. ഉയരക്കുറവോ മോശപ്പെട്ട പൈതൃകമോ കാരണം എക്കാലവും താൻ ഒന്നിനും കൊള്ളാത്തവനാണ് എന്നു കരുതിനടക്കുന്ന യുവാക്കളും ധാരാളം. ഒരാൾക്ക് വലിയ ആകാരസൗഷ്ഠവമോ സൗന്ദര്യമോ ഇല്ലെന്നു വിചാരിക്കുക. അയാൾക്ക് ഒരുപക്ഷേ, ഭംഗിയായി ചിത്രങ്ങൾ വരയ്ക്കാനായിരിക്കും ദൈവം നൽകിയ കഴിവ്. ആ കഴിവാണ് അയാൾ പരിപോഷിപ്പിക്കേണ്ടത്. ധാരാളം കുറവുകൾ ഉണ്ടായിരുന്നപ്പോഴും ജീവിതത്തിൽ വൻകാര്യങ്ങൾ സാധ്യമാക്കിയവരുടെ അനേകം കഥകൾ നാം വായിക്കുന്നുണ്ടല്ലോ.

നമുക്കു സ്വയം തോന്നുന്ന അനുകമ്പ വലിയതോതിൽ ആത്മവിശ്വാസവും മൂല്യബോധവും വളർത്താൻ സഹായകമാകുന്നു. നമ്മുടെ പൂർവപാരമ്പര്യമോ നിറമോ ഉയരമോ ജനസമ്മതിയോ വിദ്യാഭ്യാസമോ സ്റ്റാറ്റസോ ഒന്നിനും ഇവിടെ പ്രാധാന്യമില്ല. നമ്മുടെ അപചയങ്ങൾമൂലം നാം ഏതെങ്കിലും വിധത്തിൽ യാതന അനുഭവിക്കുന്നുവെങ്കിൽ അതിനുള്ള മരുന്നാണ് നമ്മോടുള്ള അനുകമ്പ. എല്ലാ കുറവുകൾക്കിടയിലും നിന്നുകൊണ്ട് നമുക്ക് സ്വയം സ്നേഹിക്കാനാകണം; നമുക്ക് നമ്മോടുതന്നെ കനിവുണ്ടാകണം.

### യാതനകൾ ലഘൂകരിക്കാം

നമ്മുടെ ന്യൂനതകൾ നാം അംഗീകരിച്ചേ പറ്റൂ. അപ്പോൾ നമുക്ക് നമ്മെത്തന്നെ സാന്ത്വനപ്പെടുത്താനാവുന്നു. അനുകമ്പയോടെ നാം സ്വയം സ്വീകരിക്കുമ്പോൾ, മനുഷ്യർ എന്ന നിലയ്ക്കു നമ്മുടെ പോരായ്മകൾ നാം തിരിച്ചറിയുമ്പോൾ, നമുക്ക് നമ്മെ പൂർണമായി മനസ്സിലാകുന്നു. നമ്മുടെ മികവുകൾ കണ്ടെത്താനാവട്ടെ ശ്രദ്ധ മുഴുവനും. ആ അറിവിൽ



നിന്നാണ് നമുക്ക് ആർജവവും ഉത്തേജനവും സ്വീകരിക്കേണ്ടത്; നാം വളരേണ്ടത്.

നാം വലിയ മാനസികസംഘർഷങ്ങളിലൂടെ കടന്നുപോയേക്കാം. 'ഇതൊന്നും താങ്ങാൻ എനിക്കു കരുത്തുപോരാ' എന്ന ചിറകൊടിഞ്ഞ ചിന്തകൾ ഉപേക്ഷിക്കണം. നമുക്കു ചുറ്റുമുള്ളവരെ നോക്കുക. അവർ ഒരുപക്ഷേ, നമ്മെക്കാളേറെ സഹനങ്ങളിൽക്കൂടി കടന്നുപോയവരായിരിക്കാം. ദുഃഖങ്ങളെ, വേദനകളെ സഹിക്കാനും അതിനെ കഴിവതും വേഗം ഇല്ലായ്മ ചെയ്യാനുമാകട്ടെ ശ്രമങ്ങൾ. പുതിയ കാര്യങ്ങളിൽ പുത്തനുണർവോടെ നാം ഇടപെടുന്നതു വഴി ഒരു പരിധിവരെ മനോവേദനകളും സംഘർഷങ്ങളും കുറയ്ക്കാം.

ജീവിതത്തിൽ സ്വയം തോന്നേണ്ടുന്ന ആർദ്രതയെക്കുറിച്ചു നാം കുറെ കാര്യങ്ങൾ മനസ്സിലാക്കി. എപ്പോഴെങ്കിലും നിങ്ങൾക്ക് ഏകാന്തതയോ ശൂന്യതയോ അനുഭവപ്പെട്ടെങ്കിൽ സാരമില്ല നിങ്ങളെ സാന്ത്വനപ്പെടുത്തുവാൻ നിങ്ങൾതന്നെ മതി.

### ചിലരുടെ ജീവിതാനുഭവങ്ങൾ

സുധാചന്ദ്രൻ തന്റെ പതിനാറാം വയസ്സിലാണ് ഒരു ഭയാനകമായ അപകടത്തിൽപ്പെട്ട് തന്റെ കാൽ മുറിച്ചുമാറ്റേണ്ടുന്ന അവസ്ഥയിലെത്തുന്നത്. പക്ഷേ, അവൾ ജീവിതത്തോടു സുധീരം പോരാടി. മരത്തിന്റെ കാലുകൾ വച്ചുകെട്ടി അവൾ നർത്തകിയായി അരങ്ങു തകർത്തുകൊണ്ടിരുന്നു. 'സ്റ്റേജിൽ കാലെടുത്തു വയ്ക്കുമ്പോൾ എനിക്കെന്റെ ആത്മാവ് തിരിച്ചു കിട്ടിയതുപോലെ തോന്നും' എന്നാണവൾ പറയുക.

ഗായകനും കമ്പോസറുമായ രവീന്ദ്രജെയ്നിന്റെ കഥ അതിലേറെ വിചിത്രമാണ്. ഏറെ വൈകല്യങ്ങളോടെയായിരുന്നു ജനനം. ഹിന്ദിസിനിമാവേദിയിൽ തന്റെ തനതായ വ്യക്തിപ്രഭാവം ഉറപ്പിക്കാൻ ഇതൊന്നും തടസ്സമായില്ല.

തന്റെ പത്തൊൻപതാം വയസ്സിൽ തീരാരോഗിണിയായിത്തീർന്ന ഹെലൻ കെല്ലറിന്റെ ഉദാഹരണം നോക്കാം. അവൾക്കു കാഴ്ചയും ശ്രവണശക്തിയും നഷ്ടമായി. അവൾ നിരാശപ്പെട്ടു ശേഷകാലം മുറിയടച്ചിരുന്നില്ല. അവൾ ബിരുദം നേടി ഒട്ടേറെ ക്രിയാത്മകമായ കാര്യങ്ങൾ ചെയ്തു ജീവിതം ധന്യമാക്കി, സമ്പുഷ്ടമാക്കി. 'ജീവിതമെന്നാൽ ധീരതയോടെ നേരിടേണ്ട, സാഹസികമായ ഒരു യാത്രയാണ്; അതല്ലാതെ മറ്റൊന്നുമല്ല' എന്ന് അവൾ നമ്മെ ഓർമിപ്പിക്കുന്നു.

അതുല്യപ്രതിഭയുടെ ഉടമയായിരുന്ന സ്റ്റീഫൻ ഹോക്കിങ് പരാലിസിസ് ബാധിച്ചു വീൽച്ചെയറിൽ കഴിഞ്ഞ വ്യക്തിയായിരുന്നു. ലോകം മുഴുവൻ കറങ്ങാനും പുസ്തകങ്ങൾ എഴുതാനുമൊന്നും ഇതൊരു തടസ്സമായില്ല. 'ജീവിതം ഒരു ദുരന്തനാടകം ആയേനെ -അതിത്രയേറെ തമാശകൾക്കു വക നൽകുന്ന ഒന്നായിരുന്നില്ല എങ്കിൽ' എന്ന് അദ്ദേഹം പലപ്പോഴും പറയുമായിരുന്നു. അതിൽ അന്തർലീനമായ മഹത്തായ ജീവിതസങ്കല്പമാണ് നമുക്കെല്ലാം വഴികാട്ടിയാവേണ്ടതും, അല്പം കനിവ് തന്നോടുതന്നെ കാട്ടാൻ നമ്മെ ശക്തരാക്കേണ്ടതും.

■

---

## മൈന




മാത്യൂസ് ആർപ്പൂക്കര

മൈനകൾ ഏഷ്യയിലെങ്ങും കാണപ്പെടുന്ന ഒരിടത്തരം പക്ഷിയാണ്. ഇരുണ്ട നിറത്തിലും തവിട്ടുനിറത്തിലും ഇളം നീലനിറത്തിലും ലോഹത്തിന്റെ നിറത്തിലുമൊക്കെ ഇവ കാണപ്പെടുന്നു. ശബ്ദമുണ്ടാക്കിക്കൊണ്ട് പ്രസരിപ്പോടെ ഓടിയും പറന്നും നടക്കുന്ന പക്ഷിയാണിത്. തത്തയെപ്പോലെ മനുഷ്യരുടെ ശബ്ദം അനുകരിക്കാനും സംസാരിക്കാനും പാടാനുമൊക്കെ മൈനകൾക്കു കഴിയുന്നു. വിസിലടിക്കുന്ന സ്വരം ഇവയുടെ സാധാരണ പ്രകൃതംതന്നെ. മുഖ്യമായും പഴങ്ങളും ധാന്യമണികളും തളിരിലകളും പ്രാണികളുമൊക്കെ ആഹരിക്കുന്നു. ഇണകളായും ഗ്രൂപ്പായും ഇവ സഞ്ചരിക്കുന്നു.

കണ്ണിനുചുറ്റും മഞ്ഞനിറവും മഞ്ഞച്ചുണ്ടുമുള്ളവയാണ് പൊതുവെ മൈനകൾ. സംസാരശേഷിയുടെ പേരിൽ ഏറ്റവുമധികം വളർത്തപ്പെടുന്ന പക്ഷികളും ഇവതന്നെ. നാട്ടുമൈന, കാട്ടുമൈന, ചെങ്കണ്ണൻമൈന, കിന്നരിമൈന എന്നിങ്ങനെ മൈനകളെ പ്രധാനമായി തരംതിരിക്കാം. നാട്ടുമൈന ജനവാസമേഖലയിലും കാട്ടുമൈന വനമേഖലയിലും കാണപ്പെടുന്നു. മാടത്തയെന്നും ചിത്തിരക്കിളിയെന്നുമൊക്കെ വിളിക്കുന്നതു നാട്ടുമൈനകളെയാണെങ്കിൽ കണ്ണിനു ചുറ്റും മഞ്ഞനിറമില്ലാത്തവയാണ് കിന്നരിമൈനകൾ. ഇവയുടെ നെറ്റിയിൽ ഒരു ചെറുതൊപ്പിയുണ്ടാവും. കാളിക്കിളി, കാവളംകിളി, ചാരത്തലക്കാളി, കരിന്തലച്ചിക്കാളി, പുള്ളിക്കാളി എന്നിങ്ങനെയുള്ള കാളിപ്പക്ഷികളും മൈനകളുടെ ഇനത്തിൽപ്പെടുന്നവയാണ്. എല്ലാത്തിനും നാട്ടുമൈനയുടെ വലുപ്പമേയുള്ളൂ. ധാരാളമായി കാണപ്പെടുന്ന പക്ഷികൾ എന്ന നിലയിൽ പക്ഷിനിരീക്ഷകരുടെയും ശാസ്ത്രജ്ഞരുടെയും ശ്രദ്ധ പിടിച്ചുപറ്റിയ പക്ഷികളാണ് മൈനകളും അവയുടെ സ്പീഷിസുകളും. ലോകത്തിലേറ്റവും കൂടുതലുള്ളതും ഏറെ വ്യാപകമായി കാണപ്പെടുന്നതുമായ പക്ഷിവർഗങ്ങളിൽപ്പെട്ടവയാണ് ഇവ.

ജീവിക്കാൻ പ്രകൃതി അനുഗ്രഹിച്ചു നൽകിയ നിരവധി അനുകൂലഘടകങ്ങളാണ് ഇവയുടെ വ്യാപനത്തിനു കാരണമാകുന്നത്. ഏതു കാലാവസ്ഥയിലും കാളിക്കിളികൾക്ക് അതിജീവനമാകുന്നു. ഉഷ്ണമേഖലയിലെ വരണ്ട പ്രദേശങ്ങളിലും മൈനസ് 12 ഡിഗ്രി വരെയുള്ള കൊടുംശൈത്യസ്ഥലങ്ങളിലും



കാളിക്കിളികളെ കാണാനായിട്ടുണ്ട്.

പുള്ളിക്കാളിക്കിളി നീണ്ട കൊക്കുകളുള്ള ഇനമാണ്. കൃഷിസ്ഥലങ്ങളിലും ജനവാസമേഖലകളിലും ഇവയെ കാണാം. ഒറ്റനോട്ടത്തിൽ മൈനയാണെന്നു തോന്നും.

കൂടൊരുക്കാപ്പക്ഷികളാണു മൈനകൾ. മരംകൊത്തിയും മറ്റും നിർമിച്ച മരപ്പൊത്തിലാണു മുട്ടയിടുക. സംസാരശേഷിയുടെ റിക്കാർഡിൽ ഏറ്റവുമധികം ഇണക്കപ്പെടുന്നതും വിൽക്കപ്പെടുന്നതും മൈനകൾ തന്നെ. എന്നാൽ 700 മുതൽ 900 വരെ വാക്കുകൾ സംസാരിക്കുന്ന തത്തകളുടെ മുമ്പിൽ മൈനകൾ നിഷ്പ്രഭരാകുന്നു. ഒരുപക്ഷേ, കേരളത്തിൽ മൈനകളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നുണ്ടോ എന്ന ഒരു ആശങ്ക ഇല്ലാതില്ല.

■

# വിദ്വേഷരാഷ്ട്രീയം അരങ്ങുവാഴുമ്പോൾ



സിൽജി ജെ. ടോം



രാഷ്ട്രീയപ്പാർട്ടികൾക്കിടയിലെ ആശയപരമായ വൈരുധ്യങ്ങളും വിയോജിപ്പുകളും അക്രമത്തിലേക്കു വഴിമാറി കേരളത്തിന്റെ സമാധാനാന്തരീക്ഷം തകർക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയുധങ്ങളല്ല, സമാധാനപരമായ സംവാദങ്ങളാണു നാടിനാവശ്യമെന്നു മനസ്സിലായിട്ടും അതു കണ്ടില്ലെന്നു നടിക്കുകയാണ് ഉത്തരവാദിത്വപ്പെട്ടവർ. സംസ്ഥാനത്ത് കുറച്ചുനാളുകളായി മതമാത്സര്യങ്ങൾക്കൊപ്പം വിദ്വേഷരാഷ്ട്രീയത്തിന്റെയും വിത്തു വീണിരിക്കുന്നു. സമൂഹത്തിൽ അസ്വസ്ഥത സൃഷ്ടിക്കണമെന്നു കരുതുന്ന ഏതൊക്കെയോ കുബുദ്ധികളാണ് ജനാധിപത്യവിരുദ്ധമായ മാർഗങ്ങളിലൂടെ ജനങ്ങൾക്കിടയിൽ വിദ്വേഷം വിതയ്ക്കാൻ മുതിരുന്നത്. കുറച്ചുപേരെങ്കിലും വിവേകത്തോടെ നീങ്ങുന്നതുകൊണ്ടുമാത്രം കൂടുതൽ കുഴപ്പങ്ങളുണ്ടാകുന്നില്ലെന്നു സമാധാനിക്കാം.

വെറുപ്പിന്റെ കത്തികൾ ആഴ്ന്നിറങ്ങി സമൂഹത്തിനേറ്റ മുറിവുകളിൽ സ്നേഹത്തിന്റെ തൈലമാണു പുരട്ടേണ്ടത്. സമാധാനപരമായ സംവാദങ്ങൾ അടിയന്തരാവശ്യമായിത്തീർന്നിരിക്കുന്നു.

സി.പി.എമ്മിന്റെ ആസ്ഥാനമായ എ.കെ.ജി. സെന്ററിനു നേരേ ജൂൺ 30 വ്യാഴാഴ്ച അർധരാത്രി സ്ഫോടകവസ്തു എറിഞ്ഞ സംഭവം രാഷ്ട്രീയകക്ഷികളും അല്ലാത്തവരും സർക്കാരും അതീവഗൗരവത്തോടെതന്നെയാണു കണ്ടത്. ഏതാനും ദിവസങ്ങൾക്കുമുമ്പാണ് വയനാട്ടിൽ കോൺഗ്രസ് എം.പി. രാഹുൽഗാന്ധിയുടെ ഓഫീസ് പട്ടാപ്പകൽ എസ്.എഫ്.ഐ. പ്രവർത്തകർ അടിച്ചുതകർത്തതും. ഇത്തരം സംഭവങ്ങൾ നമ്മുടെ നാട്ടിൽ അത്ര പതിവില്ലാത്തതാണ്.

രാഷ്ട്രീയകക്ഷികളുടെ ഓഫീസുകൾക്കു നേരേയുണ്ടാകുന്ന ആക്രമണങ്ങൾ തികച്ചും വൈകാരികമായ പ്രതികരണങ്ങൾക്കും അക്രമങ്ങൾക്കും ഇട നല്കുന്നതാണ്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കപ്പെടുകതന്നെ വേണം. പ്രശ്നങ്ങൾ സൃഷ്ടിച്ച് അതിൽനിന്നു മുതലെടുക്കുകയാണ് ഇതിനു പിന്നിൽ പ്രവർത്തിക്കുന്നവരുടെ ഉദ്ദേശ്യം.

വയനാട്ടിൽ രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിക്കപ്പെട്ടതിനു പിന്നാലെ തിരുവനന്തപുരത്ത് കോൺഗ്രസ് ആസ്ഥാനമന്ദിരത്തിനു നേരേയും കൈയേറ്റത്തിനു ശ്രമം നടക്കുകയുണ്ടായി. പൊലീസിന്റെ അവസരോചിതമായ ഇടപെടലാണ് അന്തരീക്ഷം ശാന്തമാക്കിയത്. നേതാക്കളുടെ പ്രകോപനപരമായ പ്രസ്താവനകളാണു പലപ്പോഴും പ്രവർത്തകരെ നിലവിട്ട പ്രവൃത്തികളിലേക്കു നയിക്കുന്നത്. വീണ്ടുവിചാരമില്ലാത്ത പ്രസ്താവനകളിൽ നിന്നു നേതാക്കൾ പിന്മാറേണ്ടിയിരിക്കുന്നു.

രാഷ്ട്രീയമായി കൈയൂക്കുള്ളവരെല്ലാം അവസരം കിട്ടിയാൽ നിയമം കൈയിലെടുക്കുന്ന പ്രവണത അപലപിക്കപ്പെടണം. നേതാക്കൾ അണികളെ സമാധാനത്തിൽ നിറുത്തുന്നതിനുപകരം പ്രകോപനപരമായ പ്രസ്താവനകൾ നടത്തി സമൂഹത്തെ വെല്ലുവിളിക്കുന്നു. വേലിതന്നെ വിളവു തിന്നുന്ന അവസ്ഥ.

**വിവാദപ്പെരുമഴയിൽ രാഷ്ട്രീയകേരളം**

നയതന്ത്രപരിരക്ഷയുള്ള ബാഗിൽ സ്വർണക്കള്ളക്കടത്തു നടത്തിയ കേസിൽ പ്രതിയായി, ജാമ്യത്തിൽക്കഴിയുന്ന സ്വപ്നാ സുരേഷ് കോടതിയിൽ മുഖ്യമന്ത്രിക്കെതിരേ നൽകിയ മൊഴിയുമായി ബന്ധപ്പെട്ട് ഏതാനും ആഴ്ചകളായി സംസ്ഥാന രാഷ്ട്രീയം രൂക്ഷമായ വാദപ്രതിവാദങ്ങളാൽ സംഘർഷഭരിതമാണ്. കോടതിയിൽ നൽകിയ മൊഴികൾ പരസ്യപ്പെടുത്തിയതിലും ഗൂഢാലോചനക്കേസിലും വാദപ്രതിവാദങ്ങളും വെളിപ്പെടുത്തലുകളും തുടരുന്നു. ഓരോ ദിവസവും തികച്ചും അപ്രതീക്ഷിതമായ കാര്യങ്ങളാണ് വെളിപ്പെടുന്നത്.

ഇതിനിടെ മുഖ്യമന്ത്രി സഞ്ചരിച്ച വിമാനത്തിൽ മുദ്രാവാക്യം മുഴക്കിയതടക്കമുള്ള സംഭവത്തെച്ചൊല്ലിയും വിവാദങ്ങളുണ്ടായി.

മുൻകാലങ്ങളിൽനിന്നു വ്യത്യസ്തമായി കുറച്ചൊക്കെ അച്ചടക്കത്തിൽ നീങ്ങുന്ന പ്രതിപക്ഷത്തിന് സർക്കാരിന് അടിക്കടിയുണ്ടാകുന്ന വീഴ്ചകൾ മുതലെടുക്കാൻ സാധിക്കുന്നുവെന്നതു ശ്രദ്ധേയമാണ്.

ജനത്തിനു സ്വസ്ഥമായി ജീവിക്കാൻ തക്ക അന്തരീക്ഷമൊരുക്കാൻ അധികാരത്തിലുള്ളവർക്ക് ഉത്തരവാദിത്വമുണ്ട്. രാഷ്ട്രീയമായ ആശയവൈരുധ്യങ്ങൾക്കിടയിലും സമാധാനാന്തരീക്ഷം നിലനിറുത്തുവാൻ ഭരണത്തിലുള്ളവർക്കു കഴിയണം. ■

---

# ആസ്വാദകന്റെ നെട്ടോട്ടം



പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

ടി.പി. ശാസ്തമംഗലം

ഏതൊക്കെത്തരത്തിലുള്ള പാട്ടുകളാണ് നാം ചലച്ചിത്രങ്ങളിൽ കേട്ടിട്ടുള്ളത്! ചിത്രം കാണുന്ന അവസരത്തിലും പിന്നീടും അവയിൽ നാം വല്ലാതെ ആകൃഷ്ടരാകും. വീണ്ടും വീണ്ടും അവ ആസ്വദിക്കാൻ നാം ആഗ്രഹിക്കുകയും ചെയ്യും. മുൻകാല ചിത്രങ്ങളിലെ ഗാനങ്ങൾ ഇപ്പോഴും നമ്മുടെ ഏകാന്തതകളെ ധന്യമാക്കുന്നതിനു കാരണമിതാണ്. എന്നാലിപ്പോൾ ഇറങ്ങിയ ഒരു ചിത്രത്തിലെ ഈ ഗാനമൊന്നു ശ്രദ്ധിക്കുക:

"നേരാണേ നേരതുള്ളിലുണ്ടേ
നേരെ നേരെ നേടാൻ നൂറു കാര്യമുണ്ടേ
പാടാണേ ഉള്ളിലുള്ളതെന്തും
മുന്നിലുള്ളൊരാളൊ-
ടുള്ളതുപോലൊന്നു പറയാൻ
ആരോടും ഒന്നിനോടുമേ നോക്കാലോ
വാക്കിനാലതോ
വേണ്ടെന്നോ ഇല്ലയെന്നതോ ഇല്ലില്ല പറയുകില്ല"

(ചിത്രം - പ്രിയൻ ഓട്ടത്തിലാണ്; ഗാനരചന-പ്രജീഷ് പ്രേം; സംഗീതം-ലിജിൻ ബാംബിനോ; ആലാപനം - ബെന്നി ദയാൽ)

നേരിനെക്കുറിച്ചു വീണ്ടും വീണ്ടും പറയുകയാണ് പാട്ടെഴുത്തുകാരൻ. പക്ഷേ, അതു നേരായവിധത്തിലായില്ലെന്നു മാത്രം. പല്ലവി പുരോഗമിക്കുമ്പോൾ വരികൾ അർത്ഥത്തിനു യോജിക്കാത്തവയായി മാറുന്നു. മാത്രമല്ല, വരികളിൽ ഒന്നുപോലും ആസ്വാദകരുടെ മനസ്സിൽ ഇടംപിടിക്കുന്നുമില്ല. ഈ ലേഖകൻ പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുള്ളത് ആവർത്തിക്കുകയേ നിർവാഹമുള്ളൂ. പദക്കസർത്ത് ഒരിക്കലും ഗാനത്തിനു ഭൂഷണമല്ല. ഒരേ വാക്കുകൾ വീണ്ടും വീണ്ടും കൊണ്ടുവന്നും ചൊവ്വില്ലാത്തവിധം അവ അസ്ഥാനത്തു വിതറിയും ഗാനരചയിതാവ് തന്റെ 'പ്രാഗല്ഭ്യം' പ്രകടിപ്പിക്കുന്നു. ഇതൊന്നും മേന്മയായി കരുതുക വയ്യ. എഴുത്തുകാരന്റെ പിടിപ്പുകേടായേ പരിഗണിക്കാനാവുകയുള്ളൂ.

"എന്താണതെന്നതോ ഏതാണതെന്നതോ
ആരാണന്നെന്തും ഓർക്കാതതേറ്റതേറെ
ഏറ്റതെന്തും നേടേണ്ടതും നേടിയാൽ ഓടേണം
ഓടിയെന്തും നേടീടണം
എന്നാളുമെല്ലാർക്കുമുള്ളപ്പോഴുള്ളാലേ
കൂടെയായുണ്ട് കൂട്ടിനായുണ്ട്
എന്നാലുമെല്ലാരും നിന്നിലേ പിന്നാലെ
നിന്നിടം നില്ക്കുന്നേ
തന്നെ ഞാനായ് താനേ താനായ് പാടായ്
എന്നൊന്നുമോർക്കില്ല നീ."

ഭാഗ്യം! ഇത്രയേയുള്ളൂ വരികൾ. ഇടയ്ക്കിടയ്ക്ക് "പാനിരിസ ഗരിരി സ പാ നിരിസ നിധസനിധപ..." എന്നീ സ്വരവിസ്താരവുമുണ്ട്. എന്തുണ്ടായിട്ടെന്തു കാര്യം? ഒന്നിനും ലക്ഷ്യം കൈവരിക്കാനാവുന്നില്ല. നാം നമ്മുടെ മാതൃഭാഷയിൽ നിത്യേന ഉപയോഗിക്കുന്ന വാക്കുകൾപോലും പുതിയ തരത്തിൽ പ്രയോഗിച്ച് ഗാനത്തെ അധമസാഹിത്യത്തിന്റെ കയത്തിലേക്ക് എടുത്തെറിഞ്ഞുകളഞ്ഞു പാട്ടെഴുത്തുകാരൻ.

ഈ ഗാനത്തിന്റെ രചനകൊണ്ട് പ്രജീഷ് പ്രേം ലക്ഷ്യമാക്കുന്നതു വ്യക്തമല്ല. ഇത് ഇത്തരത്തിൽ ചിട്ടപ്പെടുത്താമെന്നു കരുതിയ ലിജിൻ ബാംബിനോയുടെ ഉദ്ദേശ്യവും അങ്ങനെതന്നെ. ലിറിക്കൽ വീഡിയോ എന്ന തരത്തിലാണ് ഈ ഗാനം അവതരിപ്പിച്ചിരിക്കുന്നത്. എഴുതിക്കാണിക്കുന്ന വരികളും പാടുന്നതും തമ്മിൽ ചിലയിടത്തെങ്കിലും വ്യത്യാസമുണ്ട്. 'ആരോടും ഒന്നിനോടുമേ നോക്കാലോ' എന്നെഴുതിക്കാണിക്കുമ്പോൾ 'ആരോടും ഒന്നിനോടുമേ നോക്കാനോ' എന്നാണ് ബെന്നി ദയാൽ പാടുന്നത്. ഇക്കാലത്തിറങ്ങുന്ന ഏതു ഗാനവും ആരും അത്ര കാര്യമായി ശ്രദ്ധിക്കാത്തതുകൊണ്ട് എങ്ങനെ പാടിയാലും മതി എന്ന അവസ്ഥയാണ്. കവിത കഴിഞ്ഞാൽ ഒരുകാലത്ത് സഹൃദയർ ഏറെ ഇഷ്ടപ്പെട്ടിരുന്നവയാണ് ഗാനങ്ങൾ. ഇന്നവയെ ഏറെ വെറുക്കുന്ന കലാസൃഷ്ടിയാക്കി മാറ്റി ആധുനികഗാനസ്രഷ്ടാക്കൾ. ഇവിടെ എടുത്തുപറഞ്ഞ ചിത്രനാമം സ്വല്പമൊന്നു പരിഷ്കരിച്ചുപറയട്ടെ, ഇന്ന് ആസ്വാദകർ ഓട്ടത്തിലാണ്; നല്ല ഗാനം ലഭിക്കാൻവേണ്ടിയുള്ള നെട്ടോട്ടത്തിൽ. ■

നോവൽ 21



# ദേവാങ്കണം

ഗിരീഷ് കെ. ശാന്തിപുരം

"അകത്തേക്കു വരൂ..."

ദേവസഹായം അവരെ ക്ഷണിച്ചു. ദേവസഹായത്തിനു പിന്നാലെ അവർ ചെന്നുനിന്നത് തറവാടിനുള്ളിലെ ഊൺമുറിയിലാണ്. വിശാലമായ അടുക്കളയോടു ചേർന്ന് അത്രയുംതന്നെ വിശാലമായിരുന്നു ഊൺമുറിയും. പതിനാറു മുഴംനീളവും വീതിയുമുള്ള ഊൺതട്ട്. ചുറ്റും കസേരകൾ. തേക്കുമരത്തിൽ പണിതവ.

"ഇരിക്കിൻ..." ദേവസഹായം പറഞ്ഞു. അവർ ഇരുന്നു. ശേഷം ദേവസഹായവും.

കൊട്ടാരത്തിലെ ഊട്ടുപുരയിൽപ്പോലും ഒരു ഊൺമേശയില്ല. കരിമ്പനയോലകൾകൊണ്ടു നെയ്തെടുത്ത തടുക്കുകളിലിരുന്നാണ് എല്ലാവരും ഭക്ഷണം കഴിക്കുക. പടയാളിത്താവളത്തിലും അങ്ങനെതന്നെ. പത്മനാഭപുരത്തായിരിക്കുമ്പോൾ പെരിയോർ ദേവസഹായവും അങ്ങനെതന്നെയാണല്ലോ എന്നവർ നേരിയ അദ്ഭുതത്തോടെ ചിന്തിച്ചു.

"എനിക്കു നിങ്ങൾ രണ്ടുപേരെയും കണ്ടുപരിചയമുണ്ട്, പത്മനാഭപുരത്തു വച്ച്. അതിൽക്കൂടുതലൊന്നും നിങ്ങളെക്കുറിച്ചറിയില്ല." ദേവസഹായം പറഞ്ഞു.

ദേവസഹായം പറഞ്ഞതു സത്യംതന്നെ. തന്റെ ജോലികളിലൊഴികെ മറ്റൊന്നിലും ദേവസഹായം ശ്രദ്ധപതിപ്പിച്ചിരുന്നില്ല. കൊട്ടാരത്തോടനുബന്ധിച്ച് വളരെ കുറച്ചാളുകളോടു മാത്രമേ ദേവസഹായം അടുത്തിടപെട്ടിരുന്നുള്ളൂ. അതും ജോലിസംബന്ധമായി നിരന്തരം ബന്ധപ്പെടേണ്ടിവരുന്നവരോടു മാത്രം. പിന്നെ വളരെയടുത്ത മിത്രമെന്നു പറയാൻ പത്മനാഭപുരത്ത് ഒരാൾ മാത്രം. ക്യാപ്റ്റൻ ഡിലനായി.

"ഞാൻ ധർമരാജ്. തിരുവിതാംകൂർപട്ടാളത്തിലെ കുതിപ്പടയാളി. സ്വദേശം തിരുനെൽവേലിയാണ്." ദേവസഹായത്തിന്റെ കുതിരയെ തെളിച്ചുകൊണ്ടുവന്നയാൾ പറഞ്ഞു.

"ഞാൻ ചൊക്കലിംഗം. തിരുവിതാംകൂർ പടക്കൂട്ടത്തിലൊരാൾ. ഇപ്പോൾ പ്രധാനമായും വലിയ കപ്പിത്താന്റെ കുതിരവണ്ടി തെളിക്കലാണു ജോലി. നല്ലത്. കപ്പിത്താൻ വലിയ മനുഷ്യനാണ്. മനസ്സിൽ നന്മ മാത്രം സൂക്ഷിക്കുന്ന ഒരാൾ. ധീരൻ. അദ്ദേഹം നിങ്ങൾക്ക് എന്നും വേണ്ടപ്പെട്ടവനായിരിക്കും."

ചൊക്കലിംഗം ഓർമിക്കുകയായിരുന്നു. കുളച്ചൽയുദ്ധം നടക്കുന്ന സമയം. യുദ്ധത്തിനിടയിൽ തന്റെ വാൾമുനയിൽനിന്ന് രക്ഷപ്പെടാനായി പിന്നാക്കം മാറിയ ഡിലനായി കാൽ വഴുതി പൂഴിയിൽ മലർന്നു വീണു. ചൊക്കലിംഗത്തിന്റെ വാൾക്കരുത്തിൽ ഡച്ചു ക്യാപ്റ്റന്റെ കരവാൾ തെറിച്ചുപോയിരുന്നു. നിലത്തു വീണുകിടക്കുന്ന ക്യാപ്റ്റന്റെ കണ്ഠനാളത്തിനോടു തൊട്ട് ചൊക്കലിംഗത്തിന്റെ വാൾമുന നില്ക്കുന്നു. ഒന്നമർത്തിയാൽ മതി. ഒരു നിമിഷംകൊണ്ടു തീരും എല്ലാം.

പക്ഷേ, ചൊക്കലിംഗത്തെ അദ്ഭുതപ്പെടുത്തിക്കളഞ്ഞു നിലത്തു നിരായുധനായിക്കിടക്കുന്ന ആ പരദേശി. അയാളുടെ കണ്ണുകളിൽ ചൊക്കലിംഗം മരണഭീതി കണ്ടില്ല, മുഖത്ത് പരിഭ്രമവും. പകരം ഒരു മന്ദഹാസം മാത്രം. മരണം മുഖാമുഖം നില്ക്കുമ്പോഴും പുഞ്ചിരിക്കാൻ കഴിയുന്നവൻ ധീരനല്ലെങ്കിൽ പിന്നെയാര്?

നിമിഷങ്ങൾകൊണ്ടാണ് ഡച്ചു സൈന്യം പിൻതിരിഞ്ഞോടിയത്. തിരുവിതാംകൂറിന്റെ പട്ടാളം ഇരുപത്തിനാലോളം ഡച്ചുപടയാളികളെ നിരായുധരാക്കി കീഴ്പ്പെടുത്തിയിരുന്നു. നിലത്തു കിടന്ന ക്യാപ്റ്റനെ ചൊക്കലിംഗം കൈകൊടുത്തെഴുന്നേല്പിച്ചു. തടവുകാരനായി പിടിക്കപ്പെട്ട ഇരുപത്തിനാലു പേരിൽ ഒരാളായി തടങ്കൽപ്പാളയത്തിലേക്കു പോകുമ്പോൾ, ക്യാപ്റ്റൻ തന്റെ ജിവനെടുക്കാൻ കൂട്ടാക്കാതിരുന്ന ചൊക്കലിംഗത്തെ ഒരു വട്ടം തിരിഞ്ഞുനോക്കി. അപ്പോഴും ആ മുഖത്ത് ഒരു മന്ദഹാസം തെളിഞ്ഞുനില്ക്കുന്നത് ചൊക്കലിംഗം കണ്ടു.

ഡച്ചുകപ്പൽപ്പടയുടെ തലവനായിരുന്ന ക്യാപ്റ്റൻ എസ്തേക്കിയൂസ് ബനഡിക്ട് ഡിലനായി തിരുവിതാംകൂറിന്റെ വലിയ കപ്പിത്താനായതും ചൊക്കലിംഗം അദ്ദേഹത്തിന്റെ സാരഥിയായതും കാലം കാത്തുവച്ച മറ്റൊരു കഥ.

ഊൺതട്ടിൽ ഓട്ടുതളികകൾ നിരന്നു. ഭസ്മം ചേർത്തു തേച്ചുമിനുക്കിയ സ്വർണനിറമാർന്ന ഓട്ടുതളികകളിൽ തുമ്പപ്പൂ നിറമാർന്ന ചമ്പാവരിച്ചോറ്. ഒഴിച്ചുകറികൾ, തൊടുകറികൾ...

രുചിപ്രദമായിരുന്നു അത്താഴഭോജനം. ഇത്ര ആസ്വാദ്യമായി ചൊക്കലിംഗവും ധർമരാജനും ഈ അടുത്ത കാലത്തൊന്നും ഭക്ഷണം കഴിച്ചിട്ടില്ല. കൊട്ടാരത്തിലെ ഊട്ടുപുരയിൽ നിന്നോ പത്മനാഭപുരം കോട്ടയിലെ പടയാളിത്താവളത്തിൽ നിന്നോ എന്തിനധികം സ്വന്തം ഭവനത്തിൽനിന്നുപോലും.

ദേവസഹായത്തിന്റെ ഭാര്യയാണ് ഭക്ഷണം വിളമ്പിയത്. ആ സ്ത്രീ എത്രമേൽ ഐശ്വര്യവതിയാണെന്ന് അവർ കണ്ടു. സാക്ഷാൽ മഹാലക്ഷ്മി. ഭർത്താവിനെക്കാൾ ആഗതർക്ക് ഭക്ഷണം വിളമ്പുന്നതിലായിരുന്നു അവരുടെ ശ്രദ്ധയത്രയും. എല്ലാ കറികളും കൂട്ടി നിറയെ കഴിക്കാൻ അവർ നിർബന്ധിച്ചുകൊണ്ടിരുന്നു.

ഊണുകഴിഞ്ഞ് അവർ എഴുന്നേറ്റു കൈകഴുകി. അവർക്ക് വയറും മനസ്സും നിറഞ്ഞിരുന്നു. സാക്ഷാൽ അമൃതേത്തുതന്നെ. എങ്ങനെയാണ് ഈ ഉപചാരത്തിനു നന്ദി പറയുകയെന്ന് അവർക്കു നിശ്ചയമുണ്ടായിരുന്നില്ല.

"പടിഞ്ഞാറേക്കോലായിൽ നിങ്ങൾക്കുറങ്ങാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്." ദേവസഹായത്തിന്റെ ഭാര്യ പറഞ്ഞു.



തിരുവിതാംകൂറിന്റെ കൂലിപ്പട്ടാളത്തിൽപ്പെട്ട രണ്ടുപേർക്ക് കിട്ടേണ്ട സ്വീകരണമൊന്നുമല്ല അവർക്ക് മരുതുകുളങ്ങരത്തറവാട്ടിൽ ലഭിച്ചത്. ഇത്രമാത്രം ബഹുമാനിക്കപ്പെട്ട മറ്റൊരു സന്ദർഭം അവരുടെ ജീവിതത്തിലുണ്ടായിട്ടില്ല.

"വരൂ..." ദേവസഹായം പറഞ്ഞു. അവർ ജ്ഞാനപ്പൂവിനോടു നന്ദിപറഞ്ഞ് ദേവസഹായത്തിനു പിന്നാലെ നടന്നു. ഉമ്മറത്തുകൂടി പടിഞ്ഞാറ്റയിലേക്ക്. പടിഞ്ഞാറേ കെട്ടിനുള്ളിൽ അരണ്ട വെളിച്ചം. ദേവസഹായം വിളക്കിലെ തിരി നീട്ടിയിട്ടു.

കെട്ടിനുള്ളിൽ വേനൽച്ചൂടിന്റെ നേർത്ത അലകൾ. അത് മനസ്സിലാക്കിയിട്ടെന്നവണ്ണം ദേവസഹായം ജാലകങ്ങൾ തുറന്നിട്ടു.

"ഈ ജാലകങ്ങൾ തുറന്നിട്ടാൽ നല്ല കാറ്റു കിട്ടും. ഉഷ്ണം അറിയുകയേയില്ല." അതു നേരുതന്നെ. നേർത്ത ഇളംകാറ്റ് ചിറകുവീശിയെത്തുന്നു.

കെട്ടിനുള്ളിൽ ഈട്ടിക്കാതലിൽ പണിഞ്ഞ കട്ടിലുകൾ, മെത്തപ്പായകൾ, തലയിണകൾ, പുതപ്പ്. കരിമ്പനയോലയിൽ രാമച്ചവേരുകൾചേർത്ത് മെനഞ്ഞ വിശറികൾ. ചൊക്കലിംഗം വിശറികൾ മണപ്പിച്ചു നോക്കി. രാമച്ചത്തിന്റെ സുഗന്ധം ഉള്ളം കുളിർപ്പിക്കുന്നു.

രാത്രി ഏറെനേരം ദേവസഹായം അവരുമായി സംസാരിച്ചിരുന്നു. ഓരോരോ നാട്ടുവർത്തമാനങ്ങൾ. പിന്നെ ഗൗരവമുള്ള കാര്യങ്ങളിലേക്കവരുടെ സംസാരം വഴിമാറി. ഇതിഹാസങ്ങളും ഉപനിഷത്തുകളുമൊക്കെ സംസാരവിഷയങ്ങളാക്കി.

മഹാജ്ഞാനിയായ ഒരു ഗുരുനാഥന്റ മുമ്പിലിരിക്കുന്ന പഠിതാക്കളായ കുട്ടികളാണു തങ്ങളെന്ന് ചൊക്കലിംഗത്തിനും ധർമരാജനും തോന്നിപ്പോയി. അധികാരത്തിന്റെ ഗർവോ സമ്പന്നതയുടെ പ്രൗഢമായ പ്രകടനങ്ങളോടെ ഈ മനുഷ്യനിൽ കാണാനാവുന്നില്ല. ജടാധരന്റെ കുടുമയിൽനിന്നുള്ള ഗംഗാപ്രവാഹം പോലെയായിരുന്നു ദേവസഹായത്തിൽനിന്നുതിരുന്ന വാക്ധോരണി.

ധർമരാജനോ ചൊക്കലിംഗവമോ, മഹാഭാരതമോ രാമായണമോ വായിക്കുകയോ പഠിക്കുകയോ ചെയ്തിട്ടില്ല. പുരാണങ്ങളോ ചതുർവേദങ്ങളോ അറിയില്ല. അത്തരം ഗ്രന്ഥങ്ങളൊന്നും അവരുടെ വീടുകളിൽ ഉണ്ടായിരുന്നില്ല. പ്രാഥമിക പാഠശാലകളിലൊന്നും അത്തരം ഗ്രന്ഥങ്ങൾ പഠനവിഷയങ്ങളായതുമില്ല.

തങ്ങൾ ശ്രേഷ്ഠഹിന്ദുക്കളാണെന്നും രാമായണവും മഹാഭാരതവുമൊക്കെ തങ്ങളുടെ മഹത്തായ വേദഗ്രന്ഥങ്ങളാണെന്നുമുള്ള കേവലവിശ്വാസങ്ങൾക്കപ്പുറം ആ ഗ്രന്ഥങ്ങളുടെ അന്തഃസത്തയെക്കുറിച്ച് അവർക്കു യാതൊരു ജ്ഞാനവുമുണ്ടായിരുന്നില്ല.

പക്ഷേ, അതൊക്കെ കരതലാമലകംപോലെ സ്വായത്തമാക്കിയ തങ്ങളുടെ മേലധികാരി എങ്ങനെ ക്രിസ്തുമതം സ്വീകരിച്ചു എന്നുള്ളത് അവരെ സംബന്ധിച്ച് ആകുലകരവും അലോസരമുളവാക്കുന്നതുമായ ഒന്നായിരുന്നു. സംസാരത്തിനിടയിൽ ആശങ്കകളോടെയാണെങ്കിലും അവർ അതു സൂചിപ്പിക്കുകയും ചെയ്തു. അപ്പോൾ ദേവസഹായം പറഞ്ഞു:

"ഈ പ്രപഞ്ചസൃഷ്ടിക്കു പിന്നിലുള്ള ദൈവത്തിന്റെ മഹത്തായ ഉദ്ദേശ്യമെന്തെന്നു മനസ്സിലാക്കണമെങ്കിൽ മനുഷ്യരായ നമുക്ക് കുറച്ചൊന്നുമല്ലാത്ത ഒരു ബൗദ്ധികയഞ്ജം വേണം. അതോടൊപ്പം ആരാണ് യഥാർത്ഥ ദൈവമെന്നും അവനാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ഈ ഭൂമിയിലെ ജീവിതത്തിന്റെ പൊരുളെന്തെന്നും നമ്മൾ തിരിച്ചറിയണം."

"മനുഷ്യൻ കേവലം ഒരു ജീവി മാത്രമല്ല. മറ്റു ജീവജാലങ്ങളിൽനിന്നു വിഭിന്നമായി ചിന്തിക്കാനും കണ്ടെത്തുവാനും അവനു കഴിയും. ആ കണ്ടെത്തലുകളാണ് ഒരുവനെ ശ്രേഷ്ഠനായ മനുഷ്യനാക്കിത്തീർക്കുന്നത്."

"പാപരഹിതനായി ഭൂമിയിലവതരിച്ച യേശുദേവൻ മാത്രമാണ് നമ്മുടെ യഥാർത്ഥ വഴികാട്ടി. അവൻ മാത്രമാണ് ദൈവത്തിൽ നിന്നുള്ളവൻ. അവൻ ബലി ആവശ്യപ്പെടുന്നില്ല. പകരം പാപപങ്കിലമായ ഈ ലോകത്തിനുവേണ്ടി സ്വയം ബലിയായിത്തീരുകയാണു ചെയ്തത്. യൂദയായിലെ കുന്നിൻചെരുവുകളിലും സമതലങ്ങളിലും ഗലീലിയിലെ കടലോരത്തും യോർദാൻ നദീതടങ്ങളിലും അവൻ ജനങ്ങളെ പഠിപ്പിച്ചു നടക്കുമ്പോൾ സ്നേഹം മാത്രമായിരുന്നു അവന്റെ പാഥേയം. അവൻ മാത്രമാണു സ്നേഹത്തെക്കുറിച്ചു നമ്മോടു സംസാരിച്ചത്."

"അവൻ മാത്രമാണ് നിന്റെ അയൽക്കാരനെ സ്നേഹിക്കാനും വ്യഭിചാരമരുതെന്നും മോഷ്ടിക്കരുതെന്നും കള്ളസാക്ഷി പറയരുതെന്നും പറഞ്ഞുതന്നവൻ."

രണ്ടു കുപ്പായം സ്വന്തമായുള്ളവൻ അതിലൊന്ന് ഇല്ലാത്തവനു കൊടുക്കണമെന്നും നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കണമെന്നും പറഞ്ഞുതന്നത് അവൻ മാത്രമാണ്. അവൻ പുനർജന്മത്തെക്കുറിച്ചും വിഗ്രഹാരാധനയെക്കുറിച്ചും സംസാരിച്ചില്ല. പകരം സ്വർഗരാജ്യത്തെക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും നമ്മോടു പറഞ്ഞു. അവൻ സംസാരിച്ചത് മുപ്പത്തിമുക്കോടി ദൈവങ്ങളെക്കുറിച്ചല്ല. ഏക ദൈവത്തെക്കുറിച്ചാണ്.

ശേഷം 14 - ാം പേജിൽ

മാർത്തോമ്മാവർഷം

# കേരളസഭയിലെ 1950 സൂര്യതേജസ്സുകൾ

■ ജോൺ കച്ചിറമറ്റം

സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിച്ച മഹാവ്യക്തികളെ സംഭാവന ചെയ്ത ഒരു സമൂഹമാണ് കേരള കത്തോലിക്കാസമുദായം. കുടിയേറ്റം, കായൽക്കൃഷി, ആഴക്കടൽ മത്സ്യബന്ധനം, ബാങ്കിങ്, വിദ്യാഭ്യാസം, വ്യവസായം, സാംസ്കാരികം, അച്ചടി, പ്രസിദ്ധീകരണം, ദേശീയനവോത്ഥാനം തുടങ്ങിയ രംഗങ്ങളിൽ ആദ്യസംഭാവന നൽകിയിട്ടുള്ളത് കത്തോലിക്കരാണ്. ആ നേതാക്കൾ ഓരോ ദിവസം ചെല്ലുന്തോറും വിസ്മൃതിയിലാണ്ടുപോവുകയാണ്. അവരുടെ മഹത്തായ സംഭാവനകൾ ഇന്നത്തെ തലമുറയെ പഠിപ്പിക്കാനോ അവരുടെ സ്മരണ നിലനിറുത്താനോ യാതൊരു നടപടിയും ആരും സ്വീകരിച്ചിട്ടില്ല. സ്വീകരിക്കാനൊട്ടു താത്പര്യവുമില്ലായെന്നതു സത്യം.

ഇന്നു നാം അനുഭവിക്കുന്ന പല നേട്ടങ്ങളും നമ്മുടെ പൂർവികർ ത്യാഗമനുഷ്ഠിച്ചു നേടിത്തന്നതാണ്. അതിനവർ അനുഷ്ഠിക്കേണ്ടിവന്ന ക്ലേശങ്ങളെപ്പറ്റി പഠിച്ചെങ്കിൽ മാത്രമേ നമുക്കവരിൽ അഭിമാനം തോന്നുകയുള്ളൂ. പ്രമുഖ ചരിത്രകാരനായ ശ്രീ എം. ഒ. ജോസഫ് നെടുങ്കുന്നം 1972 ൽ പ്രസിദ്ധീകരിച്ച സഭാതാരങ്ങൾ എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "അതീതശതകങ്ങളിൽ മഹത്തായ സേവനങ്ങൾ അനുഷ്ഠിച്ചിട്ടുള്ള വീരപുരുഷന്മാർ മറ്റേതുവിഭാഗത്തിലുമെന്നതുപോലെ ക്രൈസ്തവസമുദായത്തിലും ഉണ്ടായിരുന്നു. അവരുടെ അപദാനങ്ങൾ രേഖപ്പെടുത്തിവയ്ക്കാൻ ആരും മുതിർന്നിട്ടില്ലെന്നേയുള്ളൂ. എല്ലാ പ്രതിബന്ധങ്ങളെയും തട്ടിനീക്കി ക്രൈസ്തവസമുദായത്തിന് അതിന്റെ വ്യക്തിത്വം നിലനിറുത്താൻ സാധിച്ചിട്ടുള്ളത് ഓരോ ഘട്ടത്തിലും സമുദായത്തെ നയിച്ചിരുന്ന വീരപുരുഷന്മാരുടെ വൈഭവംകൊണ്ടു മാത്രമാണെന്നുള്ളത് വിസ്മരിക്കത്തക്കതല്ല. പതിനെട്ടാം നൂറ്റാണ്ടിൽത്തന്നെ പനങ്കുഴയ്ക്കൽ കുര്യെപ്പ് കത്തനാർ, മുട്ടത്തു ചാക്കോ കത്തനാർ, കാഞ്ഞിരപ്പള്ളിക്കാരൻ കുഞ്ചാക്കോ കത്തനാർ, വരാരപ്പള്ളി ചാക്കോ, കൊരട്ടിക്കാരൻ ഇട്ടിമാണി മാപ്പിള, ആരക്കുഴക്കാരൻ കൊച്ചിട്ടിത്തരകൻ തുടങ്ങി പ്രഗല്ഭമതികളായ പല സമുദായനേതാക്കന്മാരും ജീവിച്ചിരുന്നതായി 'വർത്തമാനപ്പുസ്തകത്തിൽ' നിന്നു നമുക്കറിയാം. അവരുടെ പേരുകളല്ലാതെ, അവരെപ്പറ്റി കൂടുതൽ വിവരങ്ങളൊന്നും ഇന്നത്തെ തലമുറയ്ക്ക് ജ്ഞാതമല്ല. സമുദായത്തിന്റെ സുസ്ഥിതിക്കും പ്രശസ്തിക്കും വേണ്ടി സ്വന്തം ബുദ്ധിശക്തികൊണ്ടും കർമധീരതകൊണ്ടും വിശ്വാസദാർഢ്യംകൊണ്ടും നിസ്വാർത്ഥസേവനം അനുഷ്ഠിച്ചിട്ടുള്ള മഹാന്മാരെ ഇങ്ങനെ വിസ്മരിക്കുന്നത് ശരിയല്ലല്ലോ."

**കേരളസഭയിലെ 1950 സൂര്യതേജസ്സുകൾ**

കേരളസഭയിൽ ജീവിച്ചിരുന്ന പ്രശസ്തവ്യക്തികളെങ്കിലും ഇങ്ങനെ വിസ്മരിക്കരുതെന്നു കരുതിയാണ് ദിവംഗതരായ 1950 മഹാത്മാക്കളുടെ ചരിത്രം തയ്യാറാക്കുന്നത്. എല്ലാം ത്യജിച്ചുകൊണ്ട്, മർദനവും, കാരാഗൃഹവാസവും പ്രതീക്ഷിച്ചുകൊണ്ട് സാമൂഹികപ്രവർത്തനം നടത്തിയവരായിരുന്നു നമ്മുടെ മുൻതലമുറക്കാർ. സ്വന്തം കുടുംബത്തിനുവേണ്ടി മാത്രമല്ല, സമൂഹത്തിനാകെ നന്മ കൈവരുത്താനാണ് അവർ ശ്രമിച്ചത്. തത്ഫലമായി കുടുംബത്തിനു വലിയ സാമ്പത്തികനഷ്ടം ഉണ്ടായിരിക്കും. ആ നഷ്ടവുമായി പൊരുത്തപ്പെടാൻ ആധുനികരാഷ്ട്രീയപ്രവർത്തനശൈലിയിലും ഉദാരവത്കരണസംസ്കാരത്തിലും വളർന്നുവന്നവർക്കു സാധിക്കുകയില്ല. അതുകൊണ്ട് സ്വന്തം പിതാക്കന്മാരെയോ, പൂർവികരെയോ ആദരപൂർവം സ്മരിക്കാൻ അവർക്കു കഴിയുന്നില്ല. അക്കാരണത്താൽ മുൻതലമുറയുടെ ഗുണഭോക്താക്കളായ നമ്മൾ, നമ്മുടെ പൂർവ്വികരെ പിതാക്കന്മാരായി കാണാൻ ബാധ്യസ്ഥരാണ്. ആ സത്യം എന്റെ മനസ്സിനെ ത്രസിപ്പിച്ചതുകൊണ്ടാണ് പുത്രനടുത്ത ഉത്തരവാദിത്വത്തോടെ ഞാൻ ഈ ദൗത്യം ഏറ്റെടുത്തത്.

1950 പേരുടെ ചരിത്രം നാലു വാല്യങ്ങളിലായി ഉദ്ദേശം 5000 പേജിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ ഗ്രന്ഥത്തിൽ ചേർക്കാൻ യോഗ്യരായവരുടെ വിവരങ്ങൾ ജോൺ കച്ചിറമറ്റം, പിഴക്, 686651, കോട്ടയം എന്ന വിലാസത്തിൽ എഴുതി അറിയിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ■

ഈശോ


FROM THE BIBLE

21



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## വിശപ്പ്



വിതയും വിളവെടുപ്പുമില്ലാത്ത വാനിലെ പതംഗങ്ങളുടെ വയറു നിറയ്ക്കുന്നവനും, കല്ലുകളെ അപ്പമാക്കാൻ കഴിവുള്ളവനുമായവന്റെപോലും കുടലു കരിഞ്ഞു. നമ്മെപ്പോലെ അവനും കുറെക്കാലം മണ്ണിലെ മനുഷ്യനായിരുന്നു. ഒരു വ്യത്യാസം മാത്രം. അവന്റെ വിശപ്പ് മനുഷ്യനറിയില്ലാത്ത, ചിലതിനുവേണ്ടിയായിരുന്നു; ദൈവത്തിന്റെ രാജ്യത്തിനും അവിടുത്തെ നീതിക്കുംവേണ്ടി. അതുകൊണ്ടല്ലേ ഒരു മരത്തിന്റെയും കനി അവൻ കടിച്ചു തിന്നാതിരുന്നത്? വയറിന്റെ വരമ്പും കടന്നുപോയി അവന്റെ വിശപ്പ്. നമുക്കുമില്ലേ വിശപ്പ്? എന്തിനുവേണ്ടിയുള്ളതാണത്? കേവലം ഭക്ഷണംകൊണ്ടു തീരുന്നതാണെങ്കിൽ നാമിന്നും ഭൗമികർ മാത്രം. അതിനേക്കാൾ ശ്രേഷ്ഠമായവയ്ക്കുവേണ്ടി സ്വർഗീയമായവയ്ക്കുവേണ്ടി, നാം വിശക്കാറുണ്ടോ? ഉണ്ടെങ്കിൽ മാത്രം നാം ആത്മീയരാണ്, ദൈവം ആഗ്രഹിക്കുന്നവരാണ്. ആഹാരം, ആട, ആലയം മുതലായ ലൗകികാവശ്യങ്ങൾക്കുവേണ്ടിയുള്ളതു മാത്രമാണോ നമ്മുടെ വിശപ്പ്? ഉദരത്തിനുമപ്പുറം നീളുന്ന ഒരു വിശപ്പാണ് വിശ്വാസികളായ നമുക്കു വേണ്ടത്. വയറിന്റെ വിശപ്പ് എല്ലാ ഉദരജീവികൾക്കുമുള്ളതാണ്. എന്നാൽ, ആത്മാവിന്റെ വിശപ്പ് ആത്മീയതയോട് അല്പമെങ്കിലും ആഭിമുഖ്യം ഉള്ളവരുടേതു മാത്രമാണ്. ഓർക്കണം, ഭൗമികരല്ല, ആത്മീയരാകാനുള്ള നിയോഗമാണ് ക്രിസ്ത്യാനികളായ നമ്മുടെത്. ദൈവത്തിനും വചനത്തിനും കൂദാശകൾക്കുംവേണ്ടിയുള്ള വിശപ്പു നമുക്കുണ്ടാകണം. ഉദരപൂരണമല്ല, ഹൃദയപൂരണമാണ് നമ്മുടെ നിത്യരക്ഷയ്ക്കാവശ്യമായുള്ളത്. അതില്ലാതെ വരുമ്പോൾ മറ്റു വിശപ്പുകൾ പെരുകും. ഒന്നിലും തൃപ്തിയില്ലാത്തവരായി കഴിയേണ്ടിവരും. ഓർക്കണം, വയറും കടന്നുപോകുന്ന വിശപ്പ് നാം വന്നിടത്തേക്കു മടങ്ങാനും, നമ്മുടെ ഉടയവനോടു ചേരാനുമുള്ള അദമ്യമായ ഒരു തൃഷ്ണയാണ്. പരംപൊരുളായവനെ പ്രാപിക്കുമ്പോൾ മാത്രമേ അത് അടങ്ങുകയുള്ളൂ. നമ്മിലെ ചില വിശപ്പുകളെയും അവയ്ക്കു നാം നല്കിയ പ്രാധാന്യത്തെയും അവയെ കെടുത്താൻ നാം അവലംബിച്ച മാർഗങ്ങളെയും വിലയിരുത്താം. വേണ്ടാത്ത ചില വിശപ്പുകളെ നാം നമ്മിൽ വളർത്തിയിട്ടുണ്ടാകാം. അരുതാത്ത ചില വഴികളിലൂടെ അവയെ തൃപ്തിപ്പെടുത്താൻ അറിഞ്ഞോ അറിയാതെയോ തുനിഞ്ഞിട്ടുണ്ടാവാം. നമ്മുടെ വിശപ്പുകളെ വിശുദ്ധീകരിക്കണമേയെന്നും, ആത്മീയവിശപ്പിനെ വർദ്ധിപ്പിക്കണമേയെന്നും പ്രാർത്ഥിക്കാം. ഭക്ഷണത്തോടുള്ള ആർത്തിയും അതിലുള്ള ആർഭാടവും നമുക്കു യോജിച്ചതല്ല. വിശുദ്ധമായവയ്ക്കു വേണ്ടി വിശക്കുന്നവരാകാം. ആത്മീയഭോജ്യമായ ദിവ്യകാരുണ്യത്തെ ശരണപ്പെടാം. ഏതൊരു സുഭിക്ഷതയുടെയും സമൃദ്ധിയുടെയും സൗഭാഗ്യത്തിന്റെയും നടുവിലും ആത്മാവിന്റെ ആരോഗ്യത്തിനായുള്ള വിശപ്പ് നമ്മിൽ ഒടുങ്ങാതിരിക്കട്ടെ. ഒപ്പം, മറ്റുള്ളവരുടെ ആത്മീയ വിശപ്പ് നാമായിട്ടു ശമിപ്പിക്കാതിരിക്കാം. നമ്മുടെ സാന്നിധ്യവും സമ്പർക്കവും ഏവരെയും ആത്മീയതത്പരരാക്കി മാറ്റാൻ ഉപകരിക്കട്ടെ. ■

# തേനിനു പകരം തേൻ മാത്രം

കാർഷികം

ജോഷി മുഞ്ഞനാട്ട്



ഔഷധഗുണങ്ങളുടെ ഉറവിടമാണ് തേൻ. മധുരദ്രവ്യങ്ങളിൽ ഒന്നാമൻ. കൊഴുത്തു മനോഹരമായ, നറുമണമുള്ള ശുദ്ധമായ തേൻ സ്വർണവർണത്തിൽ പളുങ്കുപോലെ വിളങ്ങുന്നു. രോഗപ്രതിരോധശക്തി നൽകുന്ന ഒന്നാണ് തേൻ. കുട്ടികൾക്കും പ്രായമായവർക്കും ഒരുപോലെ ഗുണകരം.

ചൂടുള്ള ബാർലിവെള്ളത്തിൽ തേൻ ചേർത്തു കഴിച്ചാൽ ചുമയെയും ജലദോഷത്തെയും സുഖപ്പെടുത്തും. തുളസിയിലനീരിൽ തേൻ ചേർത്തു കഴിക്കുന്നതും ചുമയ്ക്കും ജലദോഷത്തിനും കഫക്കെട്ടിനും ഉത്തമം.

ചെറുനാരങ്ങാനീരിൽ തേൻ ചേർത്തു കഴിക്കുന്നതും കഫക്കെട്ടിനു നല്ലതാണ്. ചെറുനാരങ്ങാ പിഴിഞ്ഞ് ഇളം ചൂടുവെള്ളത്തിൽ ഇഞ്ചിനീര്, തേൻ എന്നിവ ചേർത്തുകഴിക്കുന്നത് രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കുന്നു. ജലദോഷം, പനി എന്നിവയെ തടഞ്ഞുനിറുത്തുകയും ചെയ്യും.

ആയുർവേദം, യുനാനി, ഹോമിയോപ്പതി, നാട്ടുചികിത്സ എന്നിവയിൽ തേൻ വ്യാപകമായി ഉപയോഗിച്ചുവരുന്നു. തീപ്പൊള്ളലിന് തേൻ പുരട്ടുന്നതു വളരെ നല്ലതാണ്. പൗരാണികകാലംമുതൽ ചർമസൗന്ദര്യം വർദ്ധിപ്പിക്കാൻ തേൻ ആന്തരികമായും ബാഹ്യമായും ഉപയോഗിക്കുന്നു. ത്വഗ്രോഗങ്ങൾ, കൃമി, ഛർദി, അതിസാരം, ശ്വാസകോശസംബന്ധമായ രോഗങ്ങൾ, മുറിവുകൾ, വ്രണങ്ങൾ തുടങ്ങിയവയ്ക്കും തേൻ ഉപയോഗിച്ചുവരുന്നു. നേത്രരോഗംമുതൽ ക്യാൻസറിനുവരെ ഇവ ഉപയോഗിക്കാറുണ്ട്. ഹൃദയപേശികൾക്ക് ഊർജം നൽകാനും സുഖനിദ്രയ്ക്കും ഫലപ്രദം.

വിവിധ ഋതുക്കളിൽ ശേഖരിക്കപ്പെടുന്ന തേനിന് പ്രത്യേകഗുണമെന്നാണ് വൈദ്യവിശാരദന്മാർ പറയുന്നത്. ചെറുനാരകത്തിന്റെ തേനിനാണ് ഏറ്റവും കൂടുതൽ ഫലസിദ്ധിയുള്ളത്. ഓറഞ്ചും കാപ്പിയും പുഷ്പിക്കുന്ന കാലം വയനാട്ടിലും കുടകിലും ശേഖരിക്കുന്ന തേനിനു ഫലസിദ്ധി കൂടുതലത്രേ. ഹിമാലയസാനുക്കളിൽനിന്നു ശേഖരിക്കപ്പെടുന്ന തേനിന് നിറംകുറവാണെങ്കിലും ഗുണത്തിൽ മെച്ചംതന്നെ. വിവിധ മരുന്നുകളുടെയും സുഗന്ധവസ്തുക്കളുടെയും നിർമാണത്തിനും തേൻ ഉപയോഗിച്ചുവരുന്നു. തേനിനു പകരം നിൽക്കാൻ മറ്റൊന്നില്ല. ■

# കുട്ടികൾ എന്തുകൊണ്ടു പഠിക്കുന്നില്ല?






ജസ്റ്റിൻ തോമസ്

എന്റെ കൗൺസലിങ് അനുഭവത്തിൽ പത്തു ശതമാനം മാതാപിതാക്കൾ മാത്രമേ തങ്ങളുടെ മക്കളുടെ പഠനം സംതൃപ്തി നല്കുന്നതാണെന്നു പറഞ്ഞിട്ടുള്ളൂ. പഠനത്തിൽ പിറകോട്ടു നിൽക്കുന്ന കുട്ടിയെ ക്രൂരമായി അവഗണിക്കുന്ന മലയാളിയായ ഒരു മെഡിക്കൽ പ്രഫഷണലിനെ കഴിഞ്ഞയിടെ കാണാനിടയായി. 'എന്റെ ബുദ്ധിശക്തിയുടെ ഒരംശംപോലുമില്ലാത്ത ഈ ചെറുക്കനെ ഞാനെന്തിനു സ്നേഹിക്കണ'മെന്ന് അദ്ദേഹം ഇംഗ്ലീഷിൽ ചോദിച്ചപ്പോൾ ഒരു മനഃശാസ്ത്ര കൗൺസലർ എന്ന നിലയിൽ എന്റെ മനസ്സിലൂടെ കടന്നുപോയ ചിന്ത, 'പഠനമുള്ള ബോധ്യമില്ലാത്ത മനുഷ്യൻ' എന്നായിരുന്നു. ഭർത്താവിന്റെ അറിവില്ലായ്മയുടെ മുമ്പിൽ വെന്തുരുകുന്ന സൗമ്യയായ ഭാര്യയുടെ കണ്ണുനീർ ആ കുട്ടിക്ക് ആശ്വാസമാണ്.

**എന്തുകൊണ്ട് കുട്ടികൾ പഠനത്തിൽ പിറകിലാകുന്നു?**

ഒരു കുട്ടി ജനിക്കുമ്പോൾത്തന്നെ അനേകം കഴിവുകൾ പ്രകടിപ്പിക്കുന്നു. കുട്ടി വളരുന്നതിനനുസരിച്ച് കഴിവുകൾ കൂടുതലായി ആർജിക്കുന്നു. ഈ കഴിവുകൾക്കൊപ്പംതന്നെ പഠനവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ വൈകല്യങ്ങളും കുട്ടികളിൽ ഉടലെടുക്കാം. ഇത്തരം പ്രശ്നങ്ങളെ രണ്ടായി തിരിക്കാം. 1. പൂർണമായും മറികടക്കാവുന്നത്. 2. പൂർണമായും മറികടക്കാൻ പറ്റാത്തവ.

കുട്ടികളിലെ പൂർണമായും മറികടക്കാവുന്ന വൈകല്യങ്ങളും ബുദ്ധിമുട്ടുകളും മറ്റു പ്രശ്നങ്ങളും മുതിർന്നവർ അറിഞ്ഞിരിക്കണം. പലപ്പോഴും സ്കൂളിലെ അധ്യാപകരും മാതാപിതാക്കളും ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് അവബോധമില്ലാത്തവരാകുന്നത് കുട്ടികളുടെ ജീവിതം നരകതുല്യമാകാം.

പഠനവുമായി ബന്ധപ്പെട്ട് പൂർണമായും മറികടക്കാവുന്ന മാനസികവൈകല്യങ്ങളും ബുദ്ധിമുട്ടുകളും മറ്റു പ്രശ്നങ്ങളും താഴെച്ചേർക്കുന്നു:

a. പഠനവൈകല്യങ്ങൾ b. പഠനബുദ്ധിമുട്ടുകൾ c. പിരിമുറുക്കം d. അകാരണമായ ഭയം e. പലതരത്തിലുള്ള അടിമത്തങ്ങൾ f. സ്വഭാവവൈകല്യങ്ങൾ g. പെരുമാറ്റവൈകല്യങ്ങൾ h. ലഘുവായ മറ്റ് മാനസികാസ്വസ്ഥതകളും രോഗങ്ങളും.

**a. പഠനവൈകല്യങ്ങൾ**

**1. ഡിസ്ലക്സിയ** (വായനവൈകല്യം)

വായിക്കാനുള്ള പ്രയാസവും സംസാരശബ്ദങ്ങൾ മനസ്സിലാക്കാനുള്ള ബുദ്ധിമുട്ടും ഈ അവസ്ഥയുടെ ലക്ഷണങ്ങളാണ്.

**2. ഡിസ്പ്രാക്സിയ** (എഴുത്തുപകരണങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത വൈകല്യം.)

ശരീരാവയവങ്ങളുടെ ഒരുമിച്ചുള്ള പ്രവർത്തനത്തെ ഇതു ബാധിക്കുന്നതിനാൽ പേന/ പെൻസിൽ എന്നിവ ഉപയോഗിച്ച് എഴുതാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നു.

**3. ഡിസ്ഗ്രാഫിയ** (എഴുതാനുള്ള വൈകല്യം)

അക്ഷരത്തെറ്റ്, വേഗത്തിൽ എഴുതാൻ കഴിയാതിരിക്കുക, അക്ഷരങ്ങൾ തിരിഞ്ഞുപോവുക, അക്ഷരങ്ങൾ തമ്മിലുള്ള അകലം മനസ്സിലാക്കാതെ വരുക എന്നിവയൊക്കെ ലക്ഷണങ്ങളാണ്.

**4. ഡിസ്കാൽക്കുലിയ** (ഗണിതശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വൈകല്യം)

ഗണിതശാസ്ത്രത്തിൽ ഇത്തരക്കാർ വളരെ പിറകോട്ടായിരിക്കും. മേൽസൂചിപ്പിച്ചവയെ മാനസികരോഗങ്ങളായി കണക്കാക്കുന്നില്ല.

**b. പഠനബുദ്ധിമുട്ടുകൾ**

സാഹചര്യങ്ങൾ മാറുന്നതിനാലോ സമ്മർദംമൂലമോ കുട്ടികൾക്കു പഠിക്കാൻ പറ്റാത്ത അവസ്ഥ. സ്കൂൾ മാറിവരുന്ന കുട്ടി പഠിക്കാത്തത് ഉദാഹരണം.

**c. പിരിമുറുക്കം**

പിരിമുറുക്കവും തുടർന്നുള്ള ശാരീരികമാനസികാസ്വസ്ഥതകളും ശ്രദ്ധ, ഓർമ, ഉത്സാഹം, ലക്ഷ്യബോധം, എന്നിവയെയൊക്കെ സാരമായി ബാധിക്കാം.

**d. അകാരണമായ ഭയം**

ഫോബിയ എന്നറിയപ്പെടുന്ന അകാരണഭയം പഠനവുമായി ബന്ധപ്പെട്ടുണ്ടായാൽ അതു പഠനത്തെ ബാധിക്കും. അകാരണമായ പരീക്ഷപ്പേടി ഇതിനുദാഹരണമാണ്.

**e. പല തലത്തിലുള്ള അടിമത്തങ്ങൾ**

ഇന്റർനെറ്റ്, സ്ക്രീൻ അടിമത്തം, ലഹരിപദാർഥങ്ങൾ, പ്രണയം, കൂട്ടുകാർ ഇതൊക്കെ അടിമത്തങ്ങൾക്കുദാഹരണമാണ്.

**f. സ്വഭാവവൈകല്യങ്ങൾ**

തിന്മയോടും അതുമായി ബന്ധപ്പെട്ടവരോടും ചേർന്നു നിൽക്കുക, കള്ളം പറയുക, പഠിക്കുന്നത് കുറച്ചിലായി കാണുക, ധിക്കരിക്കുക, അബദ്ധാശയങ്ങളെ സ്നേഹിക്കുക എന്നിവയൊക്കെ സ്വഭാവവൈകല്യങ്ങൾതന്നെ.

**g. പെരുമാറ്റവൈകല്യങ്ങൾ**

മോഷണം, ഉപദ്രവം, സമയം പാലിക്കാതിരിക്കുക, മടി, മോശം കൂട്ടുകെട്ട്, കൂട്ടുകാരുമായി ചേരാതിരിക്കുക, അധ്യാപകരെ നിന്ദിക്കുക, മാതാപിതാക്കളെ ധിക്കരിക്കുക എന്നിവയൊക്കെ പെരുമാറ്റവൈകല്യങ്ങളിൽപ്പെടും.

**h. ലഘുവായ മറ്റു മാനസികാവസ്ഥകളും രോഗങ്ങളും**

മന്ദത, അമിത ഊർജസ്വലത, ലഘുവായ നിരാശ, മാനസികാവസ്ഥയിലെ മാറ്റങ്ങൾ, അമിതചിന്ത, വികാരവിക്ഷോഭം തുടങ്ങിയവയൊക്കെ പഠനത്തെ സാരമായി ബാധിക്കാം.

ഇവിടെ നാം ഓർക്കേണ്ടത് പഠനവൈകല്യങ്ങളെ മനസ്സിലാക്കാനും മറികടക്കാനും വ്യത്യസ്തമാർഗങ്ങളുണ്ട് എന്ന സത്യമാണ്. പഠനവൈകല്യങ്ങളും പഠനബുദ്ധിമുട്ടുകളും രണ്ടാണ് എന്നു നാം തിരിച്ചറിയണം. പഠനബുദ്ധിമുട്ടിനെ വർധിപ്പിക്കുന്ന മറ്റു പ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ പരിഹരിക്കപ്പെടേണ്ടതുണ്ട്. പഠനവൈകല്യങ്ങളും ബുദ്ധിമുട്ടുകളും മറ്റു പ്രശ്നങ്ങളും കുട്ടിയുടെ പഠനനിലവാരത്തെ ബാധിക്കും. ഇവയെ യഥാസമയത്തു മറികടക്കാൻ താഴെപ്പറയുന്ന രീതികൾ അവലംബിക്കാം.

1. കുട്ടികളിലെ മാറ്റങ്ങൾ/ ബുദ്ധിമുട്ടുകൾ ശ്രദ്ധയോടെ നിരീക്ഷിക്കുക. 2. മാറ്റങ്ങൾ/ ബുദ്ധിമുട്ടുകൾ ദീർഘകാലം (മൂന്നാഴ്ച) നിലനില്ക്കുന്നതായിത്തോന്നിയാൽ ഒരു കൗൺസലറെ കാണുക. 3. കൗൺസലറുടെ സഹായത്തോടെ കുട്ടിയുടെ യഥാർഥപ്രശ്നം കണ്ടെത്തുക. ക്ഷമയോടെ കാര്യങ്ങളെ നേരിടുക. 4. പഠനവൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കാനുള്ള മാർഗങ്ങൾ പഠിച്ചെടുക്കുക. പഠനബുദ്ധിമുട്ടു നേരിടുന്ന കുട്ടികളുടെ ബുദ്ധിമുട്ടുകളെ കണ്ടെത്തി പരിഹരിക്കുക. മറ്റു പ്രശ്നങ്ങൾക്കുള്ള മനഃശാസ്ത്രപരമായ സമീപനം കൗൺസലറുമായി ചർച്ച ചെയ്തു തീരുമാനിക്കുക. കുറ്റപ്പെടുത്തൽ, ശിക്ഷ, ശകാരം എന്നിവ പരിഹാരമാർഗങ്ങളല്ല.



മേൽസൂചിപ്പിച്ചതുപോലെ പൂർണമായും മറികടക്കാൻ പറ്റാത്ത, പഠനത്തെ സാരമായി ബാധിക്കുന്ന മാനസികപ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു:

a. ഓട്ടിസം (സമൂഹത്തിൽ ഇടപഴകാനുള്ള ബുദ്ധിമുട്ട്) b. ADHD (അമിത ഊർജപ്രകടനവും ഒരു കാര്യത്തിൽ ശ്രദ്ധ ചെലുത്താൻ കഴിയായ്കയും) c. മാനസികവളർച്ചയില്ലായ്മ d. മറ്റു ശക്തമായ മാനസികപ്രശ്നങ്ങൾ.

ഇവയൊക്കെ ഒരു പരിധിവരെ പരിഹരിക്കാനും അനുദിനജീവിതം മുമ്പോട്ടുകൊണ്ടുപോകാനും ശരിയായ പരിശീലനപ്രക്രിയകളിലൂടെ സാധിക്കും. യഥാസമയത്തുള്ള ശരിയായ രോഗനിർണയം പ്രശ്നപരിഹാരത്തിനനിവാര്യമാണ്. മരുന്നു തെറാപ്പികൾ, കൗൺസലിങ് എന്നിവയുടെ സംയോജനം ഇത്തരക്കാരിൽ ഫലപ്രദമാണ്.

ചുരുക്കത്തിൽ, ഒരു കുട്ടി പഠിക്കാത്തത് ആ കുട്ടിയുടെ മാനസികശാരീരികാവസ്ഥയാലാണ്. ശരിയായ രോഗനിർണയവും ചികിത്സയും ഇത്തരം പ്രശ്നങ്ങളെ മറികടക്കുവാൻ സഹായിക്കും. കുടുംബാംഗങ്ങൾ ഇത്തരം കുട്ടികളെ മനസ്സിലാക്കി പ്രവർത്തിക്കുക അത്യന്താപേക്ഷിതമാണ്. ■

# അക്ഷരങ്ങളെയും പൂക്കളെയും സ്നേഹിക്കുന്ന ലിന്റാമോൾ

പാലാ: ചെറുപ്പംമുതലേ പൂച്ചെടികളോട് ഇഷ്ടമായിരുന്നു ലിന്റാമോൾക്ക്. മാതാപിതാക്കളായ ജോർജ് ആന്റണിക്കും ഏലിയാമ്മയ്ക്കും പൂച്ചെടികൾ ഏറെ പ്രിയമായിരുന്നു. അവരിൽനിന്നു ലഭിച്ച പ്രചോദനമാകാം തന്നെയും പൂക്കളെ സ്നേഹിക്കാൻ പഠിപ്പിച്ചതെന്ന് കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹയർസെക്കണ്ടറി സ്കൂളിലെ ഓഫീസ് സ്റ്റാഫ് ലിന്റാമോൾ ആന്റണി പറയുന്നു. ഇളംതോട്ടം സൺഡേ സ്കൂൾ അധ്യാപികകൂടിയാണ് ലിന്റാമോൾ.

പൂന്തോട്ടമാരംഭിച്ചിട്ട് പത്തുവർഷത്തോളമായി. വിവിധതരത്തിലുള്ള ചെത്തി, റോസ്, അഗ്ലോണിമ, ഓർക്കിഡ്, ആന്തൂറിയം, മണിപ്ലാന്റ്, കലാത്തിയ, യുഫോർബിയ, ഡ്രെസ്സീന പ്ലാന്റ്, പെറ്റൂണിയ, ബിഗോണിയ, വാണ്ടറിങ് ജ്യൂ, ചൈനീസ് ബാൾസം തുടങ്ങിയ ഇരുന്നൂറോളം ഇനങ്ങൾ കൃഷി ചെയ്തുവരുന്നു.

ഇവയ്ക്കു ചാണകപ്പൊടിയാണ് വളമായി ഉപയോഗിക്കുന്നത്. തൈകൾ നടുമ്പോൾ ചകിരിച്ചോറും ചാണകപ്പൊടിയും ചേർത്താണ് നടുന്നത്. ഇടയ്ക്കിടയ്ക്ക് പച്ചച്ചാണകം കലക്കി ഒഴിക്കുന്നത് വളർച്ചയ്ക്കു നല്ലതാണെന്നു പറയുന്നു.

മനസ്സിൽ എന്തെങ്കിലും ടെൻഷൻ കടന്നുകൂടിയിട്ടുണ്ടെങ്കിൽ ഈ ചെടികളുടെ പൂമൊട്ടും പൂവും കാണുമ്പോൾ അവയൊക്കെ താനേ മനസ്സിൽനിന്നു



മാഞ്ഞുപോകും. അതിന്റെ കൂട്ടത്തിൽ നനച്ചുകൊടുക്കുകകൂടി ചെയ്യുമ്പോൾ അതെല്ലാം പൂർണമായും വിട്ടുപോകുമെന്നാണ് ലിന്റാമോളുടെ അഭിപ്രായം. വൈകുന്നേരം കുറച്ചു സമയം മാത്രമാണ് പൂച്ചെടികളുടെ സംരക്ഷണത്തിനായി ലഭിക്കുക.

കവിതാരചനയിൽ കെസിബിസി ടീച്ചേഴ്സ് ഗിൽഡ് നടത്തിയ മത്സരത്തിൽ 2022 ൽ പാലാ രൂപതയിലെ ഫസ്റ്റും, സ്റ്റേറ്റ് ലെവലിൽ സെക്കന്റും ലിന്റാമോൾക്കാണു ലഭിച്ചത്.

മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തിയ മത്സരത്തിൽ കവിതയ്ക്കും കഥയ്ക്കും സമ്മാനങ്ങൾ നേടിയിട്ടുണ്ട്. ഈ അടുത്തുകാലത്തായി ലിന്റ രചിച്ച 49 കവിതകളുടെ സമാഹാരമായ 'തീത്തടാകത്തിലെ താമര' എന്ന പ്രഥമപുസ്തകം ബിഷപ് മാർ ജേക്കബ് മുരിക്കൻ പ്രകാശനം ചെയ്തു.

തൊടുപുഴയ്ക്കടുത്ത് അഞ്ചിരിയിലാണ് ലിന്റാമോൾ ജനിച്ചുവളർന്നത്. ഇപ്പോൾ പാലാ ഇളംതോട്ടം സെന്റ് ആന്റണീസ് ഇടവകാംഗവും പുത്തൻപുരയ്ക്കൽ ജോർജ് വർഗീസിന്റെ ഭാര്യയുമാണ്.

കല്ലാനിക്കൽ സെന്റ് ജോൺസ് ഹയർസെക്കന്ററിയിലും തൊടുപുഴ ന്യൂമാൻ കോളജിലുമാണ് പഠനം നടത്തിയത്. ഭർത്താവ് ജോർജ് വർഗീസ് പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡ്രൈവറായി ജോലി ചെയ്യുന്നു. ഇവർക്കു മൂന്നുമക്കളാണ്. അന്ന കരോളിൻ ജോർജ്, ഹെലൻ മരിയ ജോർജ്, എമ്മാനുവേൽ പി. ജോർജ്.

ജോസഫ് കുമ്പുക്കൻ

# നെല്ലിക്കത്തെരുവിലെ സ്നേഹപ്പൂക്കൾ

**വലിയ കുടുംബങ്ങളിൽ വസന്തം വിരിയുമ്പോൾ**





ആഷ്‌ലി ടെസ് ജോൺ

“ചേച്ചി ഒന്നും പേടിക്കണ്ടന്നേ, കൊവിഡൊക്കെ ഒരു പ്രശ്നമാണോ? ധൈര്യമായിട്ടങ്ങ് പ്രസവിച്ചോ.'' ഡെലിവറിക്കു ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയപ്പോൾ മാത്രം, കൊവിഡ് പോസിറ്റീവ് ആണെന്നറിഞ്ഞ് തെല്ലൊന്നു പതറിപ്പോയ ശ്യാമിനിക്ക് ഹോസ്പിറ്റലിലെ ഡോക്ടേഴ്സും നഴ്സുമാരും കൊടുത്തത് കട്ട സപ്പോർട്ടാണ്. ‘ഐസൊലേറ്റ് ചെയ്യുമോ, ഡോക്ടേഴ്സ് വരാതിരിക്കുമോ, ശ്രദ്ധ കുറയുമോ, നഴ്സിങ് കെയർ കിട്ടാതിരിക്കുമോ?’ എന്നൊക്കെയുള്ള കാക്കത്തൊള്ളായിരം ആകുലതകളെ ആവിയാക്കിക്കൊണ്ട് ‘സെറാഫിൻ’ പറന്നിറങ്ങി ഭൂമിയിലേക്ക്, ആറാമത്തെ മാലാഖക്കുഞ്ഞായി. മൂന്നുമാസം പ്രായമായ സെറാഫിനെ മടിയിലിരുത്തി കാഞ്ഞിരപ്പള്ളി പൊടിമറ്റത്തെ നെല്ലിക്കത്തെരുവിൽ വീടിന്റെ വരാന്തയിലിരുന്ന് ശ്യാമിനി പറഞ്ഞുതുടങ്ങി, കുഞ്ഞുങ്ങൾക്കുവേണ്ടി നേർച്ചയിട്ട ജീവിതത്തിലെ നീണ്ട വർഷങ്ങളെപ്പറ്റി. കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിങ് കോളജിൽ അധ്യാപികയാണു ശ്യാമിനി.

''എന്റെ വീട്ടിലും ബിനുവിന്റെ വീട്ടിലും മക്കൾ രണ്ടുപേരു വീതമേയുള്ളൂ. പക്ഷേ, ഞങ്ങൾ രണ്ടുപേർക്കും കൂടുതൽ കുട്ടികളെന്നൊരു ഇഷ്ടം മനസ്സിലുണ്ടായിരുന്നു. രണ്ടുപേരും ഒരേ താത്പര്യക്കാരായിരുന്നതുകൊണ്ടു പരസ്പരം തിരുത്തലുകളോ, പ്രേരിപ്പിക്കലുകളോ ഇക്കാര്യത്തിൽ വേണ്ടിവന്നിട്ടില്ല.

“എല്ലാവരും ചോദിക്കാറുണ്ട്, ഒന്നിനെ മാനേജ് ചെയ്യാൻ പറ്റുന്നില്ല ഞങ്ങൾക്ക്, പിന്നെങ്ങനാ ഈ ആറുപേരെ? രണ്ടുപേരും ജോലിക്കു പോകുന്നവരുമാണല്ലോ എന്ന്. എല്ലാ കാര്യങ്ങളും മാനേജ് ചെയ്യുന്ന ഒരാൾ കൂടെയുള്ളപ്പോൾ നമ്മള് എന്തിനാ പേടിക്കുന്നെ? എല്ലാ അറേഞ്ചുമെന്റ്സും അവിടുന്നുതന്നെ നേരിട്ടു നടത്തിക്കോളും. കൊവിഡ് പോസിറ്റീവ് ആയിട്ടും എല്ലാം ‘പോസിറ്റീവ്’ ആക്കിത്തന്നതുപോലെ.” എങ്ങനെ ജീവിക്കണമെന്നും, എന്തിനുവേണ്ടി അർപ്പിക്കണമെന്നും ബോധ്യമുള്ള ജീവിതങ്ങളെ കേൾക്കുന്നതുതന്നെ പുണ്യമാണ്.

കാഞ്ഞിരപ്പള്ളി കുട്ടിക്കാനം മരിയൻ കോളജിലെ കമ്പ്യൂട്ടർ സയൻസ് അധ്യാപകനായ ബിനു തോമസ് കോഴിക്കോട് താമരശ്ശേരിയിലേക്കു കുടിയേറിയ പാലാ നെല്ലിക്കത്തെരുവിൽ കുടുംബാംഗമാണ്. വിദേശത്തു ജോലി ചെയ്യണമെന്ന തീവ്രാഭിനിവേശം മനസ്സിൽ സൂക്ഷിച്ചയാൾ. സെൻട്രൽ ഗവൺമെന്റിന്റെ കൊളംബോ പ്ലാനിന്റെ ഭാഗമായി ഡെപ്യൂട്ടേഷനിൽ ഭൂട്ടാനിലേക്കു കുടുംബവുമായി പോയത് ഒന്നാമത്തെ കുഞ്ഞിന്റെ ജനനത്തിനു ശേഷമാണ്. ഓരോ കുഞ്ഞും ഭാരമേറിയ നുകമാണെന്നു കരുതി ശിരസ്സു നമിക്കാൻ മടിക്കുന്നവരോട് ബിനുവിന് ഒന്നേ പറയാനുള്ളൂ, ഒന്നു നനയാൻ തയ്യാറാണെങ്കിൽ അനുഗ്രഹങ്ങളുടെ പെരുമഴയാവും നമ്മളെ കാത്തിരിക്കുന്നത്. “പ്രാർത്ഥിച്ച് ഒരുങ്ങിയാണ് ഞങ്ങൾ എല്ലാ കുഞ്ഞുങ്ങളെയും സ്വീകരിച്ചത്. ഓരോരുത്തരെയും തരുമ്പോൾ സന്തോഷംകൊണ്ടു പൊതിഞ്ഞു കുറെയേറെ ഗിഫ്റ്റ് ഹാംബറുകളും ദൈവം ആ കൂടെത്തരാറുണ്ട്. വീട്, വിദേശയാത്രകൾ, സാമ്പത്തികസമൃദ്ധി, കടങ്ങൾ വീട്ടിത്തീർക്കലുകൾ എല്ലാം ആ കൂടെ ഉണ്ടാവാറുണ്ട്. ബാധ്യതകളല്ല, സാധ്യതകളാണ് ഓരോ കുഞ്ഞും എന്നു നമ്മൾ തിരിച്ചറിഞ്ഞാൽ മതി.'' അതിരുകളില്ലാത്ത ലോകത്തിനുവേണ്ടിയാണ് നമ്മുടെ ചെറിയ പ്രാണനുകളെ ദൈവം സൃഷ്ടിച്ചിരിക്കുന്നതെന്നു തിരിച്ചറിഞ്ഞിട്ടുണ്ട്, ബിനു.

“കുഞ്ഞുവാവയുടെ ഡയപ്പറുകൾ വൃത്തിയാക്കാനും അവളുടെ കുഞ്ഞുടുപ്പുകൾ നനയ്ക്കാനും മടക്കാനും അവളെ ലാളിക്കാനും ഉറക്കാനുമൊക്കെ മൂത്തയാളുകൾക്കിടയിൽ മത്സരമാണ്. മൂത്തമോൾ മരിയ, തിരുവനന്തപുരം എൽ.ബി.എസ്. എഞ്ചിനീയറിങ് കോളജിൽനിന്നു ഒരവധി കിട്ടിയാൽ പറന്നെത്തും, സെറാഫിനെക്കാണാൻ, ഇളയവരോടു കുറുമ്പുകാട്ടാൻ. വീട്ടിലെ ഉത്തരവാദിത്വങ്ങൾ ഞാനും ശ്യാമിനിയും പങ്കിട്ടെടുക്കാറാണു പതിവ്. കുടുംബവും ജോലിയും തമ്മിൽ കൂട്ടിക്കലർത്താറില്ല. മക്കളുടെ കൂടെ കൂടുതൽ സമയം ചെലവഴിക്കാനുള്ള കൊതികൊണ്ട് വിദേശയാത്രകൾ ഇപ്പോൾ ഏറ്റെടുക്കാറുമില്ല.”

ബിനു നിറുത്തിയിടത്തുനിന്ന് ശ്യാമിനി തുടങ്ങി. “ലോകത്തിലെ ഏറ്റവും രുചിയേറിയ ഇടമാണല്ലോ അടുക്കള. അതുകൊണ്ട് ആരെയും അവിടെ കയറുന്നതിൽനിന്ന് ഒഴിവാക്കാറില്ല.” ചിരിച്ചുകൊണ്ട് ശ്യാമിനി തുടർന്നു: ഒറ്റയ്ക്കു ടിഫിൻ എടുക്കാനും, അടുക്കള മാനേജ് ചെയ്യാനും, മൂത്ത കുട്ടികളുടെ പാകമാകാത്ത ഡ്രസുകൾ സന്തോഷത്തോടെ അണിയാനുമൊന്നും ഒരു മടിയുമില്ല. ടീം വർക്കാണ് നമ്മുടെ വിജയരഹസ്യമെന്നവർ പറയും. മൂത്തമകൾ മരിയ ഭംഗിയായി വരയ്ക്കും, നല്ല വായനയുണ്ട്. രണ്ടാമത്തെ മോൻ ജെയിംസ്, സഹോദരങ്ങളെ നെഞ്ചോടു ചേർത്തു നിറുത്താൻ മിടുക്കനാണ്. എല്ലാവരെയും ഒറ്റക്കെട്ടായി ഒരുമിച്ചു നടത്താനുള്ള നയമുണ്ട്. മൂന്നാമത്തെ മോൾ അൽഫോൻസയുടെ തീരുമാനങ്ങൾക്ക് പാറയുടെ ഉറപ്പാണ്. അവളും നന്നായി ചിത്രങ്ങൾ വരയ്ക്കും. ആൻ നാലാമത്തെ ആളാണ്, വീട്ടിലെ കാര്യസ്ഥിക്കുഞ്ഞ്, അവളുടെ താഴെയുള്ള രണ്ടുമക്കളുടെയും കാര്യത്തിൽ എനിക്കൊന്നും പേടിക്കേണ്ടതില്ല. അമ്മയെപ്പോലെതന്നെ അവരെ കരുതിക്കൊള്ളും. അഞ്ചാമത്തെ മോൾ റൂത്ത്, സെറാഫിന്റെ വരവോടെ ‘കുഞ്ഞിച്ചേച്ചി’യായതിന്റെ ത്രില്ലിലാണ്. അമ്മയുടെ കൂടെക്കിടക്കാനുള്ള കൊതിക്കു കുറവില്ലെങ്കിലും കുറുമ്പൊട്ടും കൂടുതലില്ല.

ജീവിതത്തിൽ ഫസ്റ്റ് പ്രയോരിറ്റി എപ്പോഴും കുടുംബത്തിനാണു ഞാൻ നൽകുന്നത്. രാവിലെ ഒൻപതുമുതൽ അഞ്ചുവരെയുള്ള സമയത്ത് കോളജു ജോലികൾ തീർക്കും. അതിന്റെ ബദ്ധപ്പാടുകളും ടെൻഷനുമെല്ലാം വീട്ടിലേക്കു കൊണ്ടുവരാറില്ല. കുഞ്ഞുങ്ങളോടൊത്തായിരിക്കുമ്പോൾ നൂറുശതമാനം അവരോടൊപ്പം തന്നെയായിരിക്കും. ദേഷ്യമൊക്കെ വരാറുണ്ട്. നിയന്ത്രിക്കാൻ ശീലിക്കുകയാണ്. എല്ലാം പ്രിയങ്കരവും ശുഭവുമായി മാറുന്നതല്ല ദൈവപരിപാലന; മറിച്ച്, ഓരോന്നും സംഭവിക്കുന്നത് അവന്റെ കരങ്ങളാലാണെന്ന തിരിച്ചറിവാണു വേണ്ടതെന്ന് മക്കൾക്കു പറഞ്ഞുകൊടുക്കാറുണ്ട്. വീടു പണിയുന്ന കൃത്യതയോടെ ജീവിതം പണിതെടുക്കാനാവില്ല, അതിനുവേണ്ടത് കർത്താവിന്റെ കൃപയാണെന്നും'' ശ്യാമിനി പറഞ്ഞു നിറുത്തി.

മനുഷ്യനായിരിക്കുന്നതിന്റെ അഴകും ആഴവും തിരിച്ചറിയുന്നതല്ലേ ശരിയായ ആത്മീയത? ജീവനെ ഘോഷിക്കുന്ന ബിനുവിനും ശ്യാമിനിക്കും അതു വെളിപ്പെട്ടു കിട്ടുമ്പോൾ, സ്വയം പാപ്പരെന്നു കരുതി നമുക്കു കരങ്ങൾ കൂപ്പാം. അവർ ആറാടട്ടെ, ആറു മക്കൾക്കൊപ്പം. ■



കാഞ്ഞിരപ്പള്ളി നെല്ലിക്കത്തെരുവിൽ ബിനു തോമസും ഭാര്യ ശ്യാമിനിയും മക്കളോടൊപ്പം.



11-ാം പേജ് തുടർച്ച

''ഭൂമിയിലെ ജീവിതവേഷങ്ങൾ അഴിച്ചുവച്ച് മരണശേഷം നമ്മുടെ ആത്മാവ് സ്വർഗരാജ്യത്തിൽ പ്രവേശിച്ച് സച്ചിദാനന്ദസ്വരൂപനായ ദൈവത്തിന്റെ സന്നിധിയിൽ നിത്യസന്തോഷം അനുഭവിക്കേണ്ടതിനെക്കുറിച്ചാണ്.”

രാവ് ഏറെച്ചെന്നിരുന്നു. തുറന്നിട്ട ജാലകത്തിലൂടെ പടിഞ്ഞാറേ ആകാശത്തിൽ അർദ്ധചന്ദ്രനെ കാണാം. നിലാവിന്റെ കുഞ്ഞലകൾ ഇറുന്നുവീഴുന്നു. ഇപ്പോൾ കാറ്റ് ജാലകം കടന്നെത്തുന്നത് കുടമുല്ലപ്പൂക്കളുടെ സൗരഭ്യംകൊണ്ടാണ്.

“ക്ഷമിക്കണം. ഓരോന്നു പറഞ്ഞിരുന്ന് ഞാൻ വൃഥാ നിങ്ങളുടെ ഉറക്കം കെടുത്തി.” ദേവസഹായം പറഞ്ഞു.

“ഒരിക്കലുമില്ല പെരിയവരേ.” ചൊക്കലിംഗം പറഞ്ഞു. “ഉറക്കം ഞങ്ങളിൽനിന്ന് എത്രയോ കാതം അകലെയാണ്.”

“എങ്ങനെയാണ് ഈ രാത്രിക്കും അങ്ങയുടെയും ഭാര്യയുടെയും ആതിഥ്യത്തിനും നന്ദി പറയേണ്ടതെന്നറിയില്ല.” ധർമരാജ് പറഞ്ഞു.

''നന്ദിയോ...? അങ്ങനെയൊന്നും പറയേണ്ടതില്ല. നമുക്ക് നന്ദിയും കടപ്പാടും കാരുണ്യനിധിയായ ദൈവത്തോടാണു വേണ്ടത്. അവന്റെ കാരുണ്യമാണ് ഒരു രാത്രിയെങ്കിലും ഒരു കൂരയ്ക്കു കീഴിൽ ഒരുമിച്ചു പാർക്കാൻ അവസരമൊരുക്കിയത്. ശരി, നിങ്ങൾക്കു മരുതുകുളങ്ങരയിൽ സുഖനിദ്ര നേരുന്നു.”

ദേവസഹായം അവരെ വിട്ട് ഉറക്കറയിലേക്കു പോയി. അവർക്കാകട്ടെ തെല്ലും ഉറക്കം വന്നില്ല. ദേവസഹായത്തിന്റെ ദൈവം പഠിപ്പിച്ചതുപോലെ സ്നേഹം വിളമ്പുന്ന ഒരു മനുഷ്യനെ ആദ്യമായി അറിയുകയായിരുന്നു അവർ. എളിമയുടെയും വിനയത്തിന്റെയും മൂർത്തരൂപം.

പുറത്ത് നിലാവിന്റെ ലാവണ്യത്തിരകളിളകുന്നുണ്ട്. കാറ്റ് കുറച്ചുകൂടി ശീതളമായിരിക്കുന്നു. ചൊക്കലിംഗം വിളക്കിലെ തിരി നീട്ടിയിട്ടു.

“നമുക്കും സത്യവേദം സ്വീകരിച്ചാലോ?” വിളക്കിൽനിന്ന് വിരലിൽ പറ്റിയ എണ്ണ തലയിൽ തുടച്ചുകൊണ്ട് ചൊക്കലിംഗം പറഞ്ഞു. ധർമരാജ് നേരിയൊരമ്പരപ്പോടെ കൂട്ടുകാരനെ നോക്കി.

“എന്താ നീ ഇങ്ങനെ നോക്കുന്നത്. ഭയമാണോ?”

“അല്ല. ഞാനും അതുതന്നെയാണ് ആലോചിച്ചുകൊണ്ടിരുന്നത്.”

“അപ്പോൾ നമ്മളിരുവരും ഒരുപോലെ ചിന്തിക്കുന്നു. നമുക്കാലോചിക്കാം. സമയമുണ്ട്.”

അവർ സംസാരം നിറുത്തി ഉറങ്ങാൻ കിടന്നു. ഓരോന്നാലോചിച്ചു കിടന്ന് അവർ ഉറക്കത്തിലേക്കു വഴുതി. ദൈർഘ്യരഹിതമെങ്കിലും സുഖകരമായ നിദ്ര.

പ്രഭാതത്തിനുമുമ്പേ ദേവസഹായം അവരെ വിളിച്ചുണർത്തി. കുളിയും മറ്റ് പ്രഭാതകൃത്യങ്ങളും കഴിഞ്ഞ് അവർ പത്മനാഭപുരത്തിനു തിരിച്ചു.

വെട്ടം വീണുതുടങ്ങിയതേയുള്ളൂ. ദേവസഹായം നട്ടാലത്തിന്റെ ഇടവഴികളിലൂടെ തന്റെ കുതിരയെ തെളിച്ചു. കുതിരക്കുളമ്പടികൾ നട്ടാലത്തെ പുലരിക്കുളിരിൽനിന്നുണർത്തി. ആളുകൾ ജനാലകളും വാതിലുകളും തുറന്ന് എത്തി നോക്കി. മരുതുകുളങ്ങരയിലെ നീലകണ്ഠനാണ് ആ പോകുന്നത്.

ദേവസഹായം ചെന്നുനിന്നത് കരുവാൻ മാണിക്കന്റെ ആലയ്ക്കു മുമ്പിലാണ്. ആലയിൽ ഉല കത്തുന്നുണ്ട്. അടകല്ലിൽ വച്ച പഴുത്ത ഇരുമ്പിൽ ചുറ്റിക വീഴുന്ന ശബ്ദം ദേവസഹായം അകലെനിന്നേ കേട്ടിരുന്നു.

ആലയ്ക്കു പുറത്തേക്കു വന്ന മാണിക്യൻ നന്നേ വിയർത്തു കുളിച്ചിരുന്നു. വെളുക്കും മുമ്പേ തുടങ്ങിയ ജോലിയായിരിക്കണം. അതോ രാത്രി മുഴുവനുമായിട്ടുള്ളതോ...

മാണിക്യൻ ദേവസഹായത്തിനു നേരേ കൈകൾ കൂപ്പി വിടർന്നുചിരിച്ചു. എന്നിട്ടു പറഞ്ഞു:

''പെരിയവരെന്നെ മറന്നു എന്നു ഞാൻ കരുതി.”

“മാണിക്യൻ എന്നെ മറക്കാതിരിക്കാനാണ് ഞാനിവിടേക്കു വന്നത്.”

“പെരിയവരെ മറക്കാനോ... അതിനീ മാണിക്യൻ മരിക്കണം.”

“മരണത്തേക്കുറിച്ച് ഇപ്പോൾ ചിന്തിക്കേണ്ടതില്ല. അതിനൊക്കെ കർത്താവായ ദൈവം നേരം കുറിച്ചിട്ടുണ്ട്.”

''പെരിയവർ സത്യവേദം സ്വീകരിച്ചു. ഇല്ലേ...”

അപ്രതീക്ഷിതമായിരുന്നു മാണിക്യന്റെ ചോദ്യം. ദേവസഹായം ചെറുതായിട്ടൊന്നു നടുങ്ങി.

(തുടരും)

# അവസാനമില്ലാത്ത ഒരു യുദ്ധം



തോമസ് കുഴിഞ്ഞാലിൽ



ഒരാഴ്ചകൊണ്ട് യുക്രെയ്നെ കീഴടക്കാനുറച്ചു തുടങ്ങിയ ഏറ്റുമുട്ടൽ ഇക്കഴിഞ്ഞ ജൂൺ 24-ാം തീയതി നാലു മാസം പിന്നിട്ടു. ഈ വർഷം ഫെബ്രുവരി 24-ാം തീയതി മൂന്നു ദിക്കുകളിൽനിന്നും യുക്രെയ്നിലേക്കിരച്ചുകയറിയ റഷ്യൻ സൈന്യം അവസാനിക്കാത്ത ഒരു യുദ്ധത്തിനാണു തുടക്കം കുറിക്കുന്നതെന്ന് സ്വപ്നേപി കരുതിയിട്ടുണ്ടാകില്ല.

റഷ്യ-യുക്രെയ്ൻ യുദ്ധം അടുത്തെങ്ങും അവസാനിക്കുകയില്ലെന്നും വർഷങ്ങൾ നീണ്ടു നിന്നേക്കാമെന്നും നാറ്റോയുടെ സെക്രട്ടറി ജനറൽ ജെൻസ് സ്റ്റോൾട്ടെൻബെർഗ് അഭിപ്രായപ്പെട്ടത് അടുത്ത നാളുകളിലാണ്. തന്റെ രാജ്യത്തിന്റെ ഒരിഞ്ചു ഭൂമിപോലും ശത്രുരാജ്യത്തിനു വിട്ടുനൽകില്ലെന്ന യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കിയുടെ പ്രഖ്യാപനത്തോടു പ്രതികരിക്കുകയായിരുന്നു സ്റ്റോൾട്ടെൻബെർഗ്.

അതിനിടെ, ജർമനിയിൽ ചേർന്ന ജി 7 ഉച്ചകോടിയിൽ യുക്രെയ്നു പിന്നിൽ ഉറച്ചുനില്ക്കുമെന്ന് ഏഴു സമ്പന്നരാജ്യങ്ങളും യുക്രെയ്ന് ഉറപ്പു നൽകി. രണ്ടു ദിവസം നീണ്ടുനിന്ന ചർച്ചകൾക്കൊടുവിൽ പുറപ്പെടുവിച്ച സംയുക്തപ്രസ്താവന ഇപ്രകാരമായിരുന്നു: "ഞങ്ങൾ ഇതുവരെ യുക്രെയ്നു നൽകിക്കൊണ്ടിരുന്ന സാമ്പത്തികവും സൈനികവും മനുഷ്യത്വപരവും നയതന്ത്രപരവുമായ പിന്തുണ തുടരാനാണു തീരുമാനിച്ചത്. യുദ്ധം എന്നുവരെ തുടരുമോ അന്നുവരെ ഞങ്ങൾ യുക്രെയ്നൊപ്പം ഉറച്ചുനില്ക്കും" കാനഡ, ഫ്രാൻസ്, ജർമനി, ഇറ്റലി, ജപ്പാൻ, യു.കെ., യു.എസ്. തുടങ്ങിയ വൻശക്തിരാഷ്ട്രങ്ങൾക്കുപുറമെ ഇന്ത്യ, ഇന്തോനേഷ്യ, അർജന്റീന, സെനഗൽ, സൗത്ത് ആഫ്രിക്ക എന്നീ രാജ്യങ്ങളും ഉച്ചകോടിയിൽ പങ്കാളികളായി. അടുത്ത നാളുകളിലെ മാറിവന്ന സാഹചര്യങ്ങളിൽ ഇന്ത്യയുടെ ആഗോള പ്രാധാന്യം, 2019 മുതലുള്ള ജി 7 ഉച്ചകോടിയിലെ ഇന്ത്യയുടെ സജീവസാന്നിധ്യംകൊണ്ടു തെളിയിക്കാനായി. ജി 7 രാജ്യങ്ങളുൾപ്പെട്ട ജി 20 ഗ്രൂപ്പിന്റെ അധ്യക്ഷസ്ഥാനം ഈ വർഷാവസാനം ഏറ്റെടുക്കാനും ഇന്ത്യ തയ്യാറാടെക്കുകയാണ്.

### യുദ്ധം തുടരുന്നു

ആഴ്ചകൾ നീണ്ടുനിന്ന പോരാട്ടത്തിനൊടുവിൽ ഒരു ലക്ഷത്തിലേറെ ജനസംഖ്യയുണ്ടായിരുന്ന സെവേറോഡോണെറ്റ്സ്കും ഇരട്ടനഗരമായ ലിസിചാൻസ്കും സ്ഥിതി ചെയ്യുന്ന വ്യവസായമേഖല പൂർണമായും റഷ്യയുടെ നിയന്ത്രണത്തിലായി. ഇതോടെ, ലുഹാൻസ്കും ഡോണെറ്റ്സ്കും ഉൾപ്പെടുന്ന ഡോൺബാസ് പ്രവിശ്യയുടെ 90 ശതമാനവും കീഴടക്കിക്കഴിഞ്ഞുവെന്നാണു വാർത്ത. ജി 7 ഉച്ചകോടിയിൽ പങ്കെടുത്ത രാഷ്ട്രത്തലവന്മാരുമായി വീഡിയോ ലിങ്കിലൂടെ രണ്ടു മണിക്കൂർ സംവദിച്ചശേഷം യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി വെളിപ്പെടുത്തിയതിങ്ങനെയായിരുന്നു: "സെവേറോഡോണെറ്റ്സ്കിലെയും ലിസിചാൻസ്കിലെയും അവസ്ഥ പരമദയനീയമാണ്. വേദനാജനകമായ നഷ്ടങ്ങളാണ് ഞങ്ങൾ നേരിടുന്നത്. ഒരു ദിവസം 200 സൈനികരാണ് ജീവത്യാഗം ചെയ്യുന്നത്. പക്ഷേ, ഞങ്ങൾ ഭഗ്നാശരല്ല. നിർണായകമായ ഒരു ഘട്ടത്തിലേക്കു യുദ്ധം എത്തിപ്പെട്ടിരിക്കുന്നു. പത്തുപേർക്ക് ഒന്ന് എന്ന നിലയിലാണ് യുദ്ധം മുന്നോട്ടുപോകുന്നത്. ആയുധങ്ങൾ തന്ന് ഞങ്ങളെ സഹായിക്കണമെന്നാണ് യൂറോപ്യൻ യൂണിയൻ രാജ്യങ്ങളോടും നാറ്റോ അംഗങ്ങളോടും ഞങ്ങൾക്ക് അപേക്ഷിക്കാനുള്ളത്." ഉച്ചകോടിയിൽ പങ്കെടുത്ത ജർമൻ ചാൻസലർ ഒലാഫ് ഷോൾസും ഫ്രഞ്ചുപ്രസിഡന്റ് ഇമ്മാനുവൽ മക്രോണും വിമാനവേധ തോക്കുകൾ അടക്കമുള്ള യുദ്ധോപകരണങ്ങൾ നല്കുമെന്നു വാഗ്ദാനം ചെയ്തു. 169 കോടി യു.എസ്. ഡോളറിനുള്ള അത്യാന്താധുനിക സ്റ്റിംഗർ മിസൈലുകൾ നല്കാനുള്ള കരാറിലാണ് യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ ഒപ്പിട്ടത്. മേയ്മാസം നൽകിയ 4,000 കോടി യുഎസ് ഡോളറിന്റെ ആയുധങ്ങൾക്കു പുറമേയാണിത്.

അസോവ് കടൽത്തീരത്തെ മരിയുപോൾ, മരിറ്റപോൾ തുറമുഖനഗരങ്ങളും കരിങ്കടൽത്തീരത്തെ ഖെർസൻ തുറമുഖവും നഷ്ടപ്പെട്ടെങ്കിലും പ്രത്യാശ കൈവിടാത്ത സെലെൻസ്കിയുടെ ആത്മധൈര്യമാണ് ഒരു വൻശക്തിരാഷ്ട്രത്തോടു പൊരുതിനില്ക്കാൻ യുക്രെയ്ൻ ജനതയ്ക്കു പ്രേരണ നല്കുന്നത്. തലസ്ഥാനനഗരമായ കീവിൽനിന്നും രണ്ടാമത്തെ വലിയ നഗരമായ ഖാർക്കീവിൽനിന്നും ശത്രുസൈന്യത്തെ തോല്പിച്ചോടിച്ചതിന്റെ ആത്മവിശ്വാസവും അവർക്കുണ്ട്.

ഡോൺബാസ് പ്രവിശ്യയുടെ സമ്പൂർണവിമോചനമാണ് തങ്ങളുടെ ആത്യന്തിക ലക്ഷ്യമെന്നാണ് റഷ്യൻ വിദേശകാര്യമന്ത്രി സെർജിലാവ്റോവ് ഏറ്റവുമൊടുവിൽ പ്രഖ്യാപിച്ചത്. ഈ ലക്ഷ്യം മുൻനിറുത്തി കിഴക്കൻമേഖലയിലേക്കു കൂടുതൽ സേനയും ആയുധങ്ങളും എത്തിച്ചതായും വാർത്തയുണ്ട്.

ഒരു ആണവയുദ്ധം തടയുന്നതിനാണ് തങ്ങൾ മുൻഗണന നല്കുന്നതെന്നും ലാവ്റോവ് പറയുന്നുണ്ടെങ്കിലും ലിസിചാൻസ്കിലെത്തിയ്ക്കുന്ന സൈന്യത്തെ പടിഞ്ഞാറൻപ്രദേശങ്ങളിലേക്കു വിന്യസിച്ച് യുദ്ധം വ്യാപിപ്പിക്കാനാണ് സൈനികനേതൃത്വം പദ്ധതിയിടുന്നത്. 1930 ൽ സോവിയറ്റ് ഭരണകാലത്ത്




ജന്മംകൊണ്ട ലിസിചാൻസ്ക് വ്യവസായനഗരം രണ്ടാംലോകമഹായുദ്ധകാലത്ത് ജർമൻസൈന്യം പിടിച്ചെടുത്തെങ്കിലും 1943 ഫെബ്രുവരി ഒന്നാം തീയതി സോവിയറ്റ് യൂണിയൻ തിരിച്ചുപിടിച്ച ചരിത്രവുമുണ്ട്. യൂറോപ്പിലെ ഏറ്റവും വലിയ രാസവളനിർമാണക്കമ്പനിയായ അസോട്ട് കോർപ്പറേഷന്റെ ആസ്ഥാനനഗരവുമാണ് ലിസിചാൻസ്ക്. യുക്രെയ്നിലെ രാസവളത്തിന്റെ 22 ശതമാനവും ഉത്പാദിപ്പിക്കുന്നത് ഈ വ്യവസായ ശൃംഖലയാണ്.

കരിങ്കടൽത്തീരത്തെ ഒഡേസ തുറമുഖത്തും അവിടെയുള്ള ജനവാസമേഖലയിലും ഈ മാസം ഒന്നാം തീയതി റഷ്യ നടത്തിയ മിസൈലാക്രമണങ്ങളിൽ 19 പേർക്കാണ് ജീവഹാനി നേരിട്ടത്. ഒൻപതും പതിന്നാലും നിലകളുള്ള രണ്ടു പാർപ്പിടസമുച്ചയങ്ങളാണ് മിസൈലുകൾ തകർത്തത്. കരിങ്കടലിലുള്ള തന്ത്രപ്രധാനമായ സ്നേക് ഐലന്റിൽ നിന്നു റഷ്യൻപടയെ തുരത്തിയതിനുള്ള പക തീർക്കുകയായിരുന്നുവെന്നും കരുതപ്പെടുന്നു. ലോകത്ത് ഏറ്റവുമധികം ഗോതമ്പുത്പാദിപ്പിക്കുന്ന രാജ്യങ്ങളിലൊന്നായ യുക്രെയ്നിൽനിന്നുള്ള കയറ്റുമതിയിൽ ഭൂരിഭാഗവും ഒഡേസ തുറമുഖത്തുനിന്നു സ്നേക് ഐലന്റ് തീരംവഴിയാണ് കടന്നുപോകുന്നത്.

### വരാൻ പോകുന്നത് ആഗോളഭക്ഷ്യക്ഷാമം

ലോകം വലിയ ഭക്ഷ്യക്ഷാമത്തിലേക്കാണു നീങ്ങുന്നതെന്ന് ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് മുന്നറിയിപ്പു നല്കി. ഈ വർഷത്തെ പ്രതിസന്ധികളുടെ തിക്തഫലം പ്രതിഫലിക്കുന്നത് വരുംവർഷങ്ങളിലായിരിക്കുമെന്നാണ് അദ്ദേഹം പ്രവചിക്കുന്നത്. കാലാവസ്ഥാവ്യതിയാനം, കൊവിഡ് രോഗവ്യാപനം, മറ്റു മാരകരോഗങ്ങൾ, ഭക്ഷ്യവസ്തുക്കളുടെ ഉത്പാദന/വിപണന/വിതരണരംഗങ്ങളിലെ അസന്തുലിതാവസ്ഥ തുടങ്ങിയ പ്രശ്നങ്ങൾക്കുപുറമേ യുക്രെയ്ൻ യുദ്ധവുംകൂടി ചേർന്നതാണ് പ്രതിസന്ധി മൂർച്ഛിക്കാൻ കാരണമാകുന്നത്. യുക്രെയ്നിൽ 20 ലക്ഷം ടൺ ഗോതമ്പാണ് കയറ്റുമതി ചെയ്യാനാകാതെ കെട്ടിക്കിടക്കുന്നത്. അവിടെനിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ കരമാർഗവും കരിങ്കടൽത്തീരത്തുള്ള തുറമുഖങ്ങൾവഴിയും പുറത്തെക്കെത്തിക്കാനുള്ള തീവ്രശ്രമങ്ങൾ തുടരുകയാണ്. പ്രശ്നങ്ങൾ എത്രയുംവേഗം പരിഹരിക്കാനായില്ലെങ്കിൽ ഏഷ്യയിലെയും ആഫ്രിക്കയിലെയും ദരിദ്രരാജ്യങ്ങളിൽ ഭക്ഷ്യക്ഷാമം രൂക്ഷമാകും." ഗുട്ടറെസ് പറഞ്ഞു.

ദിവസങ്ങൾ കഴിയുംതോറും സങ്കീർണമാകുന്ന റഷ്യ-യുക്രെയ്ൻ യുദ്ധം പുറത്തേക്കു വ്യാപിക്കരുതേയെന്ന പ്രാർത്ഥനയോടെയാണ് ഓരോ പ്രഭാതത്തിലും ഉണരുന്നത്. റഷ്യ കൈവശപ്പെടുത്തിയ പ്രദേശങ്ങൾ വിട്ടുകൊടുത്തിട്ടാണെങ്കിലും യുദ്ധം അവസാനിപ്പിക്കണമെന്ന് ജർമനി, ഫ്രാൻസ്, ഇറ്റലി എന്നീ രാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാർ സെലെൻസ്കിയോട് അഭ്യർത്ഥിച്ചതായും വാർത്തയുണ്ടായിരുന്നു. ഒരു ചെറിയ പ്രദേശം കൈവശപ്പെടുത്തുന്നതിന് ഒരു രാജ്യം മുഴുവൻ തീയിട്ടു നശിപ്പിച്ചത് ഉചിതമായ തീരുമാനമായിരുന്നില്ലെന്നും, ഉഭയകക്ഷിചർച്ചകളിലൂടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുകയായിരുന്നു വേണ്ടിയിരുന്നതെന്നും വിലയിരുത്തുന്ന രാഷ്ട്രീയനിരീക്ഷകരുണ്ട്.

■

Deepanalam Weekly

RNI No : 16998/68
Vol. 55 No. 19 Date of Publication 7 July 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# UGC അംഗീകൃത യൂണിവേഴ്സിറ്റി
# പാരാമെഡിക്കൽ കോഴ്സുകൾ
# കോട്ടയത്തും പാലായിലും

അഡ്മിഷൻ തുടരുന്നു





LAB, X-Ray, CT, MRI, Radiology

DMLT, BVoc MLT, BSc RIT, BSc MLT, DRIT, BVoc RIT

**Diploma & Degree Courses**

ഹോസ്റ്റൽ സൗകര്യം, ബസ് കൺസഷൻ
യൂണിഫോം, കുറഞ്ഞ ഫീസ് & Excellent Coaching



പ്രമുഖ ഹോസ്പിറ്റലുകളിലും മെഡിക്കൽ കോളേജുകളിലും സ്കാനിംഗ് സെന്ററുകളിലും ലാബുകളിലും പരിശീലനം

H.O: - **S.H. സ്കൂൾ ഓഫ് മെഡിക്കൽ സയൻസ്**
നാഗമ്പടം ബസ് സ്റ്റാന്റിനു സമീപം, **കോട്ടയം**

PH: 99462 999 68
99462 999 78

**S.H. സ്കൂൾ ഓഫ് മെഡിക്കൽ സയൻസ്**
ചെറുപുഷ്പം ടവർ
സിവിൽ സ്റ്റേഷന് എതിർവശം, **പാലാ**

## ST. MARY'S ENGINEERING INSTITUTE

Recognised Under DTE, Govt. of Kerala
KRISHNA, EDAMATTOM ROAD, MURIKKUMPUZHA,
PALA-686575, KOTTAYAM DT.
ESTD: 1963

**2022 – 23 അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

കേരള ഗവ. റഗുലർ/ഈവനിംഗ് എൻജിനീയറിംഗ് കോഴ്സുകൾ

1. സിവിൽ എൻജിനീയറിംഗ്
2. മെക്കാനിക്കൽ എൻജിനീയറിംഗ്
3. ഇലക്ട്രിക്കൽ എൻജിനീയറിംഗ്
4. ഓട്ടോമൊബൈൽ എൻജിനീയറിംഗ്
5. റഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് എൻജിനീയറിംഗ്
6. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിഗ്

പ്രോസ്പെക്ടസിന് Rs. 150/-

കോഴ്സ് നിബന്ധനകൾ

1. എസ്.എസ്.എൽ.സി. ജയിച്ചതോ, പ്ലസ്ടു (ജയിച്ചതോ/തോറ്റതോ)വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈവനിംഗ്/ മോർണിംഗ് ക്ലാസുകളുടെ കാലാവധി 2 വർഷമാണ്. ഈവനിംഗ് ക്ലാസുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല.
2. ഈവനിംഗ് കോഴ്സുകളുടെ സമയം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെയായിരിക്കും.
3. ഇന്റർനാഷണൽ കമ്പനികളുടെ ക്യാമ്പസ് ഇന്റർവ്യൂ സെലക്ഷൻ.
4. സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അറ്റൻഡർ, പ്യൂൺ, ലാബ് അസിസ്റ്റന്റ് തുടങ്ങി എല്ലാ 4-ാം ഗ്രേഡ് ജീവനക്കാർക്കും അതത് സ്ഥാപനത്തിന്റെ മേധാവി അനുവദിക്കുന്ന എൻ.ഒ.സി., പ്രവൃത്തിപരിചയസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സായാഹ്നക്ലാസിൽ പ്രവേശനം നൽകുന്നത്.
5. SC/ST/OEC വിഭാഗങ്ങൾക്ക് ഗവ. ആനുകൂല്യങ്ങൾ ലഭ്യമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾക്കും വിദേശജോലികൾക്കും സ്വയംതൊഴിൽ നേടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ ഇടമറ്റം റോഡിൽ മുരിക്കുംപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടോ താഴെ പറയുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

എല്ലാ കോഴ്സുകളിലും പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നു

*K. UNNIKRISHNAN NAIR*
*CHAIRMAN*
*PH: 9447809605, 04822-212795*

*S. SREEKUMARY M.Sc.*
*PRINCIPAL*
*PH: 9447869882, 04822-214132*

## കൊട്ടത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



## മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:

## മൂഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, **പാലാ.**
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org